DIET
KANNUR




# STEPS-2022

**എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കുള്ള പഠന സഹായി**

## സാമൂഹ്യ ശാസ്ത്രം

# ആമുഖം

സാമൂഹ്യ ശാസ്ത്ര വിഷയത്തിൽ പിന്നാക്കക്കാരായ കുട്ടികൾക്കടക്കം വ്യക്തമായ ആശയ ധാരണ ലഭിക്കുന്ന രീതിയിൽ ലളിതമായാണ് STEPS പഠന സഹായി ഒരുക്കിയിരിക്കുന്നത്. SSLC പൊതു പരീക്ഷയെഴുതുന്ന വിദ്യാർഥികൾക്ക് B+ ഗ്രേഡിനു മുകളിലെത്തുന്നതിനാവശ്യമായ വിധത്തിൽ പഠന വിഭവങ്ങൾ, വിലയിരുത്തൽ ചോദ്യങ്ങൾ എന്നിവ തയ്യാറാക്കിയിരിക്കുന്നു.

മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി കാരണം പഠന ദിനങ്ങൾ പരിമിതമായേ ലഭിക്കുന്നുള്ളൂ. പൊതു പരീക്ഷക്ക് ഊന്നൽ നൽകേണ്ട പാഠ ഭാഗങ്ങൾ മുൻനിർത്തി കൊണ്ടാണ് Steps ന്റെ ഘടനയും . ഫോക്കസ് ഏറിയയിൽ നിന്ന് 70 % ചോദ്യങ്ങളും, നോൺ ഫോക്കസ് ഏറിയയിൽ നിന്ന് 30 % ചോദ്യങ്ങളും ഉൾപ്പെടുത്തിയുള്ള ചോദ്യഘടനക്ക് അനുസൃതമായ നിലയിലാണ് പഠന വിഭവങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ഓരോ യൂനിറ്റിലെയും ഫോക്കസ് ഏരിയയിലെ ഭാഗങ്ങൾ പാർട്ട് A യിലും,
നോൺ ഫോക്കസ് ഏരിയയിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ പാർട്ട് B യിലും ഉൾപ്പെടുത്തി.
വിവിധ തരത്തിലുള്ള ചോദ്യങ്ങൾ ഓരോ യൂനിറ്റിന്റെ അവസാന ഭാഗത്ത് വിലയിരുത്തൽ ചോദ്യങ്ങളായും നൽകിയിട്ടുണ്ട്.

പരിമിതമായ പഠനാനുഭവങ്ങളും വിദ്യാർഥികൾ നേരിടുന്ന മാനസിക സമ്മർദ്ദവും മുന്നിൽ കണ്ടു കൊണ്ട് സുഗമവും , ലളിതവുമായ പഠന തന്ത്രങ്ങൾ സ്വീകരിച്ച് സാധ്യതാ ചോദ്യങ്ങളെ പരിചയപ്പെട്ട് കുട്ടികളുടെ സ്വയം പഠനത്തെ പ്രോൽസാഹിപ്പിക്കാനുതകുന്ന നിലയിൽ  തയ്യാറാക്കിയ ഈ മൊഡ്യൂളിനെ അധ്യാപകരും  വിദ്യാർഥികളും ഫലപ്രദമായി വിനിയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സാമൂഹ്യ ശാസ്ത്രം I

**1.** ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

**2.** ലോകം ഇരുപതാം നൂറ്റാണ്ടിൽ

**3.** പൊതു ഭരണം

**4.** ബ്രിട്ടീഷ് ചൂഷണവും ചെറുത്ത് നിൽപ്പും

**5.** സംസ്കാരവും ദേശീയതയും

**6.**സമരവും സ്വാതന്ത്ര്യവും

**7.**സ്വാതന്ത്ര്യാനന്തര ഇന്ത്യ

**8.** കേരളം ആധുനികതയിലേക്ക്

**9.** രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

**10.** പൗരബോധം

**11.** സമൂഹ ശാസ്ത്രം എന്ത് ? എന്തിന് ?

## സാമൂഹ്യ ശാസ്ത്രം II

1 ഋതുഭേദങ്ങളും സമയവും
2 കാറ്റിന്റെ ഉറവിടം തേടി
3. മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ
4 ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ
5 പൊതുചെലവും പൊതുവരുമാനവും
6 ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും
7 വൈവിധ്യങ്ങളുടെ ഇന്ത്യ
8 ഇന്ത്യ - സാമ്പത്തിക ഭൂമിശാസ്ത്രം

# 9 ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും
# 10 ഉപഭോക്താവ് : സംതൃപ്തിയും സംരക്ഷണവും

**CH - 1**

## ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

PART A

പ്രധാന ആശയങ്ങൾ

- ➔ അമേരിക്കൻ സ്വാതന്ത്ര്യസമരം
- ➔ ഫ്രഞ്ച് വിപ്ലവം
- ➔ റഷ്യൻ വിപ്ലവം

**അമേരിക്കൻ സ്വാതന്ത്ര്യസമരം**

അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന് പ്രചോദനം നൽകിയ ചിന്തകരും അവരുടെ ആശയങ്ങളും

➔ ജെയിംസ് ഓട്ടിസ് - പ്രാതിനിധ്യമില്ലാതെ നികുതിയില്ല.

➔ ജോൺ ലോക്ക് - മനുഷ്യന് ചില മൗലിക അവകാശങ്ങൾ ഉണ്ട് , അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും

അവകാശമില്ല.

➔ തോമസ് പെയിൻ - ഏതെങ്കിലും വിദേശ ശക്തിക്ക് ഈ വൻകര ദീർഘകാലം കീഴടക്കി കഴിയണമെന്ന് യുക്തിക്ക്

നിരക്കുന്നതല്ല.

മെർക്കന്റലിസം - മാതൃരാജ്യമായ ഇംഗ്ലണ്ടിനെ സഹായത്താൽ കച്ചവടക്കാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ

വാണിജ്യനയം ആണ് മെർകന്റലിസം.

മെർക്കന്റലിസ്റ്റ് നിയമങ്ങൾ

- ➢ കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടു പോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ
- ➢ കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ ആയിരിക്കണം.
- ➢ കോളനികളിൽ ഉൽപ്പാദിപ്പിക്കുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില എന്നിവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
- ➢ കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാനപത്രങ്ങൾ, ലഘുലേഖകൾ ലൈസൻസുകൾ എന്നിവയിൽ ഇംഗ്ലണ്ടിന്റെ മുദ്ര പതിപ്പിക്കണം.
- ➢ കോളനികളിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലീഷ് സൈന്യത്തിന് താമസസൗകര്യവും അത്യാവശ്യ സൗകര്യങ്ങളും കോളനിക്കാർ നൽകണം.

- ➢ കോളനികളിൽ ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതിച്ചുങ്കം നൽകണം

**ഫിലാഡൽഫിയ സമ്മേളനങ്ങൾ - കോണ്ടിനെന്റൽ കോൺഗ്രസ്**

1774 - ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്

• വ്യവസായങ്ങൾക്കും വ്യാപാരത്തിനും മേലുള്ള നിയന്ത്രണങ്ങൾ നീക്കുക

• കോളനിക്കാരുടെ അംഗീകാരമില്ലാതെ നികുതി ചുമത്തരുത് എന്നീ ആവശ്യങ്ങളുന്നയിച്ച് രാജാവിന് നിവേദനം നൽകി

1775 - രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്

• ജോർജ് വാഷിംഗ്ടനെ സംയുക്ത സൈനികതലവൻ ആക്കി

• തോമസ് പെയിൻ കോമൺസെൻസ് എന്ന ലഘുലേഖ പ്രസിദ്ധീകരിച്ചു

1776 - മൂന്നാം കോണ്ടിനെന്റൽ കോൺഗ്രസ്

- തോമസ് ജഫേഴ്സൺ, ബെഞ്ചമിൻ ഫ്രാങ്ക്ലിൻ എന്നിവർ സ്വാതന്ത്ര്യപ്രഖ്യാപനം തയ്യാറാക്കുകയും ജൂലൈ നാലിന് പ്രഖ്യാപിക്കുകയും ചെയ്തു

പിൽക്കാല ലോക ചരിത്രത്തിൽ അമേരിക്കൻ സ്വാതന്ത്ര്യസമരം ചെലുത്തിയ സ്വാധീനങ്ങൾ

• പിൽക്കാല സ്വാതന്ത്ര്യസമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി

• റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം നൽകി

• ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി

• സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യവും അധികാരവും നൽകുന്ന ഫെഡറൽ റിപ്പബ്ലിക് എന്ന ആശയം സംഭാവന നൽകിഫ്രഞ്ച് വിപ്ലവം

ഫ്രഞ്ച് സമൂഹം

ഒന്നാം എസ്റ്റേറ്റ് - പുരോഹിതന്മാർ

◎ ഭൂപ്രദേശം കൈവശം വെച്ചു.

◎ കർഷകരിൽ നിന്നും തിഥെ എന്ന നികുതി പിരിച്ചു.

◎ നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടു.

◎ ഭരണത്തിലും സൈന്യത്തിലും ഉന്നതപദവി.

രണ്ടാം എസ്റ്റേറ്റ് - പ്രഭുക്കൾ

- സൈനിക സേവനം നടത്തി.
- കർഷകരിൽ നിന്നും നികുതി പിരിച്ചു.
- വേതനം ഇല്ലാതെ കർഷകരെ കൊണ്ട് പണിയെടുപ്പിച്ചു.
- നികുതി വിമുക്തർ.

ആഡംബര ജീവിതം നയിച്ചു.

മൂന്നാം എസ്റ്റേറ്റ് - കർഷകർ, കച്ചവടക്കാർ, എഴുത്തുകാർ, അധ്യാപകർ തുടങ്ങിയവർ

➢ ഭരണത്തിൽ അവകാശമില്ല.

➢ തൈലേ എന്ന നികുതി സർക്കാരിന് നൽകി.

➢ താഴ്ന്ന സാമൂഹ്യപദവി.

➢ പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും നികുതി നൽകി.

ഫ്രഞ്ച് വിപ്ലവത്തെ സ്വാധീനിച്ച ചിന്തകരും ആശയങ്ങളും

**വോൾട്ടയർ**

- പുരോഹിത ചൂഷണത്തെ പരിഹസിച്ചു
- യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു

**റൂസോ**

• സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് , സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം

• ജനങ്ങളാണ് പരമാധികാരി

**മൊണ്ടസ്ക്യൂ**

• ജനാധിപത്യത്തിനെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു.

• ഗവൺമെന്റിനെ നിയമനിർമ്മാണം, കാര്യനിർവ്വഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചു.

**ടെന്നിസ് കോർട്ട് പ്രതിജ്ഞ**

മൂന്ന് എസ്റ്റേറ്റുകളിലെയും ഓരോ അംഗത്തിനും വോട്ടവകാശം വേണമെന്നാവശ്യപ്പെട്ട മൂന്നാം എസ്റ്റേറ്റുകാർ (കോമൺസ് )

ഫ്രാൻസിനായി ഭരണഘടന തയ്യാറാക്കിയതിനുശേഷം മാത്രമേ പിരിയുകയുള്ളൂ എന്ന് തൊട്ടടുത്ത ടെന്നിസ് കോർട്ടിൽ വെച്ച് പ്രതിജ്ഞ ചെയ്തു.

**ഫ്രഞ്ച് വിപ്ലവത്തിലെ പ്രധാന സംഭവങ്ങൾ**

- 1789 ജൂലൈ 14 - ബാസ്റ്റിൽ ജയിൽ തകർത്തു, ഫ്രഞ്ച് വിപ്ലവത്തിന്റെ ആരംഭം.
- 1789 ആഗസ്റ്റ് 12 - ദേശീയ അസംബ്ലി മനുഷ്യാവകാശ പ്രഖ്യാപനം പാസാക്കി.
- 1789 ഒക്ടോബർ - പാരിസ് നഗരത്തിൽ സ്ത്രീകൾ വേഴ്സായി കൊട്ടാരത്തിലേക്ക് പ്രകടനം നടത്തി.
- 1792 സെപ്റ്റംബർ - ദേശീയ കൺവെൻഷൻ ഫ്രാൻസിനെ റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു.

**ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം**

◎ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയത്തിന്റെ പ്രചരണം.

◎ പിൽക്കാലത്ത് ലോകത്തുണ്ടായ വിപ്ലവങ്ങൾക്ക് ആവേശം പകർന്നു.

◎ യൂറോപ്പിൽ ഫ്യൂഡൽവ്യവസ്ഥയുടെ അന്ത്യം കുറിച്ചു.

◎ സ്വേച്ഛാധിപത്യഭരണകൂടങ്ങൾക്ക് ഭീഷണിയായി.◎ രാജ്യം എന്നാൽ പ്രദേശം അല്ല അവിടുത്തെ ജനങ്ങൾ ആണ് എന്ന പ്രഖ്യാപനം

◎ ജനകീയ പരമാധികാരം എന്ന ആശയം സംഭാവന ചെയ്തു

◎ ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി

◎ മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു

**നെപ്പോളിയന്റെ പരിഷ്കാരങ്ങൾ**

- കർഷകരെ കൃഷിഭൂമിയുടെ ഉടമകൾ ആക്കി.

● പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് രൂപീകരിച്ചു .

● ഗതാഗത പുരോഗതിക്കായി റോഡുകൾ നിർമ്മിച്ചു .

● പുരോഹിതന്മാരുടെ മേൽ രാജ്യത്തിന്റെ നിയന്ത്രണമേർപ്പെടുത്തി.

● സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ബാങ്ക് ഓഫ് ഫ്രാൻസ് രൂപീകരിച്ചു.

● നിയമങ്ങൾ ക്രോഡീകരിച്ചു .

● പുതിയ നിയമസംഹിത ഉണ്ടാക്കി.

## റഷ്യൻ വിപ്ലവം

റഷ്യൻ വിപ്ലവത്തെ സ്വാധീനിച്ച ചിന്തകൻമ്മാരും സാഹിത്യകാരന്മാരും

● സാഹിത്യകാരന്മാർ – മാക്സിംഗോർക്കി, ലിയോ ടോൾസ്റ്റോയ് , ഇവാൻ തുർഗനേവ് , ആന്റൺ ചെക്കോവ്

● ചിന്തകന്മാർ - കാൾ മാർക്സ് , ഫ്രെഡറിക് ഏംഗൽസ്

● ബോൾഷെവിക്കുകൾക്ക് നേതൃത്വം നൽകിയവർ - ലെനിൻ, ട്രോട്സ്കി

● മെൻഷവിക്ക് - അലക്സാണ്ടർ കെരൻസ്കി

രക്തരൂക്ഷിതമായ ഞായറാഴ്ച

● രാഷ്ട്രീയ അവകാശങ്ങളും സാമ്പത്തിക പരിഷ്കാരങ്ങളും ആവശ്യപ്പെട്ട് 1905 ജനവരി ഒൻപതിന് പെട്രോഗ്രാഡിൽ
നടത്തിയ പ്രകടനത്തെ പട്ടാളം തോക്കുകൊണ്ട് നേരിടുകയും നൂറുകണക്കിന് തൊഴിലാളികൾ കൊല്ലപ്പെടുകയും ചെയ്തു
ഇതാണ് രക്തരൂക്ഷിതമായ ഞായറാഴ്ച.

ഫെബ്രുവരി വിപ്ലവം

● ഒന്നാം ലോകയുദ്ധത്തിൽ റഷ്യ പങ്കെടുക്കുകയും 1917 ആയപ്പോഴേക്കും ഭക്ഷ്യദൗർലഭ്യം രൂക്ഷമാവുകയും ചെയ്തു.

● മാർച്ച് എട്ടിന് ആയിരക്കണക്കിന് സ്ത്രീകൾ റൊട്ടിക്ക് വേണ്ടി പ്രകടനം നടത്തി.

● തൊഴിലാളികളും സൈനികരും പ്രക്ഷോഭത്തിൽ പങ്കാളികളായി.

● പെട്രോഗ്രാഡ് പട്ടണം പിടിച്ചെടുത്തു.

● നിക്കോളസ് രണ്ടിനെ പുറത്താക്കി.

● അലക്സാണ്ടർ കെരൻസ്കിയുടെ നേതൃത്വത്തിൽ താൽക്കാലിക ഗവൺമെന്റ് രൂപീകരിച്ചു

ഒക്ടോബർ വിപ്ലവം

ഒന്നാം ലോകയുദ്ധത്തിൽ നിന്നും റഷ്യ പിന്മാറുക,

പ്രഭുക്കന്മാരുടെ ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യുക,

ഫാക്ടറികൾ ജനങ്ങളുടെ പൊതു സ്വത്താക്കി മാറ്റുക,

എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ഒക്ടോബറിൽ ബോൾഷെവിക്കുകൾ നടത്തിയ വിപ്ലവം.
ലെനിൻ അധ്യക്ഷനായി കേബിനറ്റ് രൂപീകരിച്ചു
റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ

- ഒന്നാം ലോകയുദ്ധത്തിൽ നിന്നും റഷ്യ പിന്മാറി
- ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു
- പൊതു ഉടമസ്ഥതയ്ക്ക് പ്രാധാന്യം കൊടുത്തു
- കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി
- സാമ്പത്തിക ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ പുരോഗതി കൈവരിച്ചു'
- 1924 പുതിയ ഭരണഘടന നിലവിൽ വന്നു
- യു എസ് എസ് ആർ രൂപീകരിച്ചു
- ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപകമായി

## PART B

പ്രധാന ആശയങ്ങൾ

- ലാറ്റിനമേരിക്കൻ വിപ്ലവം
- ചൈനയിലെ വിപ്ലവം

ലാറ്റിനമേരിക്കയിലെ കോളനിഭരണം ജനജീവിതത്തെ ബാധിച്ചതെങ്ങനെ?

- വിദേശ ഭാഷയും മതവും ആചാരവും പ്രചരിപ്പിച്ചു.
- സ്പാനിഷ് ശൈലിയിലുള്ള വീടുകൾ, ദേവാലയങ്ങൾ, വിദ്യാലയങ്ങൾ എന്നിവ സ്ഥാപിച്ചു.
- സ്പാനിഷ് കൃഷിരീതികളും കാർഷികവിളകളും നടപ്പിലാക്കി.
- യൂറോപ്യൻ രോഗങ്ങൾ ലാറ്റിനമേരിക്കയിൽ പടർന്നു.
- വംശീയ വിവേചനം പുലർത്തി.
- സമ്പത്തും വിഭവങ്ങളും കൊള്ളയടിച്ചു.

ലാറ്റിനമേരിക്കൻ വിപ്ലവത്തിന് നേതൃത്വം നൽകിയവർ

- ജോസെഡി സാൻ മാർട്ടിൻ
- ഫ്രാൻസിസ്കോ മീരാഡാ
- സൈമൺ ബൊളിവർ

ബോക്സർ കലാപം

- ചൈന ഭരിച്ചിരുന്ന മാഞ്ചു രാജവംശം വിദേശ ഇടപെടലിനെ അനുകൂലിച്ചപ്പോൾ 1900 ഇൽ ചില രഹസ്യ
സംഘടനകളുടെ നേതൃത്വത്തിൽ മുഷ്ടി ആയുധമാക്കി വിദേശികൾക്കെതിരെ നടത്തിയ കലാപം
- 1911 മാഞ്ചു രാജഭരണത്തിനെതിരെ ഡോക്ടർ സൺ യാത് സെന്റെ നേതൃത്വത്തിൽ കലാപം നടത്തി

• തുടർന്ന് കുമിന്താങ് പാർട്ടിയുടെ നേതൃത്വത്തിൽ റിപ്പബ്ലിക്കൻ ഭരണം

• ദേശീയത, ജനാധിപത്യം ,സോഷ്യലിസം എന്നീ ആശയങ്ങൾക്ക് പ്രാധാന്യം നൽകി ലോങ്ങ് മാർച്ച്

• ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് മാവോ സേ തുങ്ങിന്റെ നേതൃത്വത്തിൽ 1934 ഇൽ തെക്കൻ ചൈനയിലെ
കിയാങ്സിയിൽ നിന്ന് യാത്ര ആരംഭിച്ചു

• വടക്കുപടിഞ്ഞാറൻ യെനാനിൽ അവസാനിച്ചു

• കൃഷിഭൂമിയും ഗ്രാമങ്ങളും പ്രഭുക്കന്മാരിൽ നിന്നും പിടിച്ചെടുത്തു കർഷകർക്ക് നൽകി

• 12000 കിലോമീറ്റർ യാത്ര ചെയ്തു

1949 ഒക്ടോബർ ഒന്നിന് ചൈന ജനകീയ റിപ്പബ്ലിക്കായി

വിലയിരുത്തൽ ചോദ്യങ്ങൾ

1. പ്രാതിനിധ്യമില്ലാതെ നികുതിയില്ല എന്ന മുദ്രാവാക്യം ആരുടേതാണ് ?

(ജെയിംസ് ഓട്ടിസ്, ജോൺലോക്ക്, തോമസ് പെയിൻ)

2. ജോർജ് വാഷിംഗ് കോളനികളിലെ സംയുക്ത സൈനിക തലവൻ ആയി തിരഞ്ഞെടുത്ത കോണ്ടിനെന്റൽ കോൺഗ്രസ് നടന്ന

വർഷം?

(1774, 1775, 1776)

3. പുരോഹിതചൂഷണത്തെ ചോദ്യംചെയ്ത ഫ്രഞ്ച് ചിന്തകൻ?

(റൂസ്സോ, മോണ്ടെസ്ക്യൂ, വോൾട്ടയർ)

4. അമേരിക്കയുടെ ഭരണഘടന തയ്യാറാക്കിയത് ആരുടെ നേതൃത്വത്തിലാണ്?

(ജെയിംസ് മാഡിസൺ, ജോർജ് വാഷിംഗ്ടൺ , ജഫേഴ്സൺ)

5. ഞാനാണ് രാഷ്ട്രം എന്ന് പ്രഖ്യാപിച്ച ഭരണാധികാരി?

(ലൂയി 16 , മേരി അന്റോയിനറ്റ്, ലൂയി 14)

6. മെർകന്റലിസ്റ്റ് നിയമത്തിലെ ഏതെങ്കിലും നാല് വ്യവസ്ഥകൾ എഴുതുക.

7. അമേരിക്കൻ സ്വാതന്ത്ര്യസമരം ലോക ചരിത്രത്തിൽ ഉണ്ടാക്കിയ സ്വാധീനം

വിലയിരുത്തുക.

8. ടെന്നിസ് കോർട്ട് പ്രതിജ്ഞ എന്നാൽ എന്ത്?

9. ഫ്രഞ്ച് വിപ്ലവത്തിലേക്ക് നയിച്ച സാമൂഹിക സാമ്പത്തിക കാരണങ്ങൾ വിശദീകരിക്കുക.

10. തൊഴിലാളി വർഗ്ഗത്തിന്റെ വളർച്ച റഷ്യൻ വിപ്ലവത്തിന് സഹായകമായത്

എങ്ങനെയെന്ന് പരിശോധിക്കുക.11. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ ഏവ?

12. നെപ്പോളിയൻറെ പരിഷ്കാരങ്ങൾക്ക് ഫ്രഞ്ച് വിപ്ലവ ആശയങ്ങൾ പ്രചോദനമായി. ഈ പ്രസ്താവന സാധൂകരിക്കുക.

13. ലാറ്റിനമേരിക്കൻ വിപ്ലവത്തിന് നേതൃത്വം കൊടുത്തവർ ആരെല്ലാം?

14 ബോക്സർ കലാപം എന്നാൽ എന്ത് ?

15. മാവോ സേതുങ്ങിന്റെ ലോങ്ങ് മാർച്ച് സവിശേഷതകൾ വിശദീകരിക്കുക.

16. ചൈന ജനകീയ റിപ്പബ്ലിക്കായത് എപ്പോൾ?

CH - 2

# ലോകം ഇരുപതാം നൂറ്റാണ്ടിൽ

PART A

പ്രധാന ആശയങ്ങൾ

- ലോകമഹായുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും
- മുസ്സോളിനിയും ഫാഷിസവും
- ഹിറ്റ്ലറും നാസിസവും
- ഇരു ചേരികൾക്കും ഒരു ബദൽ ചേരി ചേരായ്മ

ഒന്നാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങൾ

• സാമ്രാജ്യത്വ രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങൾ

• യൂറോപ്യൻ രാജ്യങ്ങൾ തമ്മിൽ കോളനികൾക്ക് വേണ്ടി നടത്തിയ മത്സരങ്ങൾ

• സൈനിക സഖ്യങ്ങളുടെ രൂപീകരണം (ത്രികക്ഷി സഖ്യം, ത്രികക്ഷി സൗഹാർദ്ദം)

• തീവ്രദേശീയതയുടെ വളർച്ച (പാൻസ്ലാവ് , പാൻജർമ്മൻ, പ്രതികാര പ്രസ്ഥാനങ്ങൾ)

• സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ (മൊറോക്കൻ പ്രതിസന്ധിയും ബാൾക്കൻ പ്രതിസന്ധിയും)

• കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനാൻഡെ കൊലപാതകം

മുസോളിനിയും ഫാസിസവും

ഫാഷിസ്റ്റ് പാർട്ടി ഇറ്റലിയിൽ അധികാരത്തിൽ എത്താൻ ഇടയാക്കിയ സാഹചര്യങ്ങൾ

• ഒന്നാം ലോകയുദ്ധത്തിൽ വിജയികളുടെ കൂട്ടത്തിൽ പെട്ടിട്ടും ഇറ്റലിക്ക് കാര്യമായ നേട്ടങ്ങളൊന്നും ലഭിച്ചില്ല

• യുദ്ധാനന്തരം വ്യവസായങ്ങളുടെ തകർച്ച തൊഴിലില്ലായ്മ, നികുതി വർധനവ് , പണപ്പെരുപ്പം മുതലായവ ജനങ്ങളിൽ
എതിർപ്പുള്ളവാക്കി

• സോഷ്യലിസ്റ്റ് പാതയിലേക്ക് പോകുമോ എന്ന ഭീതി സമ്പന്ന വിഭാഗത്തെ ഫാസിസത്തോട് ചേർത്തുനിർത്തി

മുസോളിനിയുടെ ഫാസിസ്റ്റ് ഭരണത്തിന്റെ സവിശേഷതകൾ

● രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ സ്വേച്ഛാധിപത്യ നടപടികൾ

● അക്രമത്തിന്റെയും ഹിംസയുടെയും മാർഗ്ഗം സ്വീകരിച്ചു

● സോഷ്യലിസ്റ്റുകൾ, തൊഴിലാളി-കർഷക നേതാക്കൾ എന്നിവരെ രാഷ്ട്രത്തിന്റെ ശത്രുക്കളാക്കി പ്രഖ്യാപിച്ചു

● ഫാഷിസ്റ്റ് പാർട്ടിയെ എതിർത്തവരെ വധശിക്ഷക്ക് വിധേയരാക്കി

- കരിങ്കുപ്പായക്കാർ എന്ന സൈനിക വിഭാഗത്തെ ഉപയോഗിച്ച് എതിരാളികളെ അടിച്ചമർത്തി
- ആക്രമണോത്സുക വിദേശനയം സ്വീകരിച്ചു
- എത്യോപ്യ അൽബേനിയ എന്നീ രാജ്യങ്ങളെ ആക്രമിച്ചു

ഫാഷിസത്തിന്റെ സവിശേഷതകൾ

➢ ജനാധിപത്യത്തോടുള്ള വിരോധം

- ➢ സോഷ്യലിസത്തോടുള്ള എതിർപ്പ്
- ➢ രാഷ്ട്രത്തെ മഹത്വവൽക്കരിക്കൽ
- ➢ വംശ മഹിമ ഉയർത്തിപിടിക്കൽ
- ➢ യുദ്ധത്തെ മഹത്വവൽക്കരിക്കൽ
- ➢ തീവ്രദേശീയത പ്രചരിപ്പിക്കൽ
- ➢ ഭൂതകാലത്തെ പ്രകീർത്തിക്കൽ
- ➢ കലാ സാഹിത്യം വിദ്യാഭ്യാസം തുടങ്ങിയവയിലൂടെയുള്ള ആശയപ്രചരണം
- ➢ സൈനിക സ്വേച്ഛാധിപത്യം

**ഹിറ്റ്ലറും നാസിസവും**

ഹിറ്റ്ലറെ ജർമനിയിൽ അധികാരത്തിലേറാൻ സഹായിച്ച ഘടകങ്ങൾ

- ✔ ഒന്നാം ലോകയുദ്ധാനന്തരം ജർമനിയുടെ മേൽ അടിച്ചേൽപ്പിച്ച വേഴ്സായിസന്ധി
- ✔ സാമ്പത്തിക തകർച്ചയും പണപ്പെരുപ്പവും
- ✔ ജർമൻ ഭരണകൂടത്തിന്റെ പരാജയവും രാഷ്ട്രീയ അസ്ഥിരതയും

ഹിറ്റ്ലറുടെ ഭരണത്തിന്റെ സവിശേഷതകൾ

- ➢ സോഷ്യലിസ്റ്റുകൾ, കമ്മ്യൂണിസ്റ്റുകൾ, ജൂതർ, ജനാധിപത്യവാദികൾ എന്നിവരെ പൊതു ശത്രുക്കളായി കണ്ടു കൊന്നൊടുക്കി
- ➢ ജൂതരെ കൂട്ടക്കൊല ചെയ്യാൻ കോൺസെൻട്രേഷൻ ക്യാമ്പുകൾ സ്ഥാപിച്ച ഹോളോകാസ്റ്റ് ചെയ്തു

➢ തവിട്ടുകുപ്പായക്കാർ എന്ന സൈന്യത്തെയും ഗസ്റ്റപ്പോ എന്ന രഹസ്യസംഘത്തെയും നിയമിച്ചു രാഷ്ട്രീയ എതിരാളികളെഉന്മൂലനം ചെയ്തു

- ➢ നാസി പാർട്ടി ഒഴികെയുള്ള മറ്റു പാർട്ടികളെ നിരോധിച്ചു
- ➢ തൊഴിലാളി സംഘടനകൾക്ക് വിലക്കേർപ്പെടുത്തി
- ➢ സൈനിക സേവനം നിർബന്ധമാക്കി
- ➢ ജനങ്ങളിൽ പ്രതികാര മനോഭാവം വളർത്തിയെടുത്തു

➢ പത്രം, സിനിമ, റേഡിയോ ,വിദ്യാഭ്യാസം എന്നിവയെ ആശയപ്രചാരണത്തിന് ഉപയോഗിച്ചു

- ➢ അക്രമണപരമായ വിദേശ നയം സ്വീകരിച്ചു
- ➢ ആര്യൻമാരെ മഹത്വവത്കരിച്ചു

**ഇരു ചേരികൾക്കും ഒരു ബദൽ ചേരിചേരായ്മ**

ചേരിചേരാ പ്രസ്ഥാനത്തിന്റെ നേതാക്കൾ

◎ ജവഹർലാൽനെഹ്റു - ഇന്ത്യ

◎ ഗമാൽ അബ്ദുൾ നാസർ - ഈജിപ്ത്

◎ മാർഷൽ ടിറ്റോ - യുഗോസ്ലാവിയ

◎ അഹമ്മദ് സുകാർണോ - ഇന്തോനേഷ്യ

**എന്താണ് ചേരിചേരാ പ്രസ്ഥാനം**

രണ്ടാം ലോകയുദ്ധാനന്തരം സ്വതന്ത്രമായ ഏഷ്യൻ-ആഫ്രിക്കൻ ലാറ്റിനമേരിക്കൻ രാജ്യങ്ങൾ ശീതസമരത്തിന്റെ ഭീഷണിയിൽനിന്നും മാറാൻ ശ്രമിച്ചു. അതിന്റെ ഭാഗമായി മുതലാളിത്ത ചേരിയുടേയോ സോഷ്യലിസ്റ്റ് ചേരിയുടെയോ ഭാഗമാവാതെ നിലകൊണ്ട രാജ്യങ്ങളുടെ ഐക്യമാണ് ചേരിചേരാ പ്രസ്ഥാനം.

➢ 1955 ഇന്തോനേഷ്യയിലെ ബാന്ദൂങ്ങിൽ ചേർന്ന സമ്മേളനം ഈ പ്രസ്ഥാനത്തിന് രൂപം നൽകാൻ തീരുമാനിച്ചു

➢ 1961 ബൽഗ്രേഡിൽ വെച്ച് ആദ്യ സമ്മേളനം നടന്നു

## PART B

**പ്രധാന ആശയങ്ങൾ**

- മുതലാളിത്തത്തിൽ നിന്നും സാമ്രാജ്യത്വത്തിലേക്ക്
- രണ്ടാം ലോകയുദ്ധം
- ശീതസമരം
- സോവിയറ്റ് യൂണിയന്റെ തകർച്ച

**മുതലാളിത്തം**

- ലാഭം ലക്ഷ്യമാക്കി ഉത്പാദനവും വിതരണവും സ്വകാര്യവ്യക്തികൾ നിയന്ത്രിച്ചിരുന്ന സമ്പത്ത് വ്യവസ്ഥയാണ് മുതലാളിത്തം
- ഒരു രാഷ്ട്രം മറ്റൊരു രാഷ്ട്രത്തിനു മേൽ രാഷ്ട്രീയ അധികാരവും സൈനികശേഷിയും ഉപയോഗിച്ച് സാമ്പത്തിക ചൂഷണം നടത്തുന്നത് കോളനിവൽക്കരണം എന്ന് പറയുന്നു

സാമ്രാജ്യത്വം കോളനികളിൽ മൂലധന നിക്ഷേപത്തിന് മുതലാളിത്ത രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ

◎ തൊഴിലാളികളുടെ കുറഞ്ഞ കൂലി

◎ അസംസ്കൃത വസ്തുക്കളുടെ ലഭ്യത

◎ കോളനികളിൽ ഉൽപാദിപ്പിച്ചു കോളനികളിൽ തന്നെ വിതരണം ചെയ്യുമ്പോൾ ഉള്ള കുറഞ്ഞ ചെലവ്

- ഒരു രാജ്യം മറ്റൊരു രാജ്യത്തിനുമേൽ സ്ഥാപിക്കുന്ന രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക ആധിപത്യമാണ് സാമ്രാജ്യത്വം◎
- നിയമവ്യവസ്ഥ ,ഭരണസംവിധാനം, സൈനികശക്തി തുടങ്ങിയ ഘടകങ്ങൾ ഉപയോഗിച്ച് സാമ്രാജ്യത്വശക്തികൾ ചൂഷണം നടത്തുന്നു

സാമ്രാജ്യത്വം കോളനി രാജ്യങ്ങളെ എങ്ങനെയെല്ലാമാണ് ബാധിച്ചത്

◎ കോളനികളുടെ പരമ്പരാഗത സമ്പത്ത് വ്യവസ്ഥ തകർന്നു

◎ ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപെട്ടു
പരമ്പരാഗത ഭക്ഷ്യവിളകൾക്ക് പകരം നാണ്യവിളകൾ കൃഷി ചെയ്യാൻ നിർബന്ധിതരായി
ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചു
പ്രകൃതിവിഭവങ്ങൾ വ്യാപകമായി കൊള്ളയടിക്കപ്പെട്ടു
തദ്ദേശീയ കലാസാഹിത്യം ഭാഷ സംസ്കാരം തകർക്കപ്പെട്ടു
1929 ലെ സാമ്പത്തികമാന്ദ്യത്തിന്റെ ഫലങ്ങൾ
യുദ്ധം പാപ്പർ ആക്കിയ ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങാൻ കഴിവില്ലാതായി
ഉൽപന്നങ്ങൾ വിറ്റഴിക്കാതെ ഫാക്ടറികളിൽ കെട്ടിക്കിടന്നു
അമേരിക്കയിൽ നിന്ന് എടുത്ത വായ്പകൾ തിരിച്ചെടുക്കുന്നത് യൂറോപ്യൻ രാജ്യങ്ങൾ വീഴ്ചവരുത്തി
ബാങ്കുകൾ തകർന്നു
പണപ്പെരുപ്പം വർധിച്ചു
തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമായി
**അച്ചുതണ്ട് സഖ്യം**
ജർമ്മനി, ഇറ്റലി, ജപ്പാൻ
**സഖ്യശക്തികൾ**
ഇംഗ്ലണ്ട് , ഫ്രാൻസ്, ചൈന
പ്രീണനനയം ജർമ്മനി ,ഇറ്റലി ,ജപ്പാൻ എന്നീ രാജ്യങ്ങൾ മറ്റു രാജ്യങ്ങളെ ആക്രമിച്ചപ്പോൾ ബ്രിട്ടൻ ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ അവയെ ചെറുത്തില്ല ഇതിനെയാണ് പ്രീണനനയം എന്നു പറയുന്നത്.
**രണ്ടാം ലോകമഹായുദ്ധത്തി ന്റെ ഫലങ്ങൾ**

- ദശലക്ഷക്കണക്കിന് പേർ കൊല്ലപ്പെട്ടു
- യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തികനില താറുമാറായി
- യൂറോപ്യൻ രാഷ്ട്രങ്ങളുടെ ലോകമേധാവിത്വം തകർന്നു
- ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു
- അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികൾ ആയി മാറി
- ലോകസമാധാനം സംരക്ഷിക്കുന്നതിനായി ഐക്യരാഷ്ട്ര സംഘടന രൂപീകരിച്ചു

**ശീതസമരം രണ്ടാം ലോകയുദ്ധാനന്തരം അമേരിക്കയുടെയും സോവിയറ്റ് യൂണിയന്റെയും നേതൃത്വത്തിൽ മുതലാളിത്തസോഷ്യലിസ്റ്റ് ചേരികൾ പുലർത്തിയ ആശയപരമായ സംഘർഷങ്ങളും നയതന്ത്ര യുദ്ധങ്ങളും ആണ് ശീതസമരം**
സോവിയറ്റ് യൂണിയ ന്റെ തകർച്ചക്കിടയാക്കിയ കാരണങ്ങൾ

◎ ഗോർബച്ചേവിന്റെ ഭരണപരിഷ്കാരങ്ങൾ

◎ സോഷ്യലിസത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ നിന്നുള്ള വ്യതിചലനം

◎ ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും
സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിൽ ഉണ്ടായ പരാജയം

ആഗോളവൽക്കരണം വികസ്വര രാഷ്ട്രങ്ങളെ ദോഷകരമായി ബാധിച്ചത് എങ്ങനെ?

◎ ദേശരാഷ്ട്രം എന്ന ആശയത്തിന് ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം വെല്ലുവിളിയായി

- തദ്ദേശീയ സംസ്കാരങ്ങളെ തകർച്ചയ്ക്ക് വഴിയൊരുക്കി
- കാർഷികോൽപ്പന്നങ്ങളുടെ വിലയിടിഞ്ഞു
- പൊതുമേഖലാസ്ഥാപനങ്ങൾ തകർന്നു

◎ സാമൂഹിക സേവന മേഖലകളിൽ സർക്കാരുകൾ പിന്മാറി

- പ്രകൃതിവിഭവങ്ങൾ കൊള്ളയടിച്ചു

**ചോദ്യങ്ങൾ**

1. ത്രികക്ഷി സഖ്യത്തിലും ത്രികക്ഷി സൗഹാർദ്ദത്തിലുംഉൾപെട്ട രാജ്യങ്ങൾ?

2. പുരുഷന് യുദ്ധം സ്ത്രീക്ക് മാതൃത്വം എന്ന പോലെ ആണ് . ഇത് ആരുടെ പ്രസ്താവനയാണ് ?( ഹിറ്റ്ലർ, മുസ്സോളിനി, ലെനിൻ)

3. ഗസ്റ്റപ്പോ എന്ന രഹസ്യ സംഘം ഏത് രാജ്യവുമായി ബന്ധപ്പെട്ടതാണ്?
( ഫ്രാൻസ് , ജർമനി ,ഇറ്റലി)

4.ചേരിചേരാ രാഷ്ട്രങ്ങളുടെ ആദ്യ സമ്മേളനം ഡൽഹിയിൽ വച്ച് നടന്ന വർഷം . (1961, 1955, 1948)

5. ഒന്നാം ലോകമഹായുദ്ധത്തിലേക്ക് നയിച്ച കാരണങ്ങൾ വിശദീകരിച്ച് യുദ്ധത്തിന്റെ ഫലങ്ങൾ എഴുതുക.

6. തീവ്ര ദേശീയത എന്നാൽ എന്ത് ?

7. ഫാഷിസത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുക

8. ഫാഷിസത്തിന്റെയും നാസിസത്തിന്റെയും പ്രവർത്തനങ്ങളിലെ സമാനതകൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

9. അപകോളനീകരണവും ശീതസമരവും ചേരിചേരാ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് വഴിതെളിച്ചത് എങ്ങനെ?

10. ചേരിചേരായ്മയുടെ പ്രസക്തി വിലയിരുത്തുക

11. കോളനിവൽക്കരണത്തിൽനിന്ന് സാമ്രാജ്യത്വം എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു?

12. അമേരിക്കയിലെ സാമ്പത്തിക മാന്ദ്യത്തിന്റെ ഫലങ്ങൾ ഏവ?

13. അച്ചുതണ്ട് സഖ്യത്തിൽ ഉൾപ്പെടാത്ത രാജ്യം ? (ഇറ്റലി ,ജപ്പാൻ, ഇംഗ്ലണ്ട് )

14. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങൾ ഏവ ?

15.ശീതയുദ്ധം എന്നാൽ എന്ത് ?

16. സോവിയറ്റ് യൂണിയന്റെ തകർച്ചക്കിടയാക്കിയ കാരണങ്ങൾ ഏവ?

17. നവ സാമ്രാജ്യത്വം എന്നാൽ എന്ത് ?

18. ആഗോളവൽക്കരണം വികസ്വര രാജ്യങ്ങളെ എങ്ങനെ ബാധിച്ചുവെന്ന് വിശദീകരിക്കുക

CH 3

# പൊതു ഭരണം

- ഗവൺമെൻറിൻറെ നയങ്ങളും നിയമങ്ങളും വികസനപദ്ധതികളും നടപ്പാക്കുന്നതിനും മനുഷ്യ വിഭവവും ഭൗതിക സാഹചര്യങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നതിന് പൊതുഭരണം എന്നു പറയുന്നു

ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു

ജനക്ഷേമം ഉറപ്പാക്കുന്നു

പൊതുഭരണ ത്തിൻറെ പ്രാധാന്യം

ഗവൺമെൻറ് നയങ്ങൾ രൂപപ്പെടുന്നു

സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു

- ഗവൺമെൻറിന് ഭരണനിർവ്വഹണത്തിൽ സഹായിക്കുന്നതിനും നടപ്പിലാക്കുന്നതിനും ആയി ഒരു ഉദ്യോഗസ്ഥ സമൂഹത്തിന് രൂപം നൽകിയിരിക്കുന്നു

**ഉദ്യോഗസ്ഥ ബന്ധത്തിൻറെ സവിശേഷത**

- ശ്രേണി പരമായ സംഘാടനം
- ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തട്ടിലേക്ക് വരുന്തോറും കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതി
- സ്ഥിരത
- ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്ന വർക്ക് നിശ്ചിത പ്രായം വരെ സേവന കാലാവധി
- യോഗ്യത അടിസ്ഥാനമാക്കി നിയമനം വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കി ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്ത നിയമിക്കുന്നു
- രാഷ്ട്രീയ നിഷ്പക്ഷത അത് കക്ഷി താൽപര്യങ്ങൾ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിൽ പ്രതികരിക്കരുത്

- വൈദഗ്ധ്യം - ഉദ്യോഗസ്ഥർ അവരുടെ തൊഴിൽ വൈദഗ്ധ്യം ഉള്ളവർ ആയിരിക്കും

**ഇന്ത്യൻ സിവിൽ സർവീസ്**

**അഖിലേന്ത്യാ സർവീസ്**

- ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു
- കേന്ദ്രസർവീസിൽ ഓ സംസ്ഥാന സർവീസിൽ ഓ നിയമിക്കുന്നു

ഉദാഹരണം:

IAS. IPS

**കേന്ദ്ര സർവീസ്**

- ദേശീയ തലത്തിൽ തെരഞ്ഞെടുക്കുന്ന
- കേന്ദ്ര ഗവൺമെൻറ് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കുന്നു

ഉദാഹരണം :

ഇന്ത്യൻ ഫോറിൻ സർവീസ് , ഇന്ത്യൻ റെയിൽവേ സർവീസ്

**സംസ്ഥാന സർവീസ്**

- സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കുന്ന സംസ്ഥാന ഗവൺമെൻറിൻറെ കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കുന്നു

  ഉദാഹരണം :കൃഷി ഓഫീസർ, പോലീസ്
- കേന്ദ്ര സർവീസിലേക്കും അഖിലേന്ത്യാസർവീസിലേക്കും ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നത് ഇത് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ ആണ്
- കമ്മീഷൻ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത്  രാഷ്ട്രപതിയാണ്

**പാട്ട് ബി**

**വിവരാവകാശ നിയമം**

- സർക്കാർ ഓഫീസിൽ നിന്നോ സർക്കാർ ധനസഹായം കൈപ്പറ്റുന്ന സ്ഥാപനങ്ങളിൽ നിന്നോ വിവരങ്ങൾ അറിയുവാൻ ജനങ്ങൾക്ക് അവകാശം നൽകുന്ന നിയമം
- രാജ്യസുരക്ഷയും അഖണ്ഡതയും ബാധിക്കുന്ന വിവരങ്ങൾ കോടതിയുടെ പരിഗണനയിലുള്ള വിവരങ്ങൾ വ്യക്തികളുടെ ജീവനും സുരക്ഷയും ഭീഷണിയാവുന്ന വിവരങ്ങൾ മുതലായവ ഈ നിയമത്തിന് പരിധിയിൽ വരുന്നില്ല
- വിവരാവകാശ കമ്മീഷൻ
- കേന്ദ്ര വിവരാവകാശ കമ്മീഷൻ മുഖ്യ വിവരാവകാശ കമ്മീഷണറും പത്തിൽകവിയാത്ത അംഗങ്ങളും

**സേവനം അവകാശം**

- ഓരോ സർക്കാർ ഓഫീസും നൽകുന്ന സേവനങ്ങൾ എത്രകാലം പരിധിക്കുള്ളിൽ നൽകണമെന്ന് അനുശാസിക്കുന്ന നിയമം

സ്ഥാന സർവീസിലേക്ക് തെരഞ്ഞെടുക്കുന്നത് സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ ആണ്

**ഭരണ നവീകരണം**

ഈ ഗവെർണൻസ്  കൊണ്ടുള്ള നേട്ടങ്ങൾ

വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ
സേവനം നേടാം

സേവനത്തിനായി
സർക്കാർ
ഓഫീസിൽ
കാത്തുനിൽക്കേണ്ട




സർക്കാർ സേവനം
കുറഞ്ഞ ചെലവിലും
വേഗത്തിലും ലഭിക്കുന്നു

ഓഫിസുകളുടെ കാര്യക്ഷമതയും സേവന
ഗുണമേന്മയുംവർദ്ധിക്കുന്നു

**ലോക്പാൽ ലോകായുക്ത**

- ഭരണതലത്തിലും ഉദ്യോഗസ്ഥ തലത്തിലും രാഷ്ട്രീയ തലത്തിലുമുള്ള അഴിമതി തടയുന്നതിന് രൂപം നൽകിയ സ്ഥാപനങ്ങളാണ് ലോക്പാലും ലോകായുക്തയും
- ലോക്പാൽ ദേശീയതലത്തിൽ പ്രവർത്തിക്കുന്നു
- ലോകായുക്ത സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു
- സെൻട്രൽ വിജിലൻസ് കമ്മീഷൻ ദേശീയ തലത്തിൽ രൂപംനൽകിയ സ്ഥാപനം സംസ്ഥാനങ്ങളിൽ സംസ്ഥാന വിജിലൻസ് കമ്മീഷൻ
- ഓംബുഡ്സ്മാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അഴിമതിയോ സ്വജനപക്ഷപാതമോ ധനദുർവിനിയോഗമോ ചുമതലകൾ വീഴ്ചയോ വരുത്തിയാൽ പരാതിപ്പെടാനുള്ള സംവിധാനമാണ് ഓംബുഡ്സ്മാൻ
- വിരമിച്ച ഹൈക്കോടതി ജഡ്ജിയെ ഓംബുഡ്സ്മാൻ ആയി നിയമിക്കുന്നു

**ചോദ്യങ്ങൾ**

1. പൊതു ഭരണം എന്നാൽ എന്ത്?

2.പൊതുഭരണ ത്തിൻറെ പ്രാധാന്യം എഴുതുക അ ഉദ്യോഗസ്ഥ വൃന്ദത്തെ സവിശേഷത വിശദീകരിക്കുക

3. പട്ടിക പൂർത്തിയാക്കുക

| അഖിലേന്ത്യാ സർവീസ് | കേന്ദ്ര സർവീസ് | സംസ്ഥാന സർവീസ് |
|---|---|---|
| • ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു<br>•<br>•<br>ഉദാ | •<br>•<br>ഉദാ:-ഇന്ത്യൻ ഫോറിൻ സർവീസ്, ഇന്ത്യൻ റെയിൽവേ സർവീസ് | •<br>• സംസ്ഥാന ഗവൺ സംസ്ഥാന ഗവൺമെൻറിൻറെ കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കുന്നു<br>ഉദാ:- |

പാർട്ട് ബി

4.പദസൂര്യൻ പൂർത്തീകരിക്കുക

ഈ ഗവൺമെൻറ് കൊണ്ടുള്ള നേട്ടങ്ങൾ




സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു

5. വിവരാവകാശ നിയമത്തിന് പരിധിയിൽ വരാത്ത വിവരങ്ങൾ എഴുതുക

6. എന്താണ് സേവന അവകാശ നിയമം?

7. ലോകായുക്തയും ലോക്പാലും തമ്മിലുള്ള വ്യത്യാസം എഴുതുക

8. ഓംബുഡ്സ്മാൻറെ യോഗ്യത എന്ത്?

CH - 4

## ബ്രിട്ടീഷ് ചൂഷണവും ചെറുത്ത് നിൽപ്പും

- ➔ ബ്രിട്ടീഷ് നയങ്ങളുടെ പ്രത്യാഘാതങ്ങൾ
- ➔ കുറിച്യ കലാപം
- ➔ 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം
- ➔ ബ്രിട്ടീഷ് നയങ്ങളുടെ പ്രത്യാഘാതങ്ങൾ

**ബ്രിട്ടീഷ് നികുതി സമ്പ്രദായങ്ങൾ**

| | |
|---|---|
| ശാശ്വത ഭൂനികുതി | ബംഗാൾ, ബീഹാർ, ഒറീസ |
| റൈറ്റ് വാരി | ദക്ഷിണേന്ത്യൻ പ്രദേശങ്ങൾ |
| മഹൽവാരി വ്യവസ്ഥ | വടക്ക പടിഞ്ഞാറേ ഇന്ത്യ |

**ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകൾ**

- നികുതി പിരിച്ചെടുത്ത് സമീന്ദാർ ആയിരുന്നു
- ഭൂമിയുടെ ഉടമസ്ഥൻ സമീന്ദാർ ആണ്
- യഥാർത്ഥ കർഷകൻ കുടിയാന്മാരായി
- വിളവിൻറെ60% കർഷകർ നികുതി നൽകണം
- വിളവ് മോശമായാലും നികുതി നൽകണം
- നിശ്ചിത തീയതിക്കകം നികുതി പണമായി നൽകണം
- കോൺവാലിസ് പ്രഭു ആണ് ഈ നിയമം നടപ്പിലാക്കിയത്

**റൈറ്റ് വാരി വ്യവസ്ഥയുടെ സവിശേഷതകൾ**

- അമിതമായ നികുതി കർഷകരെ ദരിദ്രരാക്കി
- ദക്ഷിണേന്ത്യൻ പ്രദേശങ്ങളിലാണ് ഇത് നടപ്പിലാക്കിയത്
- കർഷകരിൽ നിന്ന് നേരിട്ട് നികുതി പിരിച്ചു
- ഭൂമിയുടെ ഉടമസ്ഥാവകാശം കർഷകന്

- നികുതിനിരക്ക് ഇടക്കിടക്ക് വർധിപ്പിച്ചിരുന്നു

**മഹൽ വാരി വ്യവസ്ഥയുടെ പ്രത്യേകതകൾ**

- ഗ്രാമത്തെ ഒരു യൂണിറ്റായി (മഹൽ) കണക്കാക്കിയാണ് നികുതി പിടിച്ചെടുത്തത്
- അമിതമായ നികുതി ഈടാക്കിയിരുന്നു
- വടക്കുപടിഞ്ഞാറെ ഇന്ത്യയിലാണ് ഇത് നടപ്പിലാക്കിയത്
- നികുതി പിരിച്ചെടുത്തത് ഗ്രാമത്തലവൻമാരായിരുന്നു

ബ്രിട്ടീഷ് നികുതി നയങ്ങൾ കർഷകരെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ

- ഉയർന്ന നികുതി നിശ്ചിത തീയതികളിൽ പണമായി അടക്കാൻ കഴിയാതെ വന്നതിനാൽ കൊള്ളപ്പലിശക്കാരിൽ നിന്ന് പണം കടം വാങ്ങി
- കൃഷിയിടം പണയപ്പെടുത്തി
- ഉയർന്ന പലിശ നിരക്ക് ആയിരുന്നു
- കടവും പലിശയും അടയ്ക്കാൻ കഴിയാതെ വന്ന കർഷകരുടെ ഭൂമി കൊള്ള പലിശക്കാർ കൈയടക്കി

**കുറിച്യ കലാപം**

- 1812 നടന്ന കലാപം
- വയനാട്ടിലെ ഗോത്ര വിഭാഗമായ കുറിച്യരും കുറുമ്പ്രരുമാണ് കലാപം നടത്തിയത്
- ബ്രിട്ടീഷുകാരുടെ ചൂഷണത്തിനെതിരെ നടന്ന കലാപം
- കലാപം നടന്നത് കുറിച്യരുടെ നേതാവായ രാമൻ നമ്പിയുടെ നേതൃത്വത്തിൽ

**കാരണങ്ങൾ**

- ബ്രിട്ടീഷുകാരുടെ അമിത നികുതി
- നികുതി പണമായി അടക്കാൻ നിർബന്ധിച്ചു
- നികുതി പണമായി അടയ്ക്കാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തു

**1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം കാരണങ്ങൾ**

- ശിപായിമാരുടെ ദുരിതങ്ങൾ
- തുച്ഛമായ ശമ്പളം - ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ അവഹേളനം പശുവിൻറെയും പന്നിയുടെയും കൊഴുപ്പ് കൊണ്ട് ഉണ്ടാക്കിയ പുതിയ തോക്കിൻ തിര എൻഫീൽഡ് റൈഫിൾ ഇൽ നിറച്ച് സൈനികരോട് ഉപയോഗിക്കാൻ നിർബന്ധിച്ചത് ഹിന്ദു മുസ്ലിം മത വികാരങ്ങളെ വ്രണപ്പെടുത്തി
- കർഷകരുടെ ദുരിതങ്ങൾ
- ബ്രിട്ടീഷുകാരുടെ തെറ്റായ നികുതി നയങ്ങൾ
- നികുതി പണമായി നൽകാത്ത പ്രദേശങ്ങൾ പിടിച്ചടക്കിയത്

കലാപ സ്ഥലവും അതിന് നേതൃത്വം നൽകിയ നേതാക്കന്മാരെയും ചേർത്ത് പട്ടികപ്പെടുത്തുക

| കലാപ സ്ഥലം | നേതാക്കന്മാർ |
|---|---|

| | |
|---|---|
| ഡൽഹി | ബഹദൂർഷാ രണ്ടാമൻ |
| ജാൻസി | റാണി ലക്ഷ്മി ഭായ് |
| ലക്നൗ | നാനാസാഹിബ് |
| കാൺപൂർ | താന്തിയോ തോപ്പി |
| ഫൈസാബാദ് | ബീഗം ഹസ്രത്ത് മഹൽ |
| | മൗലവി അഹമ്മദുള്ള |

**1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിലെ ഫലങ്ങൾ**

- കലാപത്തെ ബ്രിട്ടീഷുകാർ അടിച്ചമർത്തി
- പരാജയം ആണെങ്കിലും മഹത്തായ സമരമായിരുന്നു ഇത്
- ബ്രിട്ടീഷ് നയത്തിലും ഭരണത്തിലും മാറ്റമുണ്ടാക്കി
- ഇന്ത്യയുടെ ഭരണം ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയിൽ നിന്ന് ബ്രിട്ടീഷ് പാർലമെൻറ് ഏറ്റെടുത്തു
- കൃഷിയുടെ വാണിജ്യവൽക്കരണം
- ഭക്ഷ്യ വിളകൾക്ക് പകരം നാണ്യവിളകൾ വിപണി ലഭ്യമാക്കി കൃഷി ചെയ്യതാണ് കൃഷിയിലെ വാണിജ്യവൽക്കരണംൻസ്സ്യ
- കൂടുതൽ നികുതി നൽകേണ്ടതിനാലും നിശ്ചയിക്കപ്പെട്ട തീയതി നികുതി പണമായി നൽകി നൽകുന്നതിന് വേണ്ടിയാണ് വാണിജ്യവൽക്കരണം നടത്തിയത്
- കൂടുതൽ വില ലഭിക്കുന്ന യൂറോപ്യൻ രാജ്യങ്ങൾക്ക് വേണ്ട ഉൽപ്പന്നങ്ങളാണ് കൃഷി ചെയ്യത്

പട്ടികപ്പെടുത്തുക

| | പ്രദേശം |
|---|---|
| നീലം | ഉത്തർപ്രദേശ് |
| പരുത്തി | ബംഗാൾ |
| കരിമ്പ് | ആസാം കേരളം |
| തേയില | പഞ്ചാബ് |
| ചണം | ബംഗാൾ ബീഹാർ |
| ഗോതമ്പ് | മഹാരാഷ്ട്ര പഞ്ചാബ് |

**നീലം കർഷകരുടെ കലാപം**

- നീലം കർഷകർക്ക് നിശ്ചിത തുക മുൻകൂറായി നൽകി ബ്രിട്ടീഷുകാർ നീലം കൃഷി ചെയ്യിച്ചു
- കമ്പോള വിലയേക്കാൾ വളരെ കുറഞ്ഞ വിലയാണ് ബ്രിട്ടീഷുകാർ നീലം കർഷകർക്ക് നൽകിയത്
- മറ്റു വിളകൾ കൃഷി ചെയ്യാനുള്ള സ്വാതന്ത്ര്യം കർഷകർക്ക് നഷ്ടപ്പെട്ടു
- കൃത്രിമ ചായങ്ങളുടെ കണ്ടുപിടിത്തം നിറം നൽകാൻ നീലം ആവശ്യം ഇല്ലാതാക്കി

- ബ്രിട്ടീഷുകാരുടെ കുടിയൊഴിപ്പിക്കലും പാട്ടം ബന്ധിപ്പിക്കാനും കലാപത്തിന് കാരണമായി

**കർഷക കലാപങ്ങൾ കേരളത്തിലും (മലബാർ കലാപം)**

- ജന്മിമാരുടെയും ബ്രിട്ടീഷുകാരുടെയും ചൂഷണവും അടിച്ചമർത്തലും
- ജന്മം ആരാണ് ഭൂവുടമകൾ
- ജന്മിമാരുടെ കുടിയൊഴിപ്പിക്കൽ
- തെക്കേ മലബാറിലെ കർഷകർ ജന്മിമാരിൽ നിന്ന് സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്ന പാട്ട കുടിയാന്മാരായിരുന്നു
- ഇവരിൽ ഭൂരിഭാഗവും മാപ്പിളമാരായിരുന്നു
- മാപ്പിള കലാപങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു

**ഇന്ത്യൻ തുണി വ്യവസായത്തിലെ തകർച്ച ( പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച )**

ഇന്ത്യൻ തുണി വ്യവസായത്തിലെ തകർച്ച

- അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി
- റെയിൽവേയുടെ വ്യാപനം
- ബ്രിട്ടണിലേക്ക് കയറ്റുമതി ചെയ്യുന്ന ഇന്ത്യൻ തുണിത്തരങ്ങൾക്ക് മേൽ ചുമത്തിയ ഉയർന്ന നികുതി
- ബ്രിട്ടീഷ് ഉടമസ്ഥരുടെ ചൂഷണവും പീഡനവും
- ബ്രിട്ടനിൽ നിന്ന് കൊണ്ടുവന്ന യന്ത്ര നിർമ്മിത തുണിത്തരങ്ങൾ ക്കുള്ള വിലക്കുറവ്

ഏ കോളത്തിൽ നിന്ന് അനുയോജ്യമായവ ബി കോളത്തിൽ നിന്ന് തെരഞ്ഞെടുക്കുക

| A | B |
|---|---|
| മൺപാത്ര നിർമ്മാണം | അലുമിനിയം പാത്രങ്ങളുടെ ഇറക്കുമതി |
| തുകൽ പണി | തുകലിൻറെ യൂറോപ്പിലേക്ക് കയറ്റുമതി |
| മരപ്പണി | ലോഹ നിർമ്മിത യന്ത്രങ്ങളുടെ ഉപയോഗം |

**ആധുനിക വ്യവസായങ്ങളിലെ തൊഴിലാളികളുടെ പ്രധാന പ്രശ്നങ്ങൾ**

- മണിക്കൂറുകളോളം നീണ്ട ജോലി സമയം
- കുറഞ്ഞ കൂലി
- അനാരോഗ്യകരമായ താമസസൗകര്യങ്ങൾ

**ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേക്ക് ചോർന്ന വിധം**

- അസംസ്കൃതവസ്തുക്കളുടെ കയറ്റുമതിയിലൂടെ
- ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളവും പെൻഷനും
- ബ്രിട്ടീഷ് ഉൽപന്നങ്ങൾ ഇന്ത്യയിൽ വിറ്റഴിക്കുക വഴി ലഭിച്ച ലാഭം
- ഇന്ത്യയിൽ നിന്ന് പിരിച്ചെടുക്കുന്ന നികുതി

**സ്വദേശി പ്രസ്ഥാനം**

- 1905-ലെ ബംഗാൾ വിഭജനത്തിന് ശേഷം ആരംഭിച്ച സമരം
- ബ്രിട്ടീഷ് ഉത്പന്നങ്ങളുടെ ബഹിഷ്കരണവും തദ്ദേശീയ വസ്തുക്കളുടെ ഉപയോഗവും

- വിദേശ വസ്തുക്കൾ ശേഖരിച്ച് പരസ്യമായി കത്തിച്ചു നിരവധി തുണിമില്ലുകൾ തീപ്പെട്ടി കമ്പനികൾ ദേശീയ ബാങ്കുകൾ ഇൻഷുറൻസ് കമ്പനികൾ എന്നിവ ആരംഭിച്ചു
- സ്ത്രീകൾ തൊഴിലാളികൾ വിദ്യാർഥികൾ എന്നിവരുടെ പങ്കാളിത്തം
- ഇന്ത്യൻ ദേശീയത കൂടുതൽ ശക്തിപ്പെട്ടു
- ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ തീവ്രവാദി വിഭാഗവും മിതവാദി വിഭാഗവും രൂപപ്പെട്ടു

**ചോദ്യങ്ങൾ**

1. ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ് എന്ന് ബ്രിട്ടീഷുകാർ വിശേഷിപ്പിച്ചത് ആരെ ?

2. ചോർച്ച സിദ്ധാന്തത്തിന് ഉപജ്ഞാതാവ് ആര്?

3. ബ്രിട്ടീഷ് നികുതി സമ്പ്രദായങ്ങൾ എന്തെല്ലാം അവർ നടപ്പിലാക്കിയ പ്രദേശങ്ങൾ ഏതെല്ലാം ?

4 ശാശ്വത ഭൂനികുതി വ്യവസ്ഥ യുടെ സവിശേഷതകൾ എന്തെല്ലാം ?

5. റൈറ്റ് വാരി വ്യവസ്ഥയുടെ സവിശേഷതകൾ എന്തെല്ലാം ?

7. ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് വർത്തമാനപത്രങ്ങൾ വഹിച്ച പങ്ക വിശദമാക്കുക ?

8. കേരള കലാമണ്ഡലം സ്ഥാപിച്ചതാര് ?

9 ഗാന്ധിജി മുന്നോട്ടുവെച്ച വിദ്യാഭ്യാസ പദ്ധതി ഏത് ?

10. ഏതു പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് ആനന്ദമഠം എന്ന നോവൽ രചിച്ചത് ?

11. ബംഗാളി ഭാഷയിൽ രചിച്ച ഗോര എന്ന കൃതിയുടെ കർത്താവ് ആര്?

12. സാമൂഹിക പരിഷ്കർത്താക്കളുടെ യും പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി ബ്രിട്ടീഷുകാർ നിയമം മൂലം നിരോധിച്ച അനാചാരങ്ങൾ എന്തെല്ലാം ?

CH - 5

# സംസ്കാരവും ദേശീയതയും

- ➢ വിദ്യാഭ്യാസം ദേശത്തിന്
- ➢ ദേശീയത കലയിൽ

പട്ടികപ്പെടുത്തുക

വിദ്യാഭ്യാസം ദേശത്തിന്

| | |
|---|---|
| ശരിയായ വിദ്യാഭ്യാസം ലഭിക്കുമെങ്കിൽ ഇന്ത്യൻ ജനത എല്ലാവരുടെയും ആദരവിന് പാത്രമാകും | രാജാ റാം മോഹൻ റോയ് |
| പാവപ്പെട്ടവനും പണക്കാരനും വിദ്യാഭ്യാസം നേടിയാൽ തങ്ങൾക്കെതിരെയുള്ള ആക്രമണവും ക്രൂരതയും അടിച്ചമർത്തലും ഒറ്റക്കെട്ടായി നിന്ന് ചെറുക്കാൻ അവർക്ക് കഴിയും | കേശവ ചന്ദ്ര സെൻ |
| വിദ്യാസമ്പന്നർ മാറ്റത്തിന്റെ വക്താക്കളാണ് | വീരേശലിംഗം |

**ദേശീയബോധം വളർത്തുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക്**

- ദേശീയ വിദ്യാലയങ്ങളുടെ സ്ഥാപനം
- 1884 പൂനെയിൽ സ്ഥാപിച്ച ഡക്കാൻ എഡ്യൂക്കേഷൻ സൊസൈറ്റി

സ്വദേശി പ്രസ്ഥാനത്തിൻറെ ഫലമായി സ്ഥാപിച്ച വിദ്യാലയങ്ങൾ

- 1916 ഇന്ത്യയിലെ ആദ്യത്തെ വനിതാ സർവകലാശാല - ഡിപി കാർവേ മഹാരാഷ്ട്രയിൽ
- വിശ്വഭാരതി സർവ്വകലാശാല - രവീന്ദ്രനാഥ ടാഗോർ
- ജാമിയ മില്ലിയ ഇസ്ലാമിയ - മതേതര വിദ്യാഭ്യാസം
- തൃശ്ശൂരിൽ കേരളകലാമണ്ഡലം - മഹാകവി വള്ളത്തോൾ

- 1937 വാർധാ വിദ്യാഭ്യാസ പദ്ധതി - മഹാത്മാഗാന്ധി - തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

**ദേശീയത കലയിൽ**

- ഭാരത് മാതാ - ജലച്ഛായ ചിത്രം - അബനീന്ദ്രനാഥ ടാഗോർ

ആഹാരം വസ്ത്രം വിജ്ഞാനം എന്നിവ നൽകുന്ന ഭാരതമാതാവ്

- കൽക്കത്തയിൽ സൊസൈറ്റി ഓഫ് ഓറിയൻറൽ ആർട്സ് - അബനീന്ദ്ര നാഥടാഗോർ സ്ഥാപിച്ചു
- രാജാ രവിവർമ്മ ചിത്രങ്ങൾ - പുരാണങ്ങൾ സാഹിത്യങ്ങൾ
- നന്ദലാൽ ബോസ് സതി വിഷയമാക്കിയുള്ള ചിത്രം ഗ്രാമീണ ചെണ്ടക്കാരൻ
- അമൃത ഷെർഗിൽ - ഗ്രാമങ്ങളിലെ ജീവിതദുരിതങ്ങൾ
- ദേശീയഗാനം - രവീന്ദ്രനാഥ ടാഗോർ
- ത്രിവർണ പതാകയുടെ രൂപീകരണം
- ദേശീയമുദ്ര

**കോളനി ഭരണവും ദേശീയതയും**

<u>കൂടുതൽ പഠനങ്ങൾക്കും ഇന്ത്യയിൽ വിദ്യാഭ്യാസ രംഗത്ത് ഇടപെടുന്നതിനും ആയി സ്ഥാപിച്ച സ്ഥാപനങ്ങൾ</u>

| <u>സ്ഥാപനങ്ങൾ</u> | <u>സ്ഥാപകർ</u> |
|---|---|
| ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ | വില്യം ജോൺസ് |
| കൽക്കട്ട മദ്രസ | വാറൻ ഹേസ്റ്റിംഗ്സ് |
| ബനാറസ് സംസ്കൃത കോളേജ് | ജോനാഥൻ രംഗൻ |

**സാമൂഹികപരിഷ്കരണം**


ലക്ഷ്യങ്ങൾ

- ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അനാചാരങ്ങളെ എതിർക്കുക
- എല്ലാ മനുഷ്യർക്കും വഴിനടക്കാനും വസ്ത്രം ധരിക്കാനും വിദ്യാഭ്യാസം നേടാനുള്ള പൗരാവകാശങ്ങൾ നേടിയെടുക്കുക

**<u>ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി സാമൂഹ്യപരിഷ്കർത്താക്കൾ മുന്നോട്ടുവെച്ച ആവശ്യങ്ങൾ</u>**

- ജാതി വ്യവസ്ഥ ഇല്ലാതാക്കുക
- എല്ലാവരുടെയും അവകാശ സംരക്ഷണം
- സ്ത്രീകൾക്കെതിരെയുള്ള വിവേചനങ്ങൾ അവസാനിപ്പിക്കുക
- എല്ലാവർക്കും വിദ്യാഭ്യാസം നൽകുക
- വിധവ പുനർവിവാഹം നടപ്പിലാക്കുക
- ശൈശവ വിവാഹം പൗരോഹിത്യ മേധാവിത്തം എന്നിവ അവസാനിപ്പിക്കുക

സാമൂഹിക പരിഷ്കരണത്തിൽ രാജാറാംമോഹൻറോയ് യുടെ പങ്ക്




**സാമൂഹിക പരിഷ്കരണത്തിൽ ഈശ്വര ചന്ദ്ര വിദ്യാസാഗറിന്റെ പങ്ക്**

- ബംഗാളിൽ വിധവകളുടെ പുനർവിവാഹത്തിനായി പ്രവർത്തിച്ചു
- അദ്ദേഹത്തിൻറെ ശ്രമഫലമായി ബ്രിട്ടീഷ് ഗവൺമെൻറ് ഹിന്ദു വിധവാ പുനർവിവാഹ നിയമം പാസാക്കി
- സ്ത്രീകളുടെ പുരോഗതിക്കായി വിദ്യാലയങ്ങൾ സ്ഥാപിച്ചു

**പണ്ഡിത രമാബായ്**

- ബോംബെയിൽ വിധവകൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി പണ്ഡിത രമാഭായി ശാരദ സ്ഥാപിച്ചു

സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ - പരിഷ്കർത്താക്കൾ

- ആര്യസമാജം, - സ്വാമി ദയാനന്ദ സരസ്വതി
- രാമകൃഷ്ണ മിഷൻ - സ്വാമി വിവേകാനന്ദൻ
- അലിഗഡ് പ്രസ്ഥാനം - സർ സയ്യിദ് അഹമ്മദ് ഖാൻ
- പ്രാർത്ഥന സമാജം - ആത്മാറാം പാണ്ഡുരംഗ്
- തിയോസഫിക്കൽ സൊസൈറ്റി - ആനി ബസൻറ്
- ഹിതകാരിണി സമാജം - വീരേശലിംഗം
- സത്യശോധക് സമാജം - ജ്യോതിബാ ഫുലെ
- സ്വാഭിമാന പ്രസ്ഥാനം - ഇ വി രാമസ്വാമി നായ്ക്കർ
- ശ്രീനാരായണ ധർമ്മ പരിപാലന യോഗം - ശ്രീനാരായണഗുരു

**സാമൂഹിക അനാചാരങ്ങൾ നിരോധിച്ചുകൊണ്ടുള്ള നടപടികൾ**

- 12 വയസ്സിന് താഴെ പ്രായമുള്ള പെൺകുട്ടികളുടെ വിവാഹങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തി

- ശൈശവ വിവാഹം ബഹുഭാര്യത്വം നിരോധിച്ചു
- അടിമത്തം നിരോധിച്ചു
- പെൺശിശുഹത്യ നിരോധിച്ചു
- സതി നിരോധിച്ചു
- വിധവ പുനർവിവാഹം നടപ്പിലാക്കി

**നാട്ടുഭാഷാ പത്ര നിയമം 1878**

വർത്തമാനപത്രങ്ങളുടെ ശക്തി മനസ്സിലാക്കിയ ബ്രിട്ടീഷ് ഗവൺമെൻറ് (ലിട്ടൺ പ്രഭു ) അവയെ നിയന്ത്രിക്കാൻ പ്രാദേശിക ഭാഷാ പത്ര നിയമം കൊണ്ടുവന്നു ഇതിലൂടെ പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തി

**ചോദ്യങ്ങൾ**

1. ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് വിദ്യാഭ്യാസ രംഗത്തെ പുരോഗതി സഹായിച്ചത് എങ്ങനെ ?
2. ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് കല സഹായിച്ചത് എങ്ങനെ എന്ന് വിശദമാക്കുക ?
3. ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് സാഹിത്യം സഹായിച്ചത് എങ്ങനെ എന്ന് വിശദമാക്കുക ?
4. ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ടുവെച്ച ആവശ്യങ്ങൾ എന്തെല്ലാം ?
5. ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ സ്ഥാപിച്ചത് ആര് ?
6. രാമകൃഷ്ണമിഷൻ സ്ഥാപിച്ചതാര്?
7. ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് വർത്തമാനപത്രങ്ങൾ വഹിച്ച പങ്കു വിശദമാക്കുക ?
8. കേരള കലാമണ്ഡലം സ്ഥാപിച്ചതാര് ?

9 ഗാന്ധിജി മുന്നോട്ടുവെച്ച വിദ്യാഭ്യാസ പദ്ധതി ഏത് ?

10. ഏതു പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് ആനന്ദമഠം എന്ന നോവൽ രചിച്ചത് ?
11. ബംഗാളി ഭാഷയിൽ രചിച്ച ഗോര എന്ന കൃതിയുടെ കർത്താവ് ആര്?
12. സാമൂഹിക പരിഷ്കർത്താക്കളുടെ യും പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി ബ്രിട്ടീഷുകാർ നിയമം മൂലം നിരോധിച്ച അനാചാരങ്ങൾ എന്തെല്ലാം ?

CH - 6

# സമരവും സ്വാതന്ത്ര്യവും

- ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ
- നിസ്സഹകരണ സമരവും ഖിലാഫത്ത് പ്രസ്ഥാനവും
- പൂർണ്ണ സ്വരാജും സിവിൽ നിയമലംഘനവും
- ബ്രിട്ടീഷുകാർ ഇന്ത്യ വിടുക

**ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ**

- 1917 ചമ്പാരനിലെ നീലം കർഷക സമരം - ബീഹാർ
- 1918 അഹമ്മദാബാദിലെ തുണിമിൽ സമരം - ഗുജറാത്ത്
- 1918 ഖേഡയിലെ കർഷക സമരം - ഗുജറാത്ത് ചമ്പാരനിലെ നീലം കർഷക സമരം

ഗാന്ധിജി നിയമലംഘനം സാധാരണ സമരവും പോലുള്ള സമരരീതികൾ സ്വീകരിച്ചു

നീലം കർഷകർക്ക് അനുകൂലതീരുമാനം ഗാന്ധിജിയുടെ ഇടപെടൽ മൂലം ലഭിച്ചു

ഗാന്ധിജി ചമ്പാരൻറെ പുരോഗതിക്കായി പ്രാഥമിക വിദ്യാലയങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾ വൈദ്യസഹായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി

**അഹമ്മദാബാദിലെ തുണിമിൽ സമരം**

- പ്ലേഗ് ബോണസ് സിന ചൊല്ലിയുള്ള സമരം
- സമരത്തിൻറെ ഫലമായി തൊഴിലാളികൾക്ക് ശമ്പള വർദ്ധനവ് ലഭിച്ചു

**ഖേഡയിലെ കർഷക സമരം**

- സർക്കാർ നികുതി ഇളവുകൾ നൽകാൻ തയ്യാറായി
- ഗാന്ധിജി നികുതി നിഷേധവും സത്യാഗ്രഹവും സമരായുധമാക്കി

**ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യ കാല സമരങ്ങളുടെ ഫലങ്ങൾ**

- ഗാന്ധിജിയുടെ സമര രീതിയും ആശയങ്ങളും സാധാരണക്കാർ പരിചയപ്പെട്ടു
- വിദ്യാസമ്പന്നരായ ആളുകൾക്കിടയിൽ മാത്രമായി ഒതുങ്ങി നിന്നിരുന്ന ദേശീയ പ്രസ്ഥാനത്തിലേക്ക് സാധാരണ ജനങ്ങൾ ആകർഷിക്കപ്പെട്ടു
- പട്ടണങ്ങളിൽ ഒതുങ്ങിനിന്നിരുന്ന സമരം ഗ്രാമപ്രദേശങ്ങളിൽ വേരോട്ടം ഉണ്ടായി
- ഗാന്ധിജി എല്ലാ വിഭാഗം ജനങ്ങൾക്കും സ്വീകാര്യനായ ദേശീയ നേതാവായി മാറി

**നിസ്സഹകരണ സമരവും ഖിലാഫത്ത് പ്രസ്ഥാനവും**

- വക്കീലന്മാർ കോടതി ബഹിഷ്കരിക്കുക

- വിദേശ വസ്തുക്കൾ ബഹിഷ്കരിക്കുക
- വിദ്യാർഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക
- നികുതി നൽകാതിരിക്കുക
- ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക
- തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക

**ബഹിഷ്കരണ തോടൊപ്പം നിർമാണപ്രവർത്തനങ്ങൾക്കും ഗാന്ധിജി ആഹ്വാനം നൽകി**

- ചർക്ക
- ദേശീയ വിദ്യാലയങ്ങൾ :- കാച്ച ഗുജറാത്ത് വിദ്യാപീഠം, ജാമിയ മില്ലിയ
- ഹിന്ദി പ്രചാരണം
- അയിത്തോച്ചാടന പ്രവർത്തനങ്ങൾ

**ഖിലാഫത്ത് പ്രസ്ഥാനം**

മുഹമ്മദലി, ഷൗക്കത്തലി എന്നിവരുടെ നേതൃത്വത്തിൽ ഖിലാഫത്ത് പ്രസ്ഥാനം

- ഖിലാഫത്ത് പ്രസ്ഥാനത്തെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തോട് ചേർത്തുനിർത്തിയതിൻറെ ഫലം
- സ്വാതന്ത്ര്യ സമരത്തിൽ മുസ്ലിംകളുടെ സജീവ സാന്നിധ്യം ഉറപ്പാക്കാൻ ഗാന്ധിജി കഴിഞ്ഞു
- ബ്രിട്ടീഷ് വിരുദ്ധ വികാരം ഇന്ത്യയുടെ മുക്കിലും മൂലയിലും എത്തി
- ഹിന്ദു മുസ്ലിം ഐക്യം ശക്തിപ്പെട്ടു

**ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം നിർത്തിവെക്കാൻ ഇടയാക്കിയ കാരണം**

- ഉത്തർപ്രദേശിലെ ചൗരിചൗര ഗ്രാമത്തിൽ ജനങ്ങൾക്ക് നേരെ പോലീസ് വെടിവെച്ചതിൽ രോഷാകുലരായ ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിച്ച് തീയിട്ട് 22 പോലീസുകാർ കൊല്ലപ്പെട്ട സംഭവം

**പൂർണ്ണസ്വരാജ് സിവിൽ നിയമലംഘനം**

- 1929 ലെ നെഹ്റുവിൻറെ നേതൃത്വത്തിൽ നടന്ന ലാഹോർ കോൺഗ്രസ് സമ്മേളനം
- അന്തിമലക്ഷ്യം പൂർണസ്വരാജ്
- ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമ ലംഘനം ആരംഭിക്കാൻ തീരുമാനിച്ചു

  **ഇതിൽ നിയമലംഘന സമരത്തിൻറെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവെച്ച ആവശ്യങ്ങൾ**

- ഉപ്പു നികുതി എടുത്തുകളയുക
- കൃഷികൾക്ക് 50% നികുതിയിളവ്
- വിദേശ വസ്തുങ്ങളുടെ ഇറക്കുമതി ചുമത്തുന്ന നികുതി വർദ്ധിപ്പിക്കുക
- രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക
- സൈനിക ചെലവും ഉദ്യോഗസ്ഥരുടെ ശമ്പളവും വെട്ടിക്കുറയ്ക്കുക
- ഇന്ത്യക്കാരെ നിരീക്ഷിക്കാനുള്ള രഹസ്യാന്വേഷണ വിഭാഗത്തെ പിരിച്ചുവിടുക
- തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക

- സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കുക

**ഉപ്പ് സമരായുധമായി തെരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ**

- ബ്രിട്ടീഷ് സർക്കാറിന് നികുതി വരുമാനത്തിൽ 2/5 ഭാഗം ചുമത്തുന്ന നികുതി ആയിരുന്നു
- ദരിദ്രർക്ക് ഇത് വലിയ ഭാരം ആയിരുന്നു
- ചെറുകിട ഉപ്പ് ഉത്പാദനത്തിനുള്ള നിരോധനം
- ഉപ്പിനു വില മൂന്നു മടങ്ങ് വർദ്ധിച്ചു
- സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു മുദ്രാവാക്യമായിരുന്നു ഉപ്പു നികുതി എടുത്തുകളയുക എന്നത്

**ഉപ്പുസത്യാഗ്രഹം നടന്ന സ്ഥലങ്ങൾ**

| | |
|---|---|
| കേരളം | പയ്യന്നൂർ, കോഴിക്കോട് |
| തമിഴ്നാട് | വേദാരണ്യം |
| മഹാരാഷ്ട്ര | ബോംബെ |
| ബംഗാൾ | നവഖാലി |
| ഗുജറാത്ത് | ധരാസന |

**ബ്രിട്ടീഷുകാർ ഇന്ത്യ വിടുക**

- 1942 ഓഗസ്റ്റ് എട്ടിന് ബോംബെയിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തിൽ ഗാന്ധിജി എടുത്ത തീരുമാനം
- ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജന സമരമാണ് ക്വിറ്റിന്ത്യാ സമരം
- എല്ലാ അധികാരങ്ങളും ഇന്ത്യക്ക് കൈമാറി ഇന്ത്യ വിടാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന അഹിംസയിലൂന്നിയ ഉള്ള സമരം
- ക്വിറ്റിന്ത്യാ സമരം കാരണങ്ങൾ
- ഇന്ത്യയിൽ ഭരണഘടന പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ കാണിച്ച് വൈമനസ്യം
- വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി
- രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടും എന്ന തോന്നൽ

**കിറ്റിന്ത്യ സമരത്തിൻറെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ**

- നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം
- കർഷകർ ഭൂനികുതി കൊടുക്കാൻ കൊണ്ടാകരുത്
- സർക്കാർ ജീവനക്കാർ രാജിവെക്കാതെ ദേശീയ പ്രസ്ഥാനത്തോടുള്ള കൂറും പരസ്യം ആക്കണം
- പട്ടാളക്കാർ സ്ഥാനം വെടിയാതെ സ്വന്തം ആൾക്കാർക്ക് നേരെ വെടിവെക്കാൻ വി സമ്മതിക്കണം
- സാധിക്കുമെങ്കിൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം

**വേറിട്ട വഴികൾ**

- ➔ ഗാന്ധിയൻ സമര രീതികളിൽനിന്നും ആശയങ്ങളിൽ നിന്നും വ്യത്യസ്തമായ കാഴ്ചപ്പാടുണ്ടായിരുന്ന പ്രസ്ഥാനങ്ങളും വ്യക്തികളും
- ➔ 1923 സ്വരാജ് പാർട്ടി സി ആർ ദാസും മോതി ലാൽനെഹ്റുവും നിയമസഭകളിലെ ബഹിഷ്കരിക്കുക അല്ല മറിച്ച് പോരാട്ടത്തിനും അഭിപ്രായത്തിനും ഉള്ള വേദികൾ ആക്കുകയാണ് വേണ്ടതെന്നും വാദിച്ചു

**ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ**

- ഭഗത് സിംഗ് ,ചന്ദ്രശേഖർ ആസാദ് , രാജ് ഗുരു, സുഖ്ദേവ് എന്നിവർ നേതൃത്വം നൽകി
- സായുധ വിപ്ലവത്തിനായി ഇവർ ആരംഭിച്ച സേനാ വിഭാഗം ആണ് റിപ്പബ്ലിക്കൻ ആർമി

**സുഭാഷ് ചന്ദ്ര ബോസ്**

- ➢ ഗാന്ധിയൻ സമര രീതികളോട് വിയോജിപ്പ് പ്രകടിപ്പിച്ചു
- ➢ ഫോർവേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയ പാർട്ടിക്ക് രൂപം നൽകി
- ➢ രാഷ് ബിഹാരി ബോസ് സ്ഥാപിച്ച ഐഎൻഎയുടെ നേതൃത്വം ഏറ്റെടുത്തു
- ➢ ജപ്പാനിലെ സഹായത്തോടെ ഇന്ത്യയുടെ വടക്കുകിഴക്കൻ അതിർത്തി ഇംഫാലിൽ ദേശീയ പതാക ഉയർത്തി
- ➢ സിംഗപ്പൂരിൽ വെച്ച് ഒരു താൽക്കാലിക ഗവൺമെൻറ് രൂപീകരിച്ചു
- ➢ ക്യാപ്റ്റൻ ലക്ഷ്മി - ഐഎൻഎയുടെ വനിതാ വിഭാഗമായ ഝാൻസിറാണി റെജിമെൻറ് രൂപീകരിച്ചു

**തൊഴിലാളി കർഷക പ്രസ്ഥാനങ്ങൾ**

- റഷ്യൻ വിപ്ലവത്തെ തുടർന്ന് സോഷ്യലിസ്റ്റ് ആശയങ്ങളുടെ സ്വാധീനം ഇന്ത്യയിൽ തൊഴിലാളി പ്രസ്ഥാനങ്ങൾ രൂപീകരിക്കുന്നതിന് ഇടയാക്കി
- അഹമ്മദാബാദ് ടെക്സ്റ്റൈൽ അസോസിയേഷൻ
- മദ്രാസ് ലേബർ യൂണിയൻ
- 1920 എഐടിയുസി രൂപീകരിച്ചു

**ലക്ഷ്യങ്ങൾ**

- തൊഴിലാളി വർഗ്ഗമെന്ന നിലയിൽ സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക
- ഇന്ത്യൻ തൊഴിലാളി വർഗ്ഗം രാജ്യത്തിനു പുറത്തുള്ള തൊഴിലാളി വർഗ്ഗവും ആയി ചേർന്ന് പ്രവർത്തിക്കുക

സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ സജീവപങ്കാളിത്തം വഹിക്കുക

**കർഷക പ്രസ്ഥാനങ്ങൾ**

N G രംഗയുടെ ശ്രമഫലമായി ലാഹോറിൽ വെച്ച് അഖിലേന്ത്യാ കിസാൻ കോൺഗ്രസ് സ്ഥാപിച്ചു

പിന്നീട് കിസാൻസഭ എന്ന പേര് സ്വീകരിച്ചു

ബോംബെയിൽ വച്ച് കിസാൻ മാനിഫെസ്റ്റ് രൂപം നൽകി

**കിസാൻ മാനിഫെസ്റ്റോയുടെ ആവശ്യങ്ങൾ**

- ഭൂനികുതി യും പാട്ടവും 50% കുറക്കുക
- കടങ്ങൾ മരവിപ്പിക്കുക
- ഫ്യൂഡൽ നികുതികൾ റദ്ദാക്കുക
- കർഷക തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുക
- കർഷക യൂണിറ്റുകളെ അംഗീകരിക്കുക

## സ്വാതന്ത്ര്യത്തിലേക്ക്

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടനെ നിർബന്ധമാക്കിയ വസ്തുതകൾ

- ➢ രണ്ടാം ലോകയുദ്ധാനന്തരം സാമ്രാജ്യത്ത ശക്തികളുടെ തകർച്ച അതുവഴി ബ്രിട്ടൺ ദുർബലമായി
- ➢ ഏഷ്യയിലും ആഫ്രിക്കയിലും സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടത്
- ➢ ലോകത്ത് രണ്ട് ശക്തികളായ USSR ഉം അമേരിക്കയും കോളനി വാഴ്ചക്കെതിരെ നിലപാടെടുത്തത്
- ➢ ബ്രിട്ടനിലെ ലേബർ പാർട്ടി അധികാരത്തിൽ വന്നത്
- ➢ മുഹമ്മദ് അലി ജിന്നയുടെ നേതൃത്വത്തിൽ സർവ്വേന്ത്യാ ലീഗ് പാകിസ്ഥാൻ എന്ന പ്രത്യേക രാജ്യം വേണമെന്ന് ആവശ്യപ്പെട്ടത്
- ➢ മൗണ്ട് ബാറ്റൻ പ്രഭുവിനെ ഇന്ത്യയുടെ വൈസ്രോയി ആയി നിയമിച്ചത്

**മൗണ്ട് ബാറ്റൺ പദ്ധതി**

- മുസ്ലിം ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേക രാജ്യം അനുവദിക്കേണ്ടതാണ്
- പഞ്ചാബ് ബംഗാളും രണ്ടായി വിഭജിക്കേണ്ടതാണ്
- വടക്ക പടിഞ്ഞാറൻ അതിർത്തി സംസ്ഥാനം പാകിസ്ഥാനിൽ ചേർക്കണോ വേണ്ടയോ എന്ന തീരുമാനിക്കുന്നതിന് ഒരു ഹിത പരിശോധന നടത്തുന്നതാണ്
- ബംഗാളിലെയും പഞ്ചാബിലെയും ഹിന്ദു-മുസ്‌ലിം സംസ്ഥാനങ്ങളുടെ അതിർത്തി നിർണയിക്കുന്നതിന് ഒരു അതിർത്തി നിർണയ കമ്മീഷനെ നിയമിക്കുന്നത് ആണ്

**ചോദ്യങ്ങൾ**

1. ഗാന്ധിജിയുടെ ആദ്യകാല സമരം പ്രദേശം, വർഷം, സമര കാരണം എന്നിവ ഉൾപ്പെടുത്തി പട്ടികപ്പെടുത്തുക

2. ഗാന്ധിജിയുടെ സമരരീതികൾ ഇന്ത്യൻ ജന സമൂഹത്തിൻറെ നേതാവായി അദ്ദേഹത്തെ മാറ്റിയതെങ്ങനെ .?

3. ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ട യുദ്ധം ഏത് ?

4 ബ്രിട്ടീഷ് ഭരണത്തിൻറെ അടിത്തറ ഇളക്കിയ സംഭവം ഏത് ?

5. നിസ്സഹകരണ സമരത്തിൻറെ സവിശേഷതകൾ എന്തെല്ലാം ?

**CH - 7**

## സ്വാതന്ത്ര്യാനന്തര ഇന്ത്യ

- നാട്ടുരാജ്യങ്ങളുടെ സംയോജനം
- ഇന്ത്യയും ബഹിരാകാശ ഗവേഷണവും
- വിദേശ നയം
- പഞ്ചശീല തത്വങ്ങൾ

- **നാട്ടുരാജ്യങ്ങളുടെ സംയോജനം**
- നാട്ടുരാജ്യങ്ങളുടെ സംയോജനത്തിന് ആയി ലയന കരാർ തയ്യാറാക്കിയത്
- സർദാർ വല്ലഭായി പട്ടേൽ ആഭ്യന്തരമന്ത്രി
- വി പി മേനോൻ സെക്രട്ടറി

**നാട്ടുരാജ്യങ്ങളുടെ സംയോജനം**

- നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാകിസ്ഥാനിലോ ചേരാനോ സ്വതന്ത്രരാജ്യമായി നിലകൊള്ളാനോ ഉള്ള അധികാരം നൽകി
- സർദാർ വല്ലഭായി പട്ടേലും വി പി മേനോൻ ചേർന്ന് ലയന കരാർ രൂപീകരിച്ചു
- ലയന കരാർപ്രകാരം പ്രതിരോധം വിദേശകാര്യം വാർത്താവിനിമയം എന്നിവ ഇന്ത്യൻ സർക്കാരിന് നൽകണം
- ജനകീയ പ്രതിഷേധങ്ങൾ ഇന്ത്യ ഗവൺമെൻറിൻറെ പ്രായോഗിക സമീപനം എന്നിവകൊണ്ട് ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയന കരാർ ഒപ്പുവച്ചു

ലയന കരാറിൽ ഒപ്പുവെക്കാൻ വിസമ്മതിച്ച ഹൈദരാബാദ്, കാശ്മീർ, ജൂനഗഡ് എന്നീ നാട്ടുരാജ്യങ്ങളെ അനുരഞ്ജനത്തിലൂടെയും സൈനിക നടപടിയിലൂടെ ഇന്ത്യൻ യൂണിയനിൽ ചേർത്തു

സ്വാതന്ത്ര്യലബ്ധിക്കു ശേഷവും ഇന്ത്യയിൽ അധീന രാജ്യങ്ങൾ ഉണ്ടായിരുന്നു

| രാജ്യങ്ങൾ | അധിനിവേശ പ്രദേശം | ഇന്ത്യയോട് ചേർക്കപ്പെട്ട വർഷം |
|---|---|---|
| ഫ്രാൻസ് | പോണ്ടിച്ചേരി, കാരയ്ക്കൽ, മാഹി, യാനം | 1954 |

| | | |
|---|---|---|
| പോർച്ചുഗൽ | ഗോവ ദാമൻ ദിയു | 1961 |

- സ്വാതന്ത്ര്യലബ്ധിക്കു ശേഷവും യൂറോപ്യൻ അധീനതയിലുണ്ടായിരുന്ന കേരളത്തിലെ പ്രദേശം

മാഹി മയ്യഴി

**ഇന്ത്യയും ബഹിരാകാശ ഗവേഷണവും**

**സ്വാതന്ത്ര്യാനന്തര ഇന്ത്യ ബഹിരാകാശ രംഗത്ത് കൈവരിച്ച പ്രധാന നേട്ടങ്ങൾ**

- ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപീകരണം
- ഐ എസ് ആർ ഓ സ്ഥാപിക്കൽ
- ആദ്യ ഉപഗ്രഹമായ ആര്യഭട്ട വിക്ഷേപണം
- ചന്ദ്രപര്യവേഷണ ദൗത്യവുമായി ചന്ദ്രയാൻ
- ചൊവ്വ ദൗത്യം - മംഗൾയാൻ

ആണവ ശാസ്ത്ര മേഖലയിലും ബഹിരാകാശ മേഖലയിലും സംഭാവന നൽകിയ ശാസ്ത്രജ്ഞൻമാർ

- വിക്രം സാരാഭായി, ഡോക്ടർ രാജാ രാമണ്ണ , ഡോക്ടർ എപിജെ അബ്ദുൽ കലാം
- മിസൈൽ മാൻ ഓഫ് ഇന്ത്യ - ഡോക്ടർ എപിജെ അബ്ദുൽ കലാം
- ഇന്ത്യൻ ബഹിരാകാശ ശാസ്ത്രത്തിൻറെ പിതാവ് - വിക്രം സാരാഭായി
- ഇന്ത്യയുടെ ആദ്യ റോക്കറ്റ് വിക്ഷേപണ കേന്ദ്രം - തുമ്പ
- ഭൂമിയിൽ നിന്നും ഏറ്റവും അകലെ എത്തിയ ഇന്ത്യൻ നിർമിത പേടകം - മംഗൾയാൻ

**വിദേശ നയം**

- ഇന്ത്യൻ വിദേശ നയത്തിൻറെ ശില്പി ജവഹർലാൽ നെഹ്റു
- **ഇന്ത്യൻ വിദേശ നയത്തിൻറെ പ്രധാന തത്വങ്ങൾ**

സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുള്ള എതിർപ്പ്

വംശീയ വാദത്തോടെ ഉള്ള വിദ്വേഷം

സമാധാനപരമായ സഹവർത്തിത്വം

ഐക്യരാഷ്ട്ര സഭയിൽ ഉള്ള വിശ്വാസം

പഞ്ചശീല തത്വങ്ങൾ

ചേരിചേരായ്മ

**പഞ്ചശീല തത്വങ്ങൾ**

1954 ഇന്ത്യ-ചൈന കരാർ

നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗ എൻ ലായിയും ഒപ്പുവെച്ച

പഞ്ചശീല തത്വങ്ങൾ

- രാജ്യത്തിൻറെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക
- പരസ്പരം ആക്രമിക്കാതിരിക്കുക
- സമത്വവും പരസ്പര സഹായവും പുലർത്തുക
- സമാധാനപരമായ സഹവർത്തിത്വം പാലിക്കുക
- ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക

**സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടി വന്ന വെല്ലുവിളികൾ**

- അഭയാർത്ഥി പ്രവാഹങ്ങൾ
- വിഭജനം
- നാട്ടുരാജ്യങ്ങളുടെ സംയോജനം
- വർഗീയലഹളകൾ

**ഭാഷ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം**

✗ ഭാഷാ അടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകരിക്കണമെന്ന ആവശ്യം

✗ 1920 നാഗ്പൂർ കോൺഗ്രസ് സമ്മേളനത്തിൽ ഭാഷ അടിസ്ഥാനത്തിൽ കോൺഗ്രസ് സംസ്ഥാന കമ്മിറ്റികളുടെ രൂപീകരണം

✗ ആന്ധ്ര സംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ട് സമരത്തിൽ പോറ്റി ശ്രീരാമലുൻറെ മരണം

✗ 1953 ആന്ധ്രയുടെ രൂപീകരണം

✗ സംസ്ഥാന പുനസംഘടന കമ്മീഷൻ രൂപീകരണം

✗ ചെയർമാൻ ഫസൽ അലി

✗ 1956 ഇന്ത്യൻ സംസ്ഥാന പുനസംഘടന നിയമം പാസ്സായി

✗ 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണപ്രദേശങ്ങളും നിലവിൽവന്നു

**സാമ്പത്തിക മേഖലയിലെ മുന്നേറ്റങ്ങൾ**

- പൊതുമേഖലയ്ക്ക് പ്രാധാന്യം നൽകുന്ന മിശ്ര സമ്പദ് വ്യവസ്ഥ
- കേന്ദ്രീകൃത സാമ്പത്തിക ആസൂത്രണം

- 1950 മാർച്ച് 15 ന് ആസൂത്രണ കമ്മീഷൻ നിലവിൽ വന്നു
- പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചു
- വിദേശ രാജ്യങ്ങളുടെ സഹായത്തോടെ ഇരുമ്പുരുക്കു വ്യവസായശാലകൾ ആരംഭിച്ചു

**ഭരണഘടന രൂപീകരണം**

- 1946 ഭരണഘടന നിർമ്മാണ സഭ രൂപീകരണം
- ചെയർമാൻ രാജേന്ദ്രപ്രസാദ്
- ഭരണഘടന ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാൻ ഡോക്ടർ ബി ആർ അംബേദ്കർ
- നിരവധി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ഭരണഘടനക്ക് രൂപം നൽകി
- 1956 ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നു

**സ്വാതന്ത്ര്യാനന്തര ഇന്ത്യ നേട്ടങ്ങൾ**

- നിരവധി ഗവേഷണ സ്ഥാപനങ്ങൾ നിലവിൽവന്നു
- ശാസ്ത്ര വ്യാവസായിക സമിതി
- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
- ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി
- ലോകോത്തര നിലവാരമുള്ള 5 എൻജിനീയറിങ് വിദ്യാലയങ്ങൾ സ്ഥാപിച്ചു
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സ്ഥാപിതമായി

**വിദ്യാഭ്യാസ കമ്മീഷനുകൾ**

| | |
|---|---|
| ഡോക്ടർ രാധാകൃഷ്ണൻ കമ്മീഷൻ 1948 | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം<br>സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം<br>യുജിസി രൂപീകരണം |
| ഡോ മുതൽ ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ 1952 | ത്രിഭാഷാ പദ്ധതി<br>സെക്കൻഡറി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻ<br>വിവിധ വിദേശ വിദ്യാലയങ്ങൾ സ്ഥാപിക്കൽ<br>അധ്യാപക പരിശീലന സമിതി രൂപീകരണം |
| ഡോ D S കോത്താരി കമ്മീഷൻ | 10+2+3 മാതൃക |

സെക്കൻഡറി തലത്തിൽ

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

മൂല്യ  വിദ്യാഭ്യാസത്തിന് ഊന്നൽ

**ദേശീയ വിദ്യാഭ്യാസ നയം 1986 നിർദ്ദേശങ്ങൾ**

- പ്രാഥമിക വിദ്യാഭ്യാസത്തിൽ തുടർ വിദ്യാഭ്യാസത്തിനും പ്രാധാന്യം
- ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി
- നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കൽ
- പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം

**ചോദ്യങ്ങൾ**

1. ഇന്ത്യൻ വിദേശ നയത്തിന്റെ മൂന്ന് പ്രധാന തത്വങ്ങൾ എഴുതുക
2. സ്വതന്ത്ര ഇന്ത്യ ബഹിരാകാശ രംഗത്ത് നേടിയ നേട്ടങ്ങൾ ഏവ
3. ഇന്ത്യൻ വിദേശ നയത്തിന്റെ പ്രധാന തത്വങ്ങൾ പട്ടികപ്പെടുത്തുക
4. പഞ്ചശീല തത്വങ്ങൾ കുറിപ്പ് തയ്യാറാക്കുക
5. നാട്ടുരാജ്യങ്ങളുടെ ഏകീകരണത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക
6. ചേർത്തെഴുതുക

| | |
|---|---|
| ഐഎസ്ആർഒ ചെയർമാൻ | A P J അബ്ദുൽ കലാം |
| റോക്കറ്റ് വിക്ഷേപണ കേന്ദ്രം | എഡ്യൂസാറ്റ് |
| മിസൈൽ മാൻ ഓഫ് ഇന്ത്യ | എസ് സോമനാഥ് |
| വിക്ടേഴ്സ് ചാനൽ | തുമ്പ |
| | വിക്രം സാരാഭായ് |

**പാർട്ട് ബി**

ചോദ്യങ്ങൾ

7. ഇന്ത്യൻ ഭരണഘടന ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാൻ

( ബി ആർ അംബേദ്കർ ഡോക്ടർ രാജേന്ദ്രപ്രസാദ് കെ എം പണിക്കർ)

8. സംസ്ഥാന പുനഃസംഘടന കമ്മീഷൻ ചെയർമാൻ

(  എച് എൻ കുൻസ്രുഫസൽ അലി കെ എം പണിക്കർ )

9. ഇന്ത്യയിലെ ഏറ്റവും വലിയ വിവിധോദ്ദേശ നദീതട പദ്ധതി ഏത്

( ഹിരാക്കുഡ് ഭക്രാനംഗൽ മലമ്പുഴ)

10. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ വിദ്യാഭ്യാസ മന്ത്രി -

11.ഇന്ത്യ വിൻസ് ഫ്രീഡം എന്ന ഗ്രന്ഥം രചിച്ചതാര്

12. വിദ്യാഭ്യാസ അവകാശ നിയമം പാസായ വർഷം -

13. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകൃതമായത് എങ്ങനെ

14. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടിവന്ന പ്രധാന പ്രശ്നങ്ങൾ ഏവ

15.1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ പട്ടികപ്പെടുത്തുക

16. "സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു" ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക

CH - 8

## കേരളം ആധുനികതയിലേക്ക്

- ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യ ആദ്യകാല ചെറുത്തുനിൽപ്പുകൾ
- പഴശ്ശി കലാപം
- പരിഷ്കരണ പ്രസ്ഥാനങ്ങളും സാമൂഹിക മാറ്റവും കേരളത്തിൽ
- സ്ത്രീകൾ നേതൃത്വം വഹിച്ച ദേശീയ സമരങ്ങൾ

**പഴശ്ശി കലാപങ്ങൾ**

- ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ മലബാർ ചെറുത്തുനിൽപ്പ് നടത്തിയത് കേരള വർമ്മ പഴശ്ശിരാജ ആണ്

കാരണങ്ങൾ

- മൈസൂർ യുദ്ധത്തിനുശേഷം നികുതി പിരിക്കാനുള്ള അധികാരം നൽകാതിരുന്നത് വയനാടിനെ മേൽ ബ്രിട്ടീഷുകാർ അവകാശവാദം ഉന്നയിച്ചത്

**പരിഷ്കരണ പ്രസ്ഥാനങ്ങളും സാമൂഹിക മാറ്റങ്ങളും**

- കേരളത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതായത്
- ആധുനിക വിദ്യാഭ്യാസത്തിൻറെ പ്രചാരം
- പാശ്ചാത്യ ആശയങ്ങളോടുള്ള സമ്പർക്കം
- പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം

കേരളത്തിൽ സാമൂഹിക മാറ്റത്തിനായി നടന്ന സമരങ്ങളും സംഭവങ്ങളും

| സമരം സംഭവം | കാരണം ലക്ഷ്യം |
|---|---|
| ചാന്നാർ ലഹള | മാറു മറക്കാനായി ചാന്നാർ സ്ത്രീകളുടെ സമരം |
| അരുവിപ്പുറം പ്രതിഷ്ഠ | ക്ഷേത്ര പൂജകളിൽ അവർണർക്കും അവകാശം |
| വൈക്കം സത്യാഗ്രഹം | പൊതുനിരത്തിലെ സഞ്ചാരസ്വാതന്ത്ര്യം |
| ഗുരുവായൂർ സത്യാഗ്രഹം | ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ഹിന്ദുക്കൾക്കും |

| | |
|---|---|
| | പ്രവേശനം |
| ക്ഷേത്രപ്രവേശന വിളംബരം | എല്ലാ വിഭാഗത്തിലും ക്ഷേത്രപ്രവേശന സ്വാതന്ത്ര്യം |

**കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കളും പ്രവർത്തനങ്ങളും**

| സാമൂഹിക പരിഷ്കർത്താക്കൾ | പ്രസ്ഥാനം / പ്രവർത്തനം |
|---|---|
| വൈകുണ്ഠസ്വാമികൾ | സമത്വ സ്വമാജം |
| ചട്ടമ്പിസ്വാമികൾ | കൂട്ടുകുടുംബം സംബന്ധം മരുമക്കത്തായം എന്നിവയ്ക്കെതിരെ പോരാടി |
| ശ്രീനാരായണഗുരു | ശ്രീനാരായണ ധർമ്മ പരിപാലന യോഗം |
| അയ്യങ്കാളി | സാധുജനപരിപാലന സംഘം |
| വാഗ്ഭടാനന്ദൻ | ആത്മവിദ്യാസംഘം |
| സഹോദരൻ അയ്യപ്പൻ | സഹോദര പ്രസ്ഥാനം |
| മന്നത്ത് പത്മനാഭൻ | നായർ സർവീസ് സൊസൈറ്റി |
| വീ ഭട്ടത്തിരിപ്പാട് | യോഗക്ഷേമസഭ |
| കുര്യാക്കോസ് ഏലിയാസ് ചാവറ | അനാഥാലയങ്ങളും വിദ്യാലയങ്ങൾ സ്ഥാപിച്ചു |
| വക്കം അബ്ദുൽ ഖാദർ മൗലവി | തിരുവിതാംകൂർ മുസ്ലിം മഹാജന സഭ |
| കുമാരഗുരുദേവൻ | പ്രത്യക്ഷ രക്ഷാ ദൈവസഭ |
| പണ്ഡിറ്റ് കെ പി കറുപ്പൻ | അരയ സമാജം |

**ദേശീയ പ്രസ്ഥാനവും സ്ത്രീകളും**

- കേരളമൊട്ടാകെ നടന്ന രാഷ്ട്രീയ പ്രക്ഷോഭങ്ങളിൽ സ്ത്രീകൾ സജീവമായി പങ്കെടുക്കുകയും രാഷ്ട്രീയബോധം പ്രകടിപ്പിക്കുകയും ചെയ്തു
- മലബാർ കലാപം വിദേശ വസ്ത്ര ബഹിഷ്കരണം മദ്യഷാപ്പ് പിക്കറ്റിങ് അയിത്തോച്ചാടനം ഹരിജനോദ്ധാരണം ഖാദി പ്രചാരണം എന്നിവ സ്ത്രീ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു
- 1931 കോൺഗ്രസ് വടകര സമ്മേളനത്തിന് ഭാഗമായി ആദ്യത്തെ മഹിളാ സമ്മേളനം

മലബാർ - എംപി കുട്ടിമാളുഅമ്മ

തിരുവിതാംകൂർ - അക്കമ്മ ചെറിയാൻ, ആനിമസ്ക്രീൻ തുടങ്ങിയവർ ദേശീയ പ്രക്ഷോഭത്തിന് നേതൃത്വം നൽകി

പാർട്ട് ബി

**കേരളത്തിലേക്ക് വന്ന യൂറോപ്യൻ ശക്തികൾ**

- പോർച്ചുഗീസുകാർ
- ഡച്ചുകാർ
- ഇംഗ്ലീഷുകാർ
- ഫ്രഞ്ച് കാർ

➔ കുളച്ചൽ യുദ്ധം

➔ 1741 ൽ

➔ മാർത്താണ്ഡവർമ്മ ഡച്ചുകാരെ പരാജയപ്പെടുത്തി

➔ ഡച്ച് ഭരണത്തിന് അന്ത്യം

➔ ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപം - ആറ്റിങ്ങൽ കലാപം 1721

**ബ്രിട്ടീഷ് ഭരണം കേരളത്തിലെ ഭൂ ബന്ധങ്ങളിൽ വരുത്തിയ മാറ്റങ്ങൾ**

- ബ്രിട്ടീഷ് ഭരണകാലത്തും കേരളത്തിലെ മണ്ണിൽ പണിയെടുക്കുന്ന കർഷകനും ഭൂമിയുടെ മേൽ അവകാശങ്ങൾ ഉണ്ടായിരുന്നില്ല
- നികുതി ഭാരം മൂലം കർഷകൻ പൊറുതിമുട്ടി
- കർഷകൻ ജന്മിമാർക്കും ബ്രിട്ടീഷുകാർക്കെതിരായി കലാപങ്ങൾ സംഘടിപ്പിച്ചു (മലബാർ കലാപം )
- കലാപ ശേഷം കർഷകർക്ക് നാമമാത്രമായെങ്കിലും അവകാശം ലഭിച്ചു

**കൃഷിയുടെ വാണിജ്യവൽക്കരണം കേരളത്തിലെ കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ**

കമ്പോളം ലക്ഷ്യമാക്കിയുള്ള കൃഷി

നെല്ലിന് പകരം തേങ്ങ കാപ്പി തേയില റബ്ബർ തേക്ക് എന്നിവ കൃഷി ചെയ്യാൻ തുടങ്ങി

**ബ്രിട്ടീഷ് ഭരണകാലത്ത് കേരളത്തിലെ ആധുനിക വ്യവസായ പുരോഗതി**

- ഭരണാധികാരികളുടെ പ്രോത്സാഹനത്തിൽ ആധുനിക വ്യവസായങ്ങൾ ആരംഭിച്ചു
- വ്യവസായങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ബ്രിട്ടീഷുകാര് നൽകി
- പള്ളിവാസൽ വൈദ്യുതനിലയം വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തി
- സമ്പന്നരുടെ കൂട്ടായ്മയെ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു
- ബാങ്കുകൾ ആരംഭിച്ചു
- വ്യാവസായിക പുരോഗതി നേടി

➢ ബ്രിട്ടീഷ് ഭരണകാലത്ത് കേരളത്തിൽ ആരംഭിച്ച വ്യവസായങ്ങൾ

പേപ്പർമിൽ - പുനലൂർ

FACT - കളമശ്ശേരി

സിറാമിക് - കുണ്ടറ

റബ്ബർ  വർക്ക് - തിരുവനന്തപുരം

ടാറ്റാ ഓയിൽ മിൽസ് - കൊച്ചി

അളഗപ്പ തുണിമിൽ - കൊച്ചി

**ബ്രിട്ടീഷ് ഭരണകാലത്തെ വിദ്യാഭ്യാസ രംഗത്തെ സ്വാധീനം**

- നിരവധി വ്യാകരണ ഗ്രന്ഥങ്ങളും നിഘണ്ടുക്കളും ഉണ്ടായി
- ജാതിമതഭേദമെന്യേ എല്ലാവർക്കും വിദ്യാഭ്യാസം
- സ്കൂളും കോളേജും സ്ഥാപിച്ചു
- 1917 ൽ ഗൗരി പാർവ്വതി ഭായി പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കി

**നിയമ രംഗത്തെ സ്വാധീനം**

- നീതിന്യായ വ്യവസ്ഥ പരിഷ്കരിച്ചു
- ഏകീകൃത ശിക്ഷാവിധികൾ നടപ്പിലാക്കി
- നിയമത്തിനു മുന്നിൽ എല്ലാവരും സമന്മാർ ആയി
- വിവിധ സ്ഥലങ്ങളിൽ കോടതികൾ സ്ഥാപിച്ചു

**കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ച മിഷനറി സംഘങ്ങൾ**

ലണ്ടൻ മിഷണറി സൊസൈറ്റി - തിരുവിതാംകൂർ

ചർച്ച് മിഷൻ സൊസൈറ്റി കൊച്ചി - തിരുവിതാംകൂർ

ബാസൽ ഇവാഞ്ചലിക്കൽ മിഷൻ - മലബാർ

**സംഭവങ്ങളും വ്യക്തികളും**

കുണ്ടറ വിളംബരം - വേലുത്തമ്പിദളവാ

ഈഴവ മെമ്മോറിയൽ - ഡോക്ടർ പൽപ്പു

മലയാളി മെമ്മോറിയൽ - ജി പി പിള്ള

വൈക്കം സത്യാഗ്രഹം - ടികെ മാധവൻ

ഗുരുവായൂർ സത്യാഗ്രഹം - കെ കേളപ്പൻ

കീഴരിയൂർ ബോംബ് കേസ് - കെ ബി മേനോൻ

**ഐക്യകേരള രൂപീകരണം വിവിധ ഘട്ടങ്ങൾ**

- 1920 നാഗ്പൂർ കോൺഗ്രസ് സമ്മേളനം ഭാഷ അടിസ്ഥാനത്തിൽ സംസ്ഥാന കമ്മീഷൻ രൂപീകരണം
- 1921 ഒന്നാം കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം

- കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റികൾ നിലവിൽ വന്നു
- പയ്യന്നൂർ കോൺഗ്രസ് സമ്മേളനം(നെഹ്റു )

- 1947 ഐക്യ കേരള കൺവെൻഷൻ (ആലുവ)
- 1949 തിരുകൊച്ചി സംസ്ഥാന രൂപീകരണ പ്രക്ഷോഭങ്ങൾ
- ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണത്തിന് പ്രക്ഷോഭങ്ങൾ

➢ 1956 നവംബർ 1 കേരള സംസ്ഥാന രൂപീകരണം ഇഎംഎസ്

**ചോദ്യങ്ങൾ**

**പാർട്ട് A**

1. ദേശീയ പ്രക്ഷോഭത്തിൽ സ്ത്രീകൾ വഹിച്ച പങ്കിനെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക
2. പഴശ്ശിരാജ ബ്രിട്ടീഷുകാർക്കെതിരെ പ്രതിഷേധിക്കാൻ കാരണമെന്ത്
3. കേരളത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതായതെങ്ങിനെ
4. ശരിയാക്കി എഴുതുക

| | |
|---|---|
| വൈകുണ്ഠസ്വാമികൾ | ശ്രീനാരായണ ധർമ്മ പരിപാലന യോഗം |
| ശ്രീനാരായണഗുരു | യോഗക്ഷേമസഭ |
| വീട്ടി ഭട്ടത്തിരിപ്പാട് | സമത്വ സമാജം |
| വാഗ്ഭടാനന്ദൻ | അരയ സമാജം |
| | ആത്മവിദ്യാസംഘം |

**5. കാലഗണന ക്രമത്തിൽ ആക്കുക**

വൈക്കം സത്യാഗ്രഹം

ചാന്നാർ ലഹള

ഗുരുവായൂർ സത്യാഗ്രഹം

അരുവിപ്പുറം പ്രതിഷ്ഠ

പാർട്ട് B

6. ഒന്ന് ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപം ഏത്
7. കുളച്ചൽ യുദ്ധം നടന്ന വർഷം
8. കുണ്ടറ വിളംബരം നടത്തിയ ഭരണാധികാരി

(പഴശ്ശിരാജ,  വേലുത്തമ്പിദളവ , പാലിയത്തച്ചൻ)

9. മലയാളത്തിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ ഗ്രന്ഥം

10. പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിയ ഭരണാധികാരി ആരാണ്

( വേലുത്തമ്പിദളവ, മാർത്താണ്ഡവർമ്മ, ഗൗരി പാർവതി ഭായി )

CH - 9

## രാഷ്ട്രവും രാഷ്ട്രതന്ത്ര ശാസ്ത്രവും

ക്ഷേമ രാഷ്ട്രം എന്ന ആശയം നിലവിൽ വന്നതോടെ രാഷ്ട്രത്തിന് ചുമതലകൾ ഗണ്യമായി വർദ്ധിച്ചു

| രാഷ്ട്രത്തിൻറെ ചുമതലകൾ | വിവേചനപരമായ ചുമതല |
|---|---|
| നിർബന്ധിതമായ ചുമതലകൾ<br>അതിർത്തി സംര ക്ഷണം<br>ആഭ്യന്തര സമാധാനം<br>അവകാശ സംരക്ഷണം<br>നീതി നടപ്പാക്കൽ | ആരോഗ്യ സംരക്ഷണം നൽകുക<br>വിദ്യാഭ്യാസ സൗകര്യമൊരുക്കുക<br>ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക<br>ഗതാഗത സൗകര്യം ഒരുക്കുക |

➔ രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങൾ

രാഷ്ട്രം എങ്ങനെ നിലവിൽ വന്നു എന്നെ വിശദമാക്കുന്ന സിദ്ധാന്തങ്ങൾ

രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങൾ

| ദൈവദത്ത സിദ്ധാന്തം | പരിണാമ സിദ്ധാന്തം | സാമൂഹിക ഉടമ്പടി സിദ്ധാന്തം | ശക്തി സിദ്ധാന്തം |
|---|---|---|---|
| രാഷ്ട്രം ദൈവ സൃഷ്ടി<br>രാജാവ് ദൈവത്തിൻറെ പ്രതിപുരുഷൻ<br>ദൈവത്തോട് മാത്രം കടപ്പാട് | ചരിത്രസൃഷ്ടി<br><br>സാമൂഹിക പരിണാമ പ്രക്രിയയുടെ ഫലമായി രൂപം കൊണ്ടു | ജനങ്ങൾ രൂപംനൽകിയ ഒരു കരാറിലൂടെ നിലവിൽവന്നു<br><br>മനുഷ്യൻറെ ആവശ്യങ്ങൾ | ശക്തരായ അവർ ദുർബലരുടെ മേൽ ആധിപത്യം സ്ഥാപിച്ചു<br><br>അതിലൂടെ രാഷ്ട്രം രൂപീകൃതമായി |

| | | | |
|---|---|---|---|
| | | സാക്ഷാത്കരിക്കുന്നതിന് വേണ്ടി രാഷ്ട്രത്തിന് രൂപം നൽകി | |

**പൗരത്വം**

- ഒരു രാജ്യത്തെ പൂർണവും തുല്യമായ അംഗത്വമാണ് പൗരത്വം
- അവകാശ ത്തോടൊപ്പം കടമ
- ഭരണനിർവ്വഹണത്തിൽ പൗരൻ റെ പങ്കാളിത്തം
- രാഷ്ട്രീയ അവകാശങ്ങൾ ഇലൂടെ ഉറപ്പുവരുത്തുന്നു

**പൗരത്വം**

| സ്വാഭാവിക പൗരത്വം | ആർജ്ജിത പൗരത്വം |
|---|---|
| ജന്മനാ ലഭിക്കുന്നു | ഒരു രാജ്യത്ത് നിലവിലുള്ള നിയമാനുസൃത നട പടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്ന പൗരത്വം ആണ് ആർജ്ജിത പൗരത്വം |

പാർട്ട് ബി

**രാഷ്ട്രം**

- ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്ന വരും പരമാധികാരമുള്ള ഗവൺമെൻറ് കൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം

രാഷ്ട്രത്തിന് ഉണ്ടായിരിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ

**ജനങ്ങൾ - ഭൂപ്രദേശം - ഗവൺമെൻറ് - പരമാധികാരം**

പരമാധികാരം

അഭ്യന്തര തലം:- ഭൂപ്രദേശ പരിധിക്കുള്ളിൽ എല്ലാ വിഷയങ്ങളിലും തീരുമാനമെടുക്കാനുള്ള അധികാരം

ബാഹ്യതലം:- അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായി തീരുമാനം എടുക്കാനുള്ള അധികാരം

**രാഷ്ട്രതന്ത്ര ശാസ്ത്രത്തിൻറെ പ്രധാന പഠനമേഖലകൾ**

- രാഷ്ട്രീയ സിദ്ധാന്തങ്ങൾ
- അന്തർദേശീയ രാഷ്ട്രീയം
- താരതമ്യ രാഷ്ട്രീയം
- പൊതുഭരണം

ചോദ്യങ്ങൾ

പാർട്ട് A

1. പട്ടിക പൂർത്തിയാക്കുക

| നിർബന്ധമായ ചുമതലകൾ | വിവേചനപരമായ ചുമതലകൾ |
|---|---|
| • <br>• അഭ്യന്തര സമാധാനം<br>• <br>• | • <br>• <br>• <br>• ഗതാഗത സൗകര്യം ഒരുക്കുക |

2. രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങൾ ഏതെല്ലാം ? വിശദമാക്കുക

3. എന്താണ് പൗരത്വം ? സ്വാഭാവിക പൗരത്വവും ആർജിത് പൗരത്വവും വിശദീകരിക്കുക ?

പാർട്ട് B

4. എന്താണ് രാഷ്ട്രം ?

5. ഒരു രാഷ്ട്രത്തിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ ഏതെല്ലാം ?

6. എന്താണ് പരമാധികാരം?

7. രാഷ്ട്രതന്ത്ര ശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ ഏതെല്ലാം ?

CH -10

# പൗരബോധം

പൗരബോധം എങ്ങനെ വളർത്തിയെടുക്കാം

- സാമൂഹിക നന്മ പൂർണമായും ഉൾക്കൊണ്ട് കൊണ്ട് നടത്തുന്ന ക്രിയാത്മക ഇടപെടലിലൂടെ പൗരബോധം വളർത്തിയെടുക്കാം

**കുടുംബം**

ഒരു വ്യക്തിയും കുടുംബത്തിനുവേണ്ടി കുടുംബം സമൂഹത്തിന് വേണ്ടിയുമാണെന്ന ബോധ്യം കുടുംബാന്തരീക്ഷത്തിൽ വളർത്തിയെടുക്കണം

**വിദ്യാഭ്യാസം**

മൂല്യബോധം സഹിഷ്ണത നേതൃത്വഗുണം പരിസ്ഥിതിബോധം ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ വിദ്യാഭ്യാസം സഹായിക്കും

**സംഘടനകൾ**

സേവന സന്നദ്ധതയോടെ പ്രവർത്തിക്കാൻ വ്യക്തിയെ പ്രാപ്തൻ ആക്കുന്നു

**മാധ്യമങ്ങൾ**

ശരിയായായും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മകമായി ആശയ രൂപീകരണത്തിലേക്ക് വ്യക്തിയെ നയിക്കുന്നു

**ജനാധിപത്യം**

എല്ലാവരും നിയമവിധേയമാണ് എന്നതിൻറെ അടിസ്ഥാനത്തിൽ ജനാധിപത്യം നിയമവാഴ്ച വിശ്വസിക്കുന്നു

**പൗരബോധം വെല്ലുവിളികൾ**

- പൊതു താത്പര്യങ്ങളെ അവഗണിച്ച് സ്വന്തം താല്പര്യങ്ങൾക്ക് വേണ്ടി എന്തും ചെയ്യാൻ തയ്യാറാവുന്ന

  **പരിഹാരം**

- സ്വയം വിമർശനം
- പൊതുതാൽപര്യ ഹനിക്കാതെ സ്വന്തം താല്പര്യത്തിനു ശ്രമിക്കുക
- സ്വയം മാറുക
- അവകാശങ്ങൾക്കൊപ്പം ചുമതലകളും തുല്യ പരിഗണന നൽകുക

പാർട്ട് B

**പൗരബോധം നിയന്ത്രിക്കുന്ന ഘടകങ്ങൾ**

- ജീവിതസാഹചര്യങ്ങൾ
- അനുഭവങ്ങൾ
- പൗരബോധവും ധാർമികതയും
- നന്മതിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവഹിക്കുകയും ആണ് ധാർമികത

**ചോദ്യങ്ങൾ**

പാർട് A

1. പദസൂര്യൻ പൂർത്തിയാക്കുക




2. പൗരബോധം രൂപീകരണത്തിൽ വിദ്യാഭ്യാസത്തിൻറെ പങ്കു വിശദമാക്കുക ?
3. പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്ത് ?
4. പൗരബോധം നേരിടുന്ന വെല്ലുവിളികളെ എങ്ങനെ നേരിടാം?

പാട്ട് B

5. പൗരബോധം രൂപീകരണത്തിൽ സാമൂഹ്യശാസ്ത്ര പഠനത്തിൻറെ പങ്ക് വിശദീകരിക്കുക ?

CH -10

# സമൂഹശാസ്ത്രം എന്ത് ? എന്തിന്?

### പാർട്ട് എ

**സമൂഹ ശാസ്ത്രത്തിൻറെ ആവിർഭാവത്തിന് കാരണമായ വിപ്ലവങ്ങൾ**

- ജ്ഞാനോദയം അഥവാ ശാസ്ത്ര വിപ്ലവം
- ഫ്രഞ്ച് വിപ്ലവം
- വ്യാവസായിക വിപ്ലവം

പടിഞ്ഞാറൻ യൂറോപ്പിൽ ഉൽഭവിച്ചു

- അഗസ്റ്റ് കോംതെ - പിതാവ്

ആദ്യകാല ചിന്തകർ

- അഗസ്റ്റ് കോംതെ - പിതാവ്
- ഹെർബർട്ട് സ്പെൻസർ - മനുഷ്യസമൂഹ പരിണാമം ( സോഷ്യൽ ഡാർവിനിസം )
- കാൾ മാർക്സ്
- എമൈൽ ദുർഖിം
- മാക്സ് വെബർ
- ജി.എസ് ഘുര്യേ
- എം എൻ ശ്രീനിവാസ് ഇന്ത്യക്കാർ
- ഡിപി മുഖർജി

**സമൂഹശാസ്ത്രത്തിലെ പഠനരീതികൾ**

- സോഷ്യൽ സർവ്വേ
- അഭിമുഖം
- നിരീക്ഷണം
- കേസ് സ്റ്റഡി

**സോഷ്യൽ സർവേ**

- തെരഞ്ഞെടുക്കുന്ന നിശ്ചിത എണ്ണം ആളുകളിൽ ( പ്രതി കർത്താക്കൾ ) മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് നടത്തുന്ന സർവ്വേ

**അഭിമുഖം**

- വാമൊഴിയായി വിവരശേഖരണം നടത്തുന്നു
- വ്യക്തികളുടെ മനോഭാവം, കാഴ്ചപ്പാട്, വിശ്വാസം, ജീവിതചര്യ തുടങ്ങിയ കാര്യങ്ങളിൽ സൂക്ഷ്മതലത്തിൽ അറിയുന്നതിനും വിശകലനം നടത്തുന്നതിനും ഉപയോഗിക്കുന്നു

**നിരീക്ഷണം**

- കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണ് നിരീക്ഷണം

**രണ്ടുതരം നിരീക്ഷണം**

- പങ്കാളിത്ത നിരീക്ഷണം ഫീൽഡ് വർക്ക്
- പങ്കാളിത്ത രഹിത നിരീക്ഷണം

**കേസ് സ്റ്റഡി**

ഒരു സാമൂഹിക വിഷയത്തെ കുറിച്ചുള്ള വിശദമായ പഠനമാണ് കേസ് സ്റ്റഡി

പാർട്ട് ബി

**സമൂഹശാസ്ത്ര പഠനം**

- സാമൂഹിക പ്രതിഭാസങ്ങൾ/ വിഷയങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു
- സാമൂഹിക അവസ്ഥകളെ കാര്യകാരണ ബന്ധത്തിൽ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നു
- സമൂഹത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു

**സമൂഹശാസ്ത്രം എന്ത് ?**

- മനുഷ്യ ജീവിതത്തിൻറെ സാമൂഹിക വശങ്ങളെക്കുറിച്ച് നടത്തുന്ന ശാസ്ത്രീയ പഠനം ആണ് സമൂഹശാസ്ത്രം
- മനുഷ്യ ജീവിതത്തെ കുറിച്ച് പഠിക്കുന്നു
- മനുഷ്യനും അവൻറെ ചുറ്റുപാടുകളും തമ്മിലുള്ള പരസ്പര ബന്ധത്തെ കുറിച്ച് പഠിക്കുന്നു

# സാമൂഹ്യ ശാസ്ത്രം II

## CH: 1 ഋതുഭേദങ്ങളും സമയവും

പ്രധാന ആശയങ്ങൾ :

- സൂര്യന്റെ അയനവും ഋതുഭേദങ്ങളും
- ഭൂമിയുടെ ഭ്രമണവും സമയ നിർണയവും
- ഗ്രീനിച്ച് സമയവും സമയ മേഖലയും
- ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം
- അന്താരാഷ്ട്ര ദിനാങ്ക രേഖ

സൂര്യന്റെ അയനം :

അച്ചുതണ്ടിന്റെ സമാന്തരത മൂലം ഭൂമിക്ക് ആപേക്ഷികമായി സൂര്യന്റെ സ്ഥാനത്തിൽ മാറ്റമുണ്ടാകുന്നു
ഉത്തരായന ദക്ഷിണായനരേഖകൾക്കിടയിലൂടെ സൂര്യന്റെ ആപേക്ഷിക സ്ഥാനമാറ്റം ആണ് സൂര്യന്റെ അയനം

ഉത്തരായനം : ദക്ഷിണായന രേഖയിൽ നിന്ന് ഉത്തരായനരേഖയിലേക്കുള്ള സൂര്യന്റെ അയനം.

ദക്ഷിണായനം : ഉത്തരായനരേഖയിൽ നിന്ന് ദക്ഷിണായനരേഖയിലേക്കുള്ള സൂര്യന്റെ അയനം.

സമരാത്ര ദിനങ്ങൾ അഥവാ വിഷുവങ്ങൾ :

- മാർച്ച് 21, സെപ്റ്റംബർ 23 എന്നീ ദിവസങ്ങളിൽ സൂര്യന്റെ ആപേക്ഷിക സ്ഥാനം ഭൂമധ്യരേഖക്ക് നേർമുകളിൽ
- ഉത്തരാർദ്ധഗോളത്തിലും ദക്ഷിണാർദ്ധഗോളത്തിലും തുല്യ അളവിൽ സൂര്യപ്രകാശം
- രണ്ടു അർദ്ധഗോളങ്ങളിലും രാത്രിയുടെയും പകലിനെയും ദൈർഘ്യം തുല്യമായിരിക്കും

ഗ്രീഷ്മ അയനാന്ത ദിനം :

- സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരായനരേഖയുടെ നേർമുകളിൽ എത്തുന്ന ദിനം
- ജൂൺ 21 ഗ്രീഷ്മ അയനാന്ത ദിനം
- ഉത്തരാർധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു

ശൈത്യ അയനാന്ത ദിനം :

- സൂര്യന്റെ ആപേക്ഷിക സ്ഥാനം ദക്ഷിണായനരേഖയുടെ നേർമുകളിൽ എത്തുന്ന ദിനം
- ഡിസംബർ 22 ശൈത്യ അയനാന്ത ദിനം
- ദക്ഷിണാർദ്ധ ഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു.

ഋതുഭേദങ്ങൾക്ക് കാരണം :

- സൂര്യ അയനം
- അച്ചുതണ്ടിന്റെ സമാന്തരത
- ഭൂമിയുടെ പരിക്രമണം

പട്ടിക

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ |
|---|---|---|

| | | ഉത്തരാർധ ഗോളത്തിൽ | ദക്ഷിണാർധ ഗോളത്തിൽ |
|---|---|---|---|
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | ഭൂമധ്യ രേഖയിൽ നിന്ന് ഉത്തരായന രേഖയിലേക്ക് | വസന്തം | ഹേമന്തം |
| ജൂൺ 21 മുതൽ സെപ്റ്റംബർ 23 വരെ | ഉത്തരായന രേഖയിൽ നിന്ന് ഭൂമധ്യ രേഖയിലേക്ക് | ഗ്രീഷ്മം | ശൈത്യം |
| സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | ഭൂമധ്യ രേഖയിൽ നിന്ന് ദക്ഷിണായന രേഖയിലേക്ക് | ഹേമന്തം | വസന്തം |
| ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ദക്ഷിണായന രേഖയിൽ നിന്ന് ഭൂമധ്യ രേഖയിലേക്ക് | ശൈത്യം | ഗ്രീഷ്മം |

സൂര്യന്റെ അയനം മൂലമാണ് ഭൂമിയിൽ ഋതുഭേദങ്ങൾ ഉണ്ടാവുന്നത്
സൂര്യരശ്മികൾ  ലംബമായി പതിക്കുന്ന അർദ്ധ ഗോളങ്ങളിൽ ചൂട് പൊതുവേ കൂടുതലായിരിക്കും - ഗ്രീഷ്മകാലം
സൂര്യരശ്മികൾ ചെരിഞ്ഞു പതിക്കുന്ന അർദ്ധ ഗോളങ്ങളിൽ ചൂട് പൊതുവേ കുറവായിരിക്കും - ശൈത്യകാലം
ശൈത്യ കാലത്തിൽനിന്ന് ഉഷ്ണ കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലം - വസന്തകാലം
വേനലിൽ നിന്ന് ശൈത്യത്തിലേക്കുള്ള മാറ്റത്തിന്റെ കാലം  - ഹേമന്തകാലം

വസന്തകാലത്തിന്റെ സവിശേഷതകൾ :

- ചെടികൾ തളിർക്കുന്നു, പുഷ്പിക്കുന്നു
- മാർച്ച് , ഏപ്രിൽ മാസം
- മാവ് പൂക്കുന്നു, പ്ലാവ് കായ്ക്കുന്നു

ഹേമന്തകാലത്തിന്റെ സവിശേഷതകൾ :

- അന്തരീക്ഷ ഊഷ്മാവ്  ഗണ്യമായി കുറയുന്നു
- പകലിന്റെ ദൈർഘ്യം കുറയുന്നു
- വൃക്ഷങ്ങൾ ഇല പൊഴിക്കുന്നു

ഗ്രീഷ്മ കാലം  :

- അന്തരീക്ഷതാപം വർദ്ധിക്കുന്നു
- വരൾച്ച അനുഭവപ്പെടുന്നു
- ജലാശയങ്ങൾ വറ്റുന്നു

ശൈത്യകാലം :

- തണുപ്പ് വർധിക്കുന്നു
- മഞ്ഞുവീഴ്ച

<u>ഭൂമിയുടെ ഭ്രമണവും സമയ നിർണ്ണയവും</u>

ഭ്രമണത്തിന്റെ സവിശേഷതകൾ :

- രാത്രിയും പകലും
- പടിഞ്ഞാറ് നിന്ന് കിഴക്കോട്ട്
- 24 മണിക്കൂർ
- സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്നു

- സൂര്യന്റെ ഉച്ചനിലയെ  ആധാരമാക്കി നിർണയിക്കുന്ന സമയത്തെ പ്രാദേശികസമയം എന്നറിയപ്പെടുന്നു.
- ഭൂ ഭ്രമണം പടിഞ്ഞാറുനിന്ന് കിഴക്കോട്ട് ആയതിനാൽ സൂര്യോദയം ഒരു പ്രദേശത്തിൻറെ കിഴക്കുദിക്കിൽ അനുഭവപ്പെടുന്നു.

  ഭൂമിയുടെ കോണളവ് $360^0$ ആണ്
- ഒരു ഭ്രമണം പൂർത്തിയാക്കാൻ എടുക്കുന്ന സമയം 24 മണിക്കൂർ ആണ് . അതായത് 360 ഡിഗ്രി തിരിയാൻ  ഭൂമിക്ക് വേണ്ടത് 24 മണിക്കൂറാണ് (24 X 60 മിനിറ്റ്=1440 മിനിറ്റ്)

  ഒരു ഡിഗ്രി രേഖാംശം തിരിയാൻ ആവശ്യമായ സമയം = $1440/360^0$ മിനിറ്റ് = 4 മിനിറ്റ്
- കിഴക്കോട്ട് ഓരോ ഡിഗ്രി രേഖാംശത്തിലും 4  മിനിറ്റ് കൂടിയും പടിഞ്ഞാറോട്ട് 4 മിനിറ്റ് കുറഞ്ഞും വരുന്നു

ഗ്രീനിച്ച് സമയവും സമയ മേഖലയും :

- $0^0$ രേഖാംശരേഖ
- ലോകത്താകമാനം സമയം നിർണയിക്കുന്നതിനുള്ള അടിസ്ഥാന രേഖ ( പ്രൈം മെറിഡിയൻ )
- ഇംഗ്ലണ്ടിലെ ഗ്രീനിച്ച് എന്ന സ്ഥലത്ത് കൂടെ കടന്നു പോകുന്നു
- ഈ രേഖ അടിസ്ഥാനമാക്കി ഒരു മണിക്കൂർ വീതം സമയവ്യത്യാസം ഉള്ള 24 സമയമേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു
- ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയമാണ് ഗ്രീനിച്ച് സമയം

സ്റ്റാൻഡേർഡ് സമയം :

- ഓരോ രാജ്യത്തും സമയ നിർണയത്തിന് അടിസ്ഥാനമാക്കുന്ന രേഖാംശരേഖ മാനകരേഖാംശം
- മാനകരേഖാംശത്തിലെ  പ്രാദേശിക സമയമാണ് മാനക സമയം

ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം :

- $82_{1/2}{}^0$ പൂർവ രേഖാംശം ആണ് ഇന്ത്യയുടെ മാനക രേഖാംശം
- ഇന്ത്യയുടെ മാനക രേഖാംശത്തിലെ പ്രാദേശിക സമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം
- ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീൻവിച്ച് സമയത്തേക്കാൾ അഞ്ചര മണിക്കൂർ കൂടുതലാണ്

അന്താരാഷ്ട്ര ദിനാങ്ക രേഖ :

- $180^0$ രേഖാംശരേഖ
- കര ഭാഗത്തെ ഒഴിവാക്കി കടലിലൂടെ വളച്ചു വരച്ചിരിക്കുന്നു
- പസഫിക് സമുദ്രത്തിലെ ബെറിങ്ങ് കടലിടുക്കിലൂടെ കടന്നുപോകുന്നു
- ഈ രേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ ഒരു ദിവസത്തെ (24 മണിക്കൂർ) സമയ വ്യത്യാസമുണ്ട്
- ഈ രേഖക്ക് പടിഞ്ഞാറ് 24 മണിക്കൂർ കൂടുതലും കിഴക്ക് 24 മണിക്കൂർ കുറവും ആയിരിക്കും

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഭൂമിയുടെ അച്ചുതണ്ടിന് ലംബ തലത്തിൽ നിന്നുള്ള ചെരിവ് ---- ആണ്
2. ഋതുഭേദങ്ങൾക്കുള്ള കാരണം ----- ആണ്
3. സൂര്യന്റെ ആപേക്ഷിക സ്ഥാനം ദക്ഷിണായന രേഖയ്ക്കു മുകളിൽ വരുന്ന ദിവസം (ഡിസംബർ 22 ) ഉത്തരാർദ്ധഗോളത്തിൽ ഏത് പേരിൽ അറിയപ്പെടുന്നു ?
4. പരിക്രമണ വേളയിൽ സൂര്യന്റെ സ്ഥാനം ഭൂമധ്യരേഖക്ക് നേർമുകളിൽ വരുന്ന ദിനങ്ങൾ ഏത് ?
5. എന്താണ് ഭൂമിയുടെ അച്ചുതണ്ടിന്റെ സമാന്തരത?
6. സൂര്യന്റെ അയനം എന്നാൽ എന്ത് ? അതിന്റെ കാരണം എന്ത് ?

7 ഇന്ത്യയിൽ സൂര്യോദയം ആദ്യം കാണുന്നത് അരുണാചൽപ്രദേശ് ഉള്ളവരാണ്. കാരണമെന്ത്?
8. ഒരു രാജ്യത്ത് നിരവധി പ്രാദേശിക സമയങ്ങൾ ഉണ്ടായാൽ അത് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ എന്തെല്ലാം ?
9. ഇന്ത്യയുടെ മാനക രേഖാംശം ഏത് ? ഗ്രീനിച്ച് സമയത്തിൽ നിന്ന് ഇത് എത്ര സമയം വ്യത്യാസപ്പെട്ടിരിക്കുന്നു ?
10. ഉത്തരായനം, ദക്ഷിണായനം എന്നിവയുടെ പ്രത്യേകതകൾ താരതമ്യം ചെയ്യുക.
11. ദക്ഷിണാർദ്ധഗോളത്തിൽ ഗ്രീഷ്മകാലം ആയിരിക്കുമ്പോൾ ഉത്തരാർദ്ധഗോളത്തിൽ ഏത് കാലമായിരിക്കും?
12. മാനകരേഖാംശത്തെ അടിസ്ഥാനമാക്കിയുള്ള സമയമാണ് -----
13 ഗ്രീനിച്ച് രേഖ പ്രൈം മെറിഡിയൻ എന്നു വിളിക്കാൻ കാരണം എന്ത് ?
14. ഋതുഭേദങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങൾ ഏവ ?
15. വിവിധതരം ഋതുക്കൾ ഏവ ? അവയുടെ സവിശേഷതകൾ വിശദമാക്കുക
16. സമയം നിർണയ ഗ്രീനിച്ച് രേഖ അന്താരാഷ്ട്ര ദിനാങ്ക രേഖ എന്നീ രേഖാംശ രേഖകളുടെ പ്രാധാന്യം വിശദമാക്കുക
17. അന്താരാഷ്ട്ര ദിനാങ്ക രേഖ പൂർണ്ണമായും കരഭാഗങ്ങൾ ഒഴിവാക്കി ചിത്രീകരിച്ചിരിക്കുന്ന രേഖയാണ്. എന്തുകൊണ്ട് ?
18 ഓരോ ഡിഗ്രി രേഖാംശ രേഖയിൽ സമയവ്യത്യാസം നാല് മിനിട്ടാണ് -- എങ്ങനെയാണ് ഇത് കണക്കാക്കുന്നത് ?
19 ഗ്രീനിച്ചു നിന്ന് കിഴക്കോട്ടും പടിഞ്ഞാറോട്ടും പോകുമ്പോൾ സമയത്തിൽ ഉണ്ടാവുന്ന മാറ്റം വിവരിക്കുക
20. കുറിപ്പ് എഴുതുക -- ഗ്രീഷ്മ അയനാന്ത ദിനം -- ശൈത്യ അയനാന്ത ദിനം
21. ഇന്ത്യൻ സമയം ഞായറാഴ്ച വൈകുന്നേരം 4 30 ന് നടക്കുന്ന ക്രിക്കറ്റ് മത്സരം ജപ്പാനിലെ($135^0$ ) ജനങ്ങൾക്ക് തത്സമയം കാണാൻ കഴിയുന്ന സമയം കണ്ടെത്തുക
22. പ്രാദേശിക സമയം എന്നാൽ എന്ത് ?
23. മാനകരേഖാംശം, മാനക സമയം ഇവ വ്യക്തമാക്കുക
24 ഇന്ത്യയിൽ ഞായറാഴ്ച ഉച്ചയ്ക്ക് ഒരു മണി ആയിരിക്കുമ്പോൾ ഗ്രീനിച്ച് സമയം എത്രയായിരിക്കും?
25. സൂര്യ പ്രകാശത്തിന്റെ ലഭ്യതയിൽ ഉള്ള ഏറ്റക്കുറച്ചിലുകളാണ് ഋതുഭേദങ്ങൾക്ക് അടിസ്ഥാനം വിശദീകരിക്കുക

## CH: 2 കാറ്റിന്റെ ഉറവിടം തേടി

പ്രധാന ആശയങ്ങൾ :

- അന്തരീക്ഷമർദ്ദം
- ഉയരവും അന്തരീക്ഷ മർദ്ദവും
- താപവും അന്തരീക്ഷ മർദ്ദവും
- ആർദ്രതയും അന്തരീക്ഷ മർദ്ദവും
- ആഗോള മർദ്ദ മേഖലകൾ
- ആഗോള വാതങ്ങൾ

അന്തരീക്ഷമർദ്ദം :

ഭൗമോപരിതലത്തിൽ അന്തരീക്ഷ വായു ചെലുത്തുന്ന ഭാരമാണ് അന്തരീക്ഷമർദ്ദം
അന്തരീക്ഷമർദ്ദം അളക്കുന്ന ഉപകരണം - രസബാരോമീറ്റർ
സമുദ്രനിരപ്പിൽ അന്തരീക്ഷമർദ്ദം 1013.2 മില്ലി ബാർ/ ഹെക്ടോപാസ്കൽ ആണ്
അന്തരിച്ച മർദ്ദത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ് താപം, ഉയരം, ആർദ്രത
അന്തരീക്ഷ മർദത്തിൽ ഉണ്ടാവുന്ന വ്യതിയാനങ്ങളാണ് കാറ്റുകൾ ഉണ്ടാവുന്നതിന് കാരണം
ചുറ്റുപാടുകളെ അപേക്ഷിച്ച് ഒരു പ്രദേശത്തെ അന്തരീക്ഷമർദ്ദം കൂടുതലാണെങ്കിൽ അവിടെ ഉച്ചമർദ്ദം എന്നും അന്തരീക്ഷമർദ്ദം കുറവാണെങ്കിൽ അവിടെ ന്യൂനമർദ്ദം എന്നും പറയുന്നു

ഉയരവും അന്തരീക്ഷ മർദ്ദവും :

- ഉയരം കൂടുന്നതിനനുസരിച്ച് വായുവിന്റെ അളവ് കുറയുന്നു
- വായുവിന്റെ അളവ് കുറയുമ്പോൾ വായുവിന്റെ ഭാരം കുറയുന്നു അതിനാൽ അന്തരീക്ഷമർദ്ദം കുറയുന്നു
- ഉയരവും മർദ്ദവും വിപരീത അനുപാതത്തിലാണ്
- ഓരോ 10 മീറ്റർ ഉയരത്തിലും ഒരു മില്ലി ബാർ എന്ന തോതിൽ മർദ്ദം കുറയുന്നു

താപവും അന്തരീക്ഷ മർദ്ദവും :

- വായു ചൂടുപിടിച്ച്  സാന്ദ്രത കുറഞ്ഞ മുകളിലേക്ക് പോകുമ്പോൾ വായുമർദ്ദം കുറയുന്നു
- താപം കുറയുമ്പോൾ അന്തരീക്ഷമർദ്ദം കൂടുന്നു
- താപവും മർദ്ദവും വിപരീത അനുപാതത്തിലാണ്

ആർദ്രതയും അന്തരീക്ഷ മർദ്ദവും :

- അന്തരീക്ഷ വായുവിന്റെ ജലകണികകളുടെ (നീരാവിയുടെ) അളവാണ്  ആർദ്രത
- ഒരു നിശ്ചിത സ്ഥലത്ത് ജലകണികകളുടെ അളവ് കൂടുമ്പോൾ അവിടുത്തെ വായുവിന്റെ അളവ് കുറയുന്നു
- ആർദ്രതയും അന്തരീക്ഷ മർദ്ദവും വിപരീത അനുപാതത്തിലാണ്.

ആഗോള മർദ്ദ മേഖലകൾ :
ഭൂമിയിൽ ചില അക്ഷാംശംങ്ങളിൽ ഒരേ അന്തരീക്ഷമർദ്ദം അനുഭവപ്പെടുന്ന 7 മേഖലകളുണ്ട് അവയാണ് ആഗോള മർദ്ദമേഖലകൾ

| ആഗോള മർദ്ദ മേഖലകൾ | അക്ഷാംശവ്യാപ്തി | രൂപം കൊള്ളുന്ന കാരണം |
|---|---|---|
| മധ്യരേഖാ ന്യൂനമർദ്ദമേഖല | ഭൂമധ്യരേഖയുടെ $5^0$ വടക്കുതൽ $5^0$ തെക്ക് വരെ | സൂര്യരശ്മികൾ ലംബമായി പതിക്കുന്നതിനാൽ വായു ചൂടുപിടിച്ച് മുകളിലേക്കുയർന്നു പൊങ്ങുന്നു |
| ഉപോഷ്ണമേഖല ഉച്ചമർദ്ദ മേഖല | $30^0$ വടക്കും $30^0$ തെക്കും അക്ഷാംശങ്ങൾ | ഭ്രമണത്തിന്റെ ഫലമായി തണുത്ത വായു താഴ്ന്നിറങ്ങുന്നു |
| ഉപധ്രുവീയ ന്യൂനമർദ്ദമേഖല | $60^0$ വടക്കം $60^0$ തെക്കും അക്ഷാംശങ്ങൾ | ഭൂ ഭ്രമണത്തിന്റെ ഫലമായി വായു മുകളിലേക്ക് ചുഴറ്റി എറിയപ്പെടുന്നു |
| ധ്രുവീയ ഉച്ചമർദ്ദ മേഖല | $90^0$ വടക്കം $90^0$ തെക്കും അക്ഷാംശങ്ങൾ | കൊടും തണുപ്പിനാൽ വായു തണുത്ത് അടിഞ്ഞുകൂടുന്നു |

സൂര്യന്റെ ആപേക്ഷിക സ്ഥാന മാറ്റത്തിന് അനുസരിച്ച് ആഗോള മർദ്ദമേഖലകൾക്ക് സ്ഥാനമാറ്റം ഉണ്ടാവുന്നു.
ഉത്തരായന കാലത്ത് മർദ്ദമേഖലകൾ വടക്കോട്ടു നീങ്ങുന്നു, ദക്ഷിണായന കാലത്ത് തെക്കോട്ടും.

ഭൂമധ്യരേഖ ന്യൂനമർദ്ദ മേഖല :

- ഭൂമധ്യരേഖയുടെ അഞ്ച് ഡിഗ്രി വടക്കും അഞ്ച് ഡിഗ്രി തെക്കും അക്ഷാംശങ്ങൾക്കിടയിലാണ് സ്ഥിതി ചെയ്യുന്നു
- സൂര്യരശ്മികൾ ലംബമായി പതിക്കുന്നതിനാൽ വായു ചൂടുപിടിച്ച് മുകളിലേക്കുയർന്നു പൊങ്ങുന്നു. അതിനാൽ ന്യൂനമർദ്ദം അനുഭവപ്പെടുന്നു
- ഈ മേഖലയിൽ കാറ്റുകൾ ദുർബലമായതിനാൽ ഈ മേഖലയെ നിർവാതമേഖല എന്ന് വിളിക്കുന്നു

- കാറ്റ് ഇല്ലാത്തതിനാൽ പായ്ക്കപ്പലുകൾ ഇൽ സഞ്ചരിച്ചിരുന്ന യാത്രകൾക്ക് ഈ മേഖല പേടിസ്വപ്നമായിരുന്നു

ഉപോഷ്ണമേഖല ഉച്ചമർദ്ദ മേഖല :
- $30^0$ വടക്കും $30^0$ തെക്കും അക്ഷാംശങ്ങളിലായി സ്ഥിതിചെയ്യുന്നു
- മധ്യരേഖ പ്രദേശത്തുനിന്ന് ചൂടുപിടിച്ച് ഉയരുന്ന വായു ക്രമേണ തണുപ്പ് ഭ്രമണത്തിന് സ്വാധീനത്താൽ ഉപോഷ്ണ മേഖലയിൽ എത്തുന്നതിനാൽ അവിടെ ഉച്ചമർദ്ദം അനുഭവപ്പെടുന്നു

ഉപധ്രുവീയ ന്യൂനമർദ്ദമേഖല :
- $60^0$ വടക്കും $60^0$ തെക്കും അക്ഷാംശങ്ങളിലായി സ്ഥിതിചെയ്യുന്നു
- ധ്രുവത്തോട് ഏറെ അടുത്തായതിനാൽ ഈ മേഖലയിൽ വായുവിന് തണുപ്പ് കൂടുതൽ ആണ്
- എന്നാൽ ഭ്രമിയുടെ ഭ്രമണം മൂലം ഈ മേഖലയിലെ വായു ശക്തമായി ചുഴറ്റി എറിയപ്പെടുന്നു അതിനാൽ ഈ മേഖലയിൽ ഉടനീളം ന്യൂനമർദ്ദം അനുഭവപ്പെടുന്നു

ധ്രുവീയ ഉച്ചമർദ്ദ മേഖല :
- വർഷം മുഴുവൻ കൊടും തണുപ്പ് അനുഭവപ്പെടുന്ന മേഖല.
- ധ്രുവങ്ങളിലെ അതി കഠിനമായ തണുപ്പിൽ അവിടുത്തെ വായു തണുക്കുന്നു അതിനാൽ ഇവിടം ഉച്ചമർദ്ദ മേഖലയാണ്

ആഗോള വാതങ്ങൾ :
ആഗോള മർദ്ദ മേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകളെ ആഗോള വാതങ്ങൾ എന്ന് വിളിക്കുന്നു. വിവിധ ആഗോള വാതങ്ങളാണ് വാണിജ്യവാതങ്ങൾ, പശ്ചിമവാതങ്ങൾ, ധ്രുവീയ വാതങ്ങൾ.

| ആഗോള വാതങ്ങൾ | | |
|---|---|---|
| വാണിജ്യവാതങ്ങൾ | പശ്ചിമവാതങ്ങൾ | ധ്രുവീയ വാതങ്ങൾ |
| -രണ്ട് അർദ്ധ ഗോളങ്ങളിലെയും ഉച്ചമർദ്ദ മേഖലയിൽനിന്ന് വീശുന്നു.<br>-$30^0$S, $30^0$N അക്ഷാംശ ങ്ങളിൽനിന്ന് $0^0$ അക്ഷാംശ ത്തിലേക്ക് വീശുന്നു.<br>-ഉത്തരാർദ്ധഗോളത്തിൽ വടക്ക് കിഴക്ക് നിന്നും വീശുന്നതിനാൽ വടക്ക് കിഴക്കൻ വാണിജ്യ വാതം എന്നറിയപ്പെടുന്നു.<br>-ദക്ഷിണാർദ്ധഗോളത്തിൽ തെക്കുകിഴക്കുനിന്ന് വീശുന്നതിനാൽ തെക്കു കിഴക്കൻ വാണിജ്യവാതം എന്നറിയപ്പെടുന്നു.<br>-ഇവ രണ്ടും കൂടി ചേരുന്ന മേഖല ITCZ എന്നറിയപ്പെടുന്നു | -രണ്ട് അർദ്ധ ഗോളങ്ങളിലെയും ഉപോഷ്ണ ഉച്ചമർദ്ദ മേഖലകളിൽനിന്ന് ഉപധ്രുവീയ ന്യൂനമർദ്ദ മേഖലയിലേക്ക് വീശുന്നു.<br>-കാറ്റിന്റെ ദിശ പടിഞ്ഞാറുനിന്ന് ആയതിനാൽ പശ്ചിമവാതങ്ങൾ എന്നറിയപ്പെടുന്ന.<br>-ദക്ഷിണാർദ്ധഗോളത്തിൽ ഏറിയപങ്കും സമുദ്രം ആയതിനാൽ പശ്ചിമവാതങ്ങളുടെ വേഗം കൂടുതലാണ്.<br>-റോറിംഗ് ഫോർട്ടീസ്,ഫ്യൂരിയസ് ഫിഫ്റ്റി,ശ്രീകിംഗ് സിറ്റീസ്. | -ധ്രുവീയ ഉച്ചമർദ്ദ മേഖലയിൽനിന്ന് ഉപധ്രുവീയ ന്യൂനമർദ്ദ മേഖലകളിലേക്ക് വീശുന്ന കാറ്റുകൾ<br>-കോറിയോലിസ് ബലം നിമിത്തം ഇവ ഇരു അർദ്ധ ഗോളങ്ങളിലും കിഴക്കുദിക്കുന്ന വീശുന്നതിനാൽ പൂർവ്വവാതങ്ങൾ എന്നറിയപ്പെടുന്നു<br>-വടക്കേ അമേരിക്ക, വടക്കേ യൂറോപ്യൻ രാജ്യങ്ങൾ, റഷ്യ എന്നീ മേഖലകളിലെ കാലാവസ്ഥ നിർണയിക്കുന്നതിൽ ഗണ്യമായ പങ്ക്. |

കാറ്റിന്റെ വേഗതയും ദിശയും നിർണയിക്കുന്ന ഘടകങ്ങൾ :
മർദ്ദ ചെരിവ് - തിരശ്ചീന തലത്തിൽ മർദ്ദ വ്യത്യാസം ഏറെ ആണെങ്കിൽ മർദ്ദ ചെരിവ് കൂടുതലാണെന്ന് പറയുന്നു അത്തരം പ്രദേശങ്ങളിൽ കാറ്റിന്റെ വേഗം കൂടുതലായിരിക്കും.

കോറിയോലിസ് പ്രഭാവം - ഭൗമോപരിതലത്തിൽ സ്വതന്ത്രമായി ചലിക്കുന്ന വസ്തുക്കൾക്ക് ഭ്രമണം നിമിത്തം ഉത്തരാർദ്ധഗോളത്തിൽ സഞ്ചാര ദിശക്ക് വലത്തോട്ടും ദക്ഷിണാർദ്ധഗോളത്തിൽ ഇടത്തോട്ടും വ്യതിചലനം ഉണ്ടാകുന്നു ഇതിന് കാരണമാകുന്ന ബലത്തെ കൊറിയോലിസ് ബലം എന്നു വിളിക്കുന്നു.
ഘർഷണം - ഘർഷണം കുറവായാൽ കാറ്റിന് വേഗം കൂടുതലായിരിക്കും.

കാലികവാതങ്ങൾ :
കാലികമായ മാറ്റങ്ങൾക്കനുസൃതമായി വീശുന്ന കാറ്റുകൾ

മൺസൂൺ കാറ്റുകൾ : സൂര്യായനം, കോറിയോലിസ് പ്രഭാവം, താപത്തിലെ വ്യത്യാസങ്ങൾ എന്നിവ മൺസൂണിന്റെ രൂപംകൊള്ളുന്ന കാരണമാകുന്ന ഘടകങ്ങളാണ്.
കരക്കാറ്റ് :രാത്രികാലങ്ങളിൽ കര കടലിനെ അപേക്ഷിച്ചത് പെട്ടെന്ന് തണുക്കുന്നതിനാൽ കരയിൽ ഉച്ച മർദ്ദവും കടലിൽ ന്യൂനമർദ്ദം.അപ്പോൾ കരയിൽ നിന്ന് കടലിലേക്ക് വീശുന്ന കാറ്റ്.

കടൽക്കാറ്റ് : പകൽ കര പെട്ടെന്ന് ചൂടാകുന്നു അതിനാൽ കരയിൽ ന്യൂനമർദവും കടലിൽ ഉച്ചമർദ്ദവും തണുത്ത വായു കടലിനു മുകളിൽ നിന്ന് തീരത്തേക്ക് വീഴുന്നു ഇതാണ് കടൽകാറ്റ്.

പ്രാദേശിക വാദങ്ങൾ :
പ്രധാന പ്രാദേശിക വാതങ്ങൾ

| | |
|---|---|
| ചീനൂക്ക് | വടക്കേ അമേരിക്കയിലെ റോക്കി പർവ്വതനിരയുടെ കിഴക്കൻ ചെരിവിലൂടെ വീശുന്നു |
| ഫൊൻ | യൂറോപ്പിലെ ആൽപ്സ് പർവ്വതനിരയുടെ തെക്കൻ താഴ്വാരത്തു വീശുന്നു |
| ഹർമാറ്റൻ | ആഫ്രിക്കയിലെ സഹാറ മരുഭൂമിയിൽ നിന്ന് പടിഞ്ഞാറൻ ആഫ്രിക്കയിലേക്ക് വീശുന്നു. |
| ലൂ | ഉത്തരേന്ത്യൻ സമതലങ്ങളിൽ വീശുന്ന ഉഷ്ണക്കാറ്റ് |
| മാംഗോ ഷവർ | ഉഷ്ണകാലത്ത് ദക്ഷിണേന്ത്യയിൽ വീശുന്ന പ്രാദേശിക വാതമാണിത്. |

## വിലയിരുത്തൽ ചോദ്യങ്ങൾ

1. സമുദ്രനിരപ്പില് ശരാശരി അന്തരീക്ഷ മർദ്ദം എത്ര ?
2. ഉത്തരേന്ത്യൻ സമതലത്തിൽ വീശുന്ന ഉഷ്ണക്കാറ്റ്
3. ഉയർന്ന പ്രദേശങ്ങളിലേക്ക് പോകുമ്പോൾ ചെവിയടപ്പ് അനുഭവപ്പെടുന്നത് എന്തുകൊണ്ട് ?
4. കാറ്റിൻറെ വേഗതയും ദിശയും സ്വാധീനിക്കുന്ന ഘടകങ്ങൾ ഏവ ?
5. വാണിജ്യവാതങ്ങൾ സംഗമിക്കുന്ന മേഖലയുടെ പേരെഴുതുക
6. ഉത്തരാർദ്ധഗോളത്തിൽ എത്തുന്ന തെക്കുകിഴക്കൻ വാണിജ്യ വാഹനത്തിൻറെ ദിശക്ക് എന്തുമാറ്റമാണ് ഉണ്ടാവുക? ഈ കാറ്റ് ഏത് പേരിൽ അറിയപ്പെടുന്നു ?
7. ആഗോള വാതങ്ങൾ അവ വീശുന്ന മേഖലകൾ, അവയുടെ സവിശേഷതകൾ ഉൾപ്പെടുത്തി ഒരു പട്ടിക നിർമ്മിക്കുക
8. ധ്രുവീയ വാതങ്ങൾ ധ്രുവീയ പൂർവ്വ വാതങ്ങൾ എന്നറിയപ്പെടാൻ കാരണമെന്ത്?
9. പശ്ചിമവാതങ്ങൾ ദക്ഷിണാർദ്ധഗോളത്തിൽ അതിശക്തമാണ് കാരണമെന്ത്?
10. അന്തരീക്ഷത്തിലെ ജല കണികയുടെ അളവാണ് ----
11. മൺസൂൺ കാറ്റുകളുടെ രൂപീകരണത്തെ സഹായിക്കുന്ന ഘടകങ്ങൾ ഏവ ?
12. കരക്കാറ്റും കടൽക്കാറ്റും വിശദമാക്കുക
13. മധ്യരേഖ ന്യൂനമർദ്ദ മേഖല പായ്ക്കപ്പലുകൾ സഞ്ചരിക്കുന്നവർക്ക് പേടിസ്വപ്നമായിമാറുന്നു കാരണമെന്ത്?

14. ആഗോള മർദ്ദമേഖലയുടെ സ്ഥാന മാറ്റത്തിന് കാരണം എന്ത് ?
15. എന്താണ് ആഗോള മർദ്ദമേഖലകൾ? ചിത്രം വരച്ച ആഗോള മർദ്ദമേഖലകൾ അടയാളപ്പെടുത്തുക? ഏതെങ്കിലും രണ്ട് മേഖലകളെ കുറിച്ച് വിവരിക്കുക.
16. ഉച്ചമർദ്ദം, ന്യൂനമർദ്ദം ഇവ തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക
17. പർവ്വത കാറ്റ് , താഴ്‌വര കാറ്റ് ഇവ രൂപംകൊള്ളുന്നത് എങ്ങനെയെന്ന് വിശദമാക്കുക
18. ഏതെങ്കിലും മൂന്ന് പ്രാദേശിക വാദങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക
19. അന്തരീക്ഷ മർദ്ദം അളക്കുന്ന ഏകകം
20. കുറിപ്പെഴുതുക ചക്രവാതങ്ങൾ പ്രതി ചക്രവാതങ്ങൾ

## CH: 3. മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ

പ്രധാന ആശയങ്ങൾ :
മാനവ വിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ
വിദ്യാഭ്യാസവും മാനവ വിഭവശേഷി വികസനവും
മാനവവിഭവശേഷിവികസനവും ആരോഗ്യപരിപാലനവും

### PART - A

മാനവ വിഭവശേഷിയുടെ ഗുണപരമായ വശങ്ങൾ:
വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, പരിശീലനം, സാമൂഹിക മൂലധനം

വിദ്യാഭ്യാസം ഒരു രാജ്യത്തിന്റെ വികസനത്തെ എങ്ങനെ സഹായിക്കും :
വിദ്യാഭ്യാസം - വ്യക്തികളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നു - സാങ്കേതിക പരിജ്ഞാനത്തെ മികച്ചതാക്കുന്നു - മികച്ച ജോലിയും വരുമാനവും നേടാൻ സഹായിക്കുന്നു - ജീവിത നിലവാരം മെച്ചപ്പെടുത്തുന്നു.

സാക്ഷരതാ നിരക്ക്:
ജനസംഖ്യയിൽ 100 പേരിൽ എത്ര പേർക്ക് ആശയം മനസ്സിലാക്കി എഴുതാനും വായിക്കാനും അറിയുന്നു എന്നത്

വിദ്യാഭ്യാസവും നൈപുണിയും വികസിപ്പിക്കുന്നതിന് ഇന്ത്യയിൽ നടപ്പാക്കിയ പരിപാടികൾ:

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| ICDS | 6 വയസ്സു വരെയുള്ള ശിശുക്കളുടെ സമഗ്രവികസനം.<br>ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും ആരോഗ്യ സംരക്ഷണം നൽകുക. |
| സമഗ്ര ശിക്ഷാ അഭിയാൻ (എസ്എസ്എ) | സാർവത്രിക വിദ്യാഭ്യാസം ഹയർ സെക്കണ്ടറി വരെ ഉറപ്പു വരുത്തുക.<br>തുല്യതയും ഗുണനിലവാരവും ഉറപ്പു വരുത്തുക. |
| RUSA | ഉന്നതവിദ്യാഭ്യാസലഭ്യത വർധിപ്പിക്കുക |

| | |
|---|---|
| | ഗുണനിലവാരം ഉയർത്തുന്നതിന് |
| നാഷണൽ സ്കിൽ ഡവലപ്മെന്റ് ആൻറ് മോണിറ്ററി റിവാർഡ് സ്കീം | യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക തൊഴിൽ വൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പുവരുത്തുക |

വിദ്യാഭ്യാസ മേഖലയിൽ ഇപ്പോഴും നിലനിൽക്കുന്ന പ്രശ്നങ്ങൾ:

- സ്കൂളുകളിൽ നിന്ന് കൊഴിഞ്ഞുപോക്ക്
- അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം
- വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്.

ആരോഗ്യം :

ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതി.

ആരോഗ്യമുള്ള വ്യക്തികൾ എങ്ങിനെ രാജ്യ പുരോഗതിയിൽ പങ്കാളികളാകുന്നു:

- പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാൻ കഴിയും.
- ഉൽപാദന വർദ്ധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാണ്.
- കാര്യക്ഷമതയും പ്രവൃത്തി ദിവസങ്ങളുടെ എണ്ണവും കൂടുന്നതിനനുസരിച്ച് ഉത്പാദനം വർദ്ധിക്കുന്നു.
- ചികിത്സാ ചിലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ ചെലവ് കുറയ്ക്കാനും കഴിയും.

ആരോഗ്യപരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ:

- ചികിത്സാ സൗകര്യം
- ആരോഗ്യകരമായ പരിസ്ഥിതി
- പോഷകാഹാര ലഭ്യത
- ശുദ്ധജല ലഭ്യത

ആരോഗ്യ മേഖലയിൽ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ :

- ആരോഗ്യ ഉപകേന്ദ്രങ്ങൾ
- പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ
- സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ
- ജില്ലാ ആശുപത്രികൾ
- മെഡിക്കൽ കോളേജുകൾ

## PART - B

മാനവ വിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ:

- വ്യക്തികൾ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു.
- കുടുംബം വ്യക്തികളുടെ കഴിവുകളുടെ വികാസത്തിന് അന്തരീക്ഷം സൃഷ്ടിക്കുന്നു.
- വിവിധ സ്ഥാപനങ്ങളും ഏജൻസികളും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും സൗകര്യങ്ങൾ നൽകുന്നു.
- രാഷ്ട്രം അവിടത്തെ ജനങ്ങൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നൽകുന്നു.

ജനസംഖ്യാ പഠനങ്ങൾ നടത്തുന്നത് എന്തുകൊണ്ട് :

- അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്.

- സാമൂഹിക-സാമ്പത്തിക നയങ്ങൾ നിർണ്ണയിക്കാൻ.
- മാനവ വിഭവശേഷിയുടെ ലഭ്യത അറിയുന്നതിന്
- ആവശ്യമായ ചരക്കുകളും സേവനങ്ങളും കണക്കാക്കാൻ
- ജനങ്ങളുടെ വ്യത്യസ്ത ആവശ്യങ്ങൾ അളക്കുന്നതിന്

<u>വിലയിരുത്തൽ ചോദ്യങ്ങൾ:</u>

1. ജനസംഖ്യാ പഠനത്തിന്റെ ആവശ്യകത എന്തെല്ലാം ?
2. ഒരു രാജ്യത്തിന്റെ വികസനത്തിന് വിദ്യാഭ്യാസം എങ്ങനെ സഹായിക്കുന്നു?
3. സംയോജിത ശിശു വികസന പദ്ധതിയുടെ ലക്ഷ്യങ്ങൾ എഴുതുക.
4. നൂതന സാങ്കേതികവിദ്യയുടെ വികസനവും ഉപയോഗവും മാനവ വിഭവശേഷി വികസനം സാധ്യമാക്കുന്നു. മാനവ വിഭവശേഷി വികസനത്തിന്റെ മറ്റ് ഗുണങ്ങൾ എന്തൊക്കെയാണ്?
5. മാനവ വിഭവശേഷി വികസനത്തിന്റെ ഗുണപരമായ സവിശേഷതകൾ വിശദീകരിക്കുക.

## CH: 4 ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ

പ്രധാന ആശയങ്ങൾ :
ധരാതലീയ ഭൂപടങ്ങൾ
ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ
ഗ്രിഡ് റഫറൻസ്
ഈസ്റ്റിംഗ്സ്
നോർത്തിങ്സ്
നാലക്ക ഗ്രിഡ് റഫറൻസ്

### PART - A

ധരാതലീയ ഭൂപടം :

പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ എല്ലാ ഭൗമോപരിതല സവിശേഷതകളെയും വിശദമായി ചിത്രീകരിക്കുന്ന ഭൂപടം.

ഇന്ത്യയിൽ ധരാതലീയ ഭൂപടങ്ങൾ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ ഏജൻസി :

സർവേ ഓഫ് ഇന്ത്യ

ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ :

- നഗര ആസൂത്രണത്തിനായി.
- സൈനിക പ്രവർത്തനങ്ങൾക്കായി.
- സൈനിക ഭൂപടങ്ങൾ തയ്യാറാക്കുന്നതിനായി.
- ഭൂപ്രദേശത്തിന്റെ ഭൗതികവും സാംസ്കാരികവുമായ സവിശേഷതകൾ വിശകലനം ചെയ്യുന്നതിനായി.

ഗ്രിഡ് റഫറൻസ് :

ധരാതലീയ ഭൂപടങ്ങളിലെ ചെറിയ ഭൂസവിശേഷതകളുടെ കൃത്യമായ സ്ഥാനനിർണ്ണയം നടത്തുന്നതിനുള്ള സംവിധാനം.

ഈസ്റ്റിംങ്സ് :


- വടക്ക് -തെക്ക് ദിശയിൽ വരച്ചിട്ടുള്ള രേഖകളാണിത്.
- അവയുടെ മൂല്യം കിഴക്കോട്ട് വർദ്ധിക്കുന്നു...
- ഭൂപടത്തിലെ സവിശേഷതകൾക്ക് തൊട്ടു ഇടതു വശത്തായി കാണപ്പെടുന്ന ഈസ്റ്റിങ്സിന്റെ മൂല്യമാണ് സ്ഥാന നിർണയത്തിന് പരിഗണിക്കുക.

നോർത്തിങ്സ് :

- കിഴക്ക് - പടിഞ്ഞാറ് ദിശയിൽ വരച്ചിട്ടുള്ള രേഖകളാണിത്.

- ഇവയുടെ മൂല്യം വടക്കുദിശയിലേക്ക് പോകുംതോറും കൂടിവരുന്നു.
- ഭൂപടത്തിലെ സവിശേഷതകൾക്ക് തൊട്ടു തെക്കായി കാണപ്പെടുന്ന നോർത്തിങ്സിന്റെ മൂല്യമാണ് സ്ഥാനനിർണയത്തിന് പരിഗണിക്കുക.

താഴെ കൊടുത്തിട്ടുള്ള ഭൂസവിശേഷതകളുടെ സ്ഥാനം നാലക്ക ഗ്രിഡ് റഫറൻസിലൂടെ കണ്ടെത്തുക.




കോട്ട----------- 8134
ജലാശയം------ 8235
കിണർ---------8335
കുഴൽ കിണർ--8334
ക്രിസ്ത്യൻ പള്ളി-8436
ക്ഷേത്രം--------8434
ലൈറ്റ് ഹാസ്-8537
ശവപ്പറമ്പ്-----8535
വാസസ്ഥലം---8534

## PART - B

മില്യൺ ഷീറ്റുകൾ :

4 ഡിഗ്രി അക്ഷാംശ - രേഖാംശ വ്യാപ്തിയുള്ള ഷീറ്റുകളാണ്.ഇവയുടെ തോത് 1:1000000 ആണ്.

ഡിഗ്രി ഷീറ്റുകൾ :

1 ഡിഗ്രി അക്ഷാംശ - രേഖാംശ വ്യാപ്തിയുള്ള ഷീറ്റുകളാണ്.ഇവയുടെ തോത് 1:250000 ആണ്.

ധരാതലീയ ഭൂപടങ്ങളിൽ ആഗോളതലത്തിൽ അംഗീകരിച്ച നിറങ്ങളും ചിഹ്നങ്ങളും :

| ഭൂസവിശേഷതകൾ | നിറങ്ങൾ |
|---|---|
| അക്ഷാംശ - രേഖാംശ,വരണ്ട ജലാശയം,റെയിൽ പ്പാത,ടെലിഫോൺ ലൈൻ,അതിർത്തിരേഖ | കറുപ്പ് |
| തരിശുഭൂമി | വെള്ള |
| ജലാശയങ്ങൾ | നീല |
| പാർപ്പിടം,റോഡ്,ഗ്രിഡ് ലൈനുകൾ | ചുവപ്പ് |
| വനം,പുൽമേട്,മരങ്ങൾ, ഫലവൃക്ഷതോട്ടങ്ങൾ | പച്ച |
| കോണ്ടൂർ രേഖ,മണൽക്കുന്ന,മണൽക്കുന്ന് | തവിട്ട് |
| കൃഷിസ്ഥലം | മഞ്ഞ |


കോണ്ടൂർ രേഖകൾ :

സമുദ്രനിരപ്പിൽനിന്ന് ഒരേ ഉയരത്തിലുള്ള സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ച് വരയ്ക്കുന്ന സാങ്കൽപ്പിക രേഖകൾ.

കോണ്ടൂർ ഇടവേള : അടുത്തടുത്തുള്ള രണ്ട് കോണ്ടൂർ രേഖകളുടെ മൂല്യവ്യത്യാസ.
കോണ്ടൂർ രേഖകളിൽ നിന്ന് മനസ്സിലാക്കാവുന്ന കാര്യങ്ങൾ :
ഭൂപ്രദേശത്തിന്റെ ഉയരം, ചരിവ്, ഭൂരൂപത്തിന്റെ ആകൃതി.
നേർക്കാഴ്ച :
ധരാതലീയ ഭൂപടത്തിലെ രണ്ട് സ്ഥലങ്ങൾ തമ്മിൽ പരസ്പരം ദൃശ്യമാണെങ്കിൽ അ നേർക്കാഴ്ചയിലാണെന്ന് പറയാം.
ധരാതലീയ ഭൂപട വിശകലനം മൂന്ന് തരത്തിൽ :
a. പ്രാഥമിക വിവരങ്ങൾ - ധരാതലീയ ഭൂപടത്തിലെ മാർജിനു പുറത്ത് നൽകിയി പൊതുവിവരങ്ങൾ.
b. ഭാതിക സവിശേഷതകൾ - ഭൂപടത്തിലെ ജലാശയങ്ങൾ ,വിവിധ ഭൂരൂപങ്ങൾ.
c. സാംസ്കാരിക സവിശേഷതകൾ - ഭൂപടത്തിലെ മനുഷ്യനിർമ്മിതമായ സവിശേഷതകൾ.
ഉദാ.റോഡ്,വീട്.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ധരാതലീയ ഭൂപടങ്ങൾ എന്നാൽ എന്ത് ? ധരാതലീയ ഭൂപടങ്ങളുടെ ഏതെങ്കിലും മൂന്ന് ഉപയോഗങ്ങൾ പട്ടികപ്പെടുത്തുക.
2. മാതൃകാ ഗ്രിഡ് പരിശോധിച്ച് ചുവടെ സൂചിപ്പിച്ചിരിക്കുന്ന ഭൂമിശാസ്ത്രപരമായ വിവരങ്ങൾ കണ്ടെത്തുക.




(i) 6 അക്ക ഗ്രിഡ് റഫറൻസ് രീതി ഉപയോഗിച്ച് നീരുറവ കണ്ടെത്തുക.
(ii) 6 അക്കഗ്രിഡ് റഫറൻസ് ഉപയോഗിച്ച് സവിശേഷത തിരിച്ചറിയുക 682 315.
(iii) 4 അക്കഗ്രിഡ് റഫറൻസ് രീതിയിൽ വാസസ്ഥലം കണ്ടെത്തുക.
(iv) ഗ്രിഡുകളിൽ ഉയർച്ചയും ചെരിവും പ്രതിനിധീകരിക്കുന്ന രീതിയുടെ പേര് എഴുതുക.

3. ധരാതലീയ ഭൂപടങ്ങളിലെ ഭൂപ്രദേശത്തിന്റെ ഉയരം കോണ്ടൂർ രേഖകളാൽ പ്രതിനിധീകരിക്കുന്നു.
(i) കോണ്ടൂർ രേഖകൾ എന്നാൽ എന്ത്?
(ii) ധരാതലീയ ഭൂപടങ്ങളിലെ കോണ്ടൂർ രേഖകളുടെ നിറം എന്താണ്?
(iii) എന്താണ് കോണ്ടൂർ ഇടവേള?
(iv) കോണ്ടൂറിന്റെ വിടവും ചരിവിന്റെ സ്വഭാവവും തമ്മിലുള്ള ബന്ധം എന്താണ്?

## CH :5 പൊതുചെലവും പൊതുവരുമാനവും

പ്രധാന ആശയങ്ങൾ :
പൊതുവരുമാനം
നികുതികൾ
ഇന്ത്യയിലെ പ്രധാന പ്രത്യക്ഷ നികുതികൾ

ചരക്കുസേവന നികുതി

വിവിധതരത്തിലുള്ള ചരക്കുസേവന നികുതികൾ

## PART - A

പൊതുവരുമാനം :

സർക്കാരിന്റെ വരുമാനം.

• രണ്ട് സ്രോതസുകൾ : നികുതി വരുമാനം, നികുതിയേതര വരുമാനം.

നികുതി :

ചെലവുകൾക്കായി പൊതുജനങ്ങൾ സർക്കാരിന് നിർബന്ധമായും അടയ്ക്കേണ്ട തുക.

നികുതിദായകൻ : നികുതി അടയ്ക്കുന്ന വ്യക്തി.

രണ്ട് തരം നികുതികൾ :

പ്രത്യക്ഷ നികുതി, പരോക്ഷ നികുതി.

പ്രത്യക്ഷ നികുതിയുടെയും പരോക്ഷ നികുതിയുടെയും സവിശേഷതകൾ :

<u>പ്രത്യക്ഷ നികുതി :</u>

• നികുതി ചുമത്തപ്പെടുന്ന വ്യക്തിയാണ് നികുതി അടയ്ക്കുന്നത്.

• നികുതി ഭാരം നികുതിദായകന് അനുഭവപ്പെടുന്നു.

• നികുതി പിരിവിനായി താരതമ്യേന ഉയർന്ന ചെലവ്.

<u>പരോക്ഷ നികുതി :</u>

ഒരാൾക്ക് നികുതി ചുമത്തുകയും മറ്റൊരാൾ നൽകുകയും ചെയ്യുന്നു

• നികുതി ഭാരം നികുതിദായകന് അനുഭവപ്പെടില്ല

• നികുതി പിരിവിനായി താരതമ്യേന കുറഞ്ഞ ചെലവാണ്

ഇന്ത്യയിലെ പ്രധാന <u>പ്രത്യക്ഷ</u> നികുതികൾ :

• <u>വ്യക്തിഗത ആദായനികുതി :</u>

വ്യക്തികളുടെ വരുമാനത്തിന്മേൽ ചുമത്തുന്ന നികുതി. വരുമാനത്തിനൊപ്പം നികുതി നിരക്ക് വർദ്ധിക്കുന്നു

• <u>കോർപ്പറേറ്റ് നികുതി:</u>

ഒരു കമ്പനിയുടെ അറ്റാദായത്തിലോ ലാഭത്തിലോ ചുമത്തുന്ന നികുതി.

ഇന്ത്യയിലെ പ്രധാന പരോക്ഷ നികുതികൾ :

• ചരക്ക് സേവന നികുതി (GST)

ചരക്ക് സേവന നികുതി (GST) :

• 2017 ജൂലൈ 1-ന് ഇന്ത്യയിൽ അവതരിപ്പിച്ചു

• ചരക്കുകളുടെയും സേവനങ്ങളുടെയും ഉപഭോഗം മുതൽ ഉൽപ്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിലെ അധിക മൂല്യത്തിനനുസരിച്ചാണ് നികുതികൾ ചുമത്തുന്നത്.

വിവിധ തരം GST :

• സെൻട്രൽ GST (CGST) : കേന്ദ്ര സർക്കാർ ചുമത്തുന്ന നികുതി.

• സംസ്ഥാന GST (SGST) : സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതി.

• ഇന്റഗ്രേറ്റഡ് ജിഎസ്ടി (ഐജിഎസ്ടി) : അന്തർസംസ്ഥാന വ്യാപാരത്തിന്മേൽ ജിഎസ്ടി ചുമത്തുകയും ശേഖരിക്കുകയും ചെയ്യുന്നത് കേന്ദ്ര ഗവൺമെന്റാണ്.

## PART - B

ഇന്ത്യയിൽ പൊതുചെലവ് വർധിക്കുന്നതിനുള്ള കാരണങ്ങൾ :

- ജനസംഖ്യ വർദ്ധനവ്
- പ്രതിരോധ ചെലവിന്റെ വർദ്ധനവ്
- ക്ഷേമ പ്രവർത്തനങ്ങൾ
- നഗരവൽക്കരണം

വികസന ചെലവുകൾ :
റോഡ്, പാലം, തുറമുഖം തുടങ്ങിയവ നിർമ്മിക്കുക, പുതിയ സംരംഭങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും തുടങ്ങുക മുതലായ പ്രവർത്തനങ്ങൾക്കുള്ള സർക്കാർ ചെലവുകളാണ്.

വികസനേതര ചെലവുകൾ :
യുദ്ധം, പലിശ, പെൻഷൻ തുടങ്ങിയവയ്ക്കുള്ള ഗവൺമെൻറിന്റെ ചെലവുകൾ.

സർചാർജ് : നികുതിക്കു മേൽ ചുമത്തുന്ന അധിക നികുതിയാണ് സർചാർജ്.
സെസ്സ് : സർക്കാർ ചില പ്രത്യേക ആവശ്യങ്ങൾക്കായി ചുമത്തുന്ന അധിക നികുതി.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. പ്രത്യക്ഷ നികുതിയും പരോക്ഷ നികുതിയും തമ്മിലുള്ള വ്യത്യാസം എന്താണ്? ഇനിപ്പറയുന്നവയെ പ്രത്യക്ഷ നികുതി, പരോക്ഷ നികുതി എന്നിങ്ങനെ തരംതിരിക്കുക .
[മൂല്യവർദ്ധിത നികുതി, വ്യക്തിഗത ആദായ നികുതി, കോർപ്പറേറ്റ് നികുതി, സേവന നികുതി]
2. ഇന്ത്യയിലെ ഏതെങ്കിലും രണ്ട് പ്രത്യക്ഷ നികുതികൾ വിശദീകരിക്കുക.
3. കടകളിൽ നിന്ന് ലഭിക്കുന്ന ബില്ലുകൾ പലപ്പോഴും SGST, CGST, IGST എന്നിവ ഉപയോഗിച്ച് അടയാളപ്പെടുത്തിയിരിക്കുന്നു. ഇവ എന്തിനെ പ്രതിനിധീകരിക്കുന്നു?.
4. പ്രത്യക്ഷ നികുതികളുടെയും പരോക്ഷ നികുതികളുടെയും സവിശേഷതകൾ വിശദീകരിക്കുക ?
5. സംസ്ഥാന സർക്കാർ ചുമത്തിയ നികുതി തിരിച്ചറിയുക?
   a) കോർപ്പറേറ്റ് നികുതി b) ഭൂനികുതി c) വ്യക്തിഗത ആദായനികുതി d) വിനോദ നികുതി.

# CH: 6 ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും

## PART - A

### പ്രധാന ആശയങ്ങൾ :

വിദൂരസംവേദനം
പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കിയുള്ള വർഗ്ഗീകരണം
ഭൂസ്ഥിര ഉപഗ്രഹങ്ങൾ
സൗരസ്ഥിര ഉപഗ്രഹങ്ങൾ
ഓവർലേ വിശകലനം
ആവൃത്തിവിശകലനം

വിദൂരസംവേദനം:

- ഒരു വസ്തുവിനെയോ, പ്രദേശത്തെയോ, പ്രതിഭാസത്തെയോ സംബന്ധിക്കുന്ന വിവരങ്ങൾ സ്പർശബന്ധം കൂടാതെ ഉപകരണങ്ങളുടെ സഹായത്തോടെ ശേഖരിക്കുന്ന രീതിയാണ് വിദൂരസംവേദനം.
- വിദൂര സംവേദനത്തിലൂടെ വിവരങ്ങൾ ശേഖരിക്കുന്ന ഉപകരണങ്ങൾ സംവേദകങ്ങൾ (Sensors) എന്നറിയപ്പെടുന്നു. Eg : ക്യാമറ, സ്കാനർ

പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കി വിദൂര സംവേദനത്തെ 3 ആയി തരംതിരിക്കാം:

- ഭൂതലഛായാഗ്രഹണം.

- ആകാശീയ വിദൂര സംവേദനം.
- ഉപഗ്രഹ വിദൂര സംവേദനം.

ഭൂതലഛായാഗ്രഹണം:

ഭൂപ്രതലത്തിൽ നിന്നും ഭൗമോപരിതലത്തിന്റെ ചിത്രങ്ങൾ ക്യാമറ ഉപയോഗിച്ച് പകർത്തുന്ന രീതി.

ആകാശീയ വിദൂരസംവേദനം:

വിമാനത്തിൽ ഉറപ്പിച്ചിട്ടുള്ള ക്യാമറകളുടെ സഹായത്തോടെ ആകാശത്തു നിന്ന് ഭൂപ്രതലത്തിന്റെ ചിത്രങ്ങൾ പകർത്തുന്ന രീതി.

ആകാശീയ ചിത്രങ്ങളിലെ ഓവർലാപ്:

തുടർച്ച നിലനിർത്തുന്നതിനും, സ്റ്റീരിയോസ്കോപ്പിന്റെ സഹായത്താൽ ത്രിമാന വീക്ഷണം ലഭിക്കുന്നതിനും വേണ്ടി ഓരോ ആകാശീയ ചിത്രത്തിലും തൊട്ടുമുമ്പ് ചിത്രീകരിച്ച പ്രദേശത്തിന്റെ ഏകദേശം 60 ശതമാനം ഭാഗംകൂടി പകർത്തുന്ന രീതി.

സ്റ്റീരിയോ പെയർ:

ഓവർലാപ്പോടുകൂടിയ ഒരു ജോഡി ആകാശീയ ചിത്രങ്ങൾ.

സ്റ്റീരിയോ സ്കോപ്പ്:

ഓവർലാപ്പോടുകൂടിയ ആകാശീയ ചിത്രങ്ങളിൽ നിന്നും ത്രിമാനദൃശ്യം ലഭിക്കാൻ ഉപയോഗിക്കുന്ന ഉപകരണമാണ് സ്റ്റീരിയോ സ്കോപ്പ്.

ആകാശിയ വിദൂരസംവേദനത്തിന്റെ പോരായ്മകൾ :

- വിമാനത്തിനുണ്ടാകുന്ന കുലുക്കം ചിത്രങ്ങളുടെ ഗുണമേന്മയെ ബാധിക്കുന്നു.
- വിസ്തൃതമായ പ്രദേശങ്ങളുടെ ചിത്രീകരണം പ്രായോഗികമല്ല.
- വിമാനത്തിന് പറന്നുയരാനും, ഇറങ്ങാനും തുറസ്സായ സ്ഥലം ആവശ്യമാണ്.
- ഇന്ധനം നിറയ്ക്കുന്നതിന് വിമാനം ഇടയ്ക്കിടെ നിലത്തിറക്കുന്നത് ചെലവ് വർദ്ധിപ്പിക്കുന്നു.

ഉപഗ്രഹ വിദൂരസംവേദനം :

കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന സംവേദകങ്ങൾ വഴി വിവരശേഖരണം നടത്തുന്ന പ്രകിയ.

കൃത്രിമ ഉപഗ്രഹങ്ങളുടെ വർഗീകരണം :

ഭൂസ്ഥിര ഉപ്രഗഹങ്ങൾ.
സൗരസ്ഥിര ഉപഗ്രങ്ങൾ.

ഭൂസ്ഥിര ഉപ്രഗഹങ്ങൾ :

ഭൂമിയുടെ ഭ്രമണത്തിനൊപ്പം സഞ്ചരിക്കുന്ന ഉപ്രഗഹങ്ങളാണ് ഭൂസ്ഥിര ഉപഗ്രഹങ്ങൾ.

<u>സവിശേഷതകൾ :</u>

- സഞ്ചാരപഥം ഭൂമിയിൽനിന്ന് ഏകദേശം 36000 കിലോമീറ്റർ ഉയരത്തിലാണ്.
- ഭൂമിയുടെ മൂന്നിലൊന്ന് ഭാഗം നിരീക്ഷണപരിധിയിൽ വരുന്നു.
- എല്ലായ്പ്പോഴും ഭൂമിയിലെ ഒരേ പ്രദേശത്തെ അഭിമുഖീകരിച്ച് നിലകൊള്ളുന്നു.
- ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരണത്തിന് സാധിക്കുന്നു.
- വാർത്താ വിനിമയത്തിനും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കാനും
- പ്രയോജനപ്പെടുന്നു.
- ഇന്ത്യയുടെ ഇൻസാറ്റ് ഉപ്രഗഹങ്ങൾ ഭൂസ്ഥിര ഉപഗ്രഹങ്ങൾക്ക് ഉദാഹരണങ്ങളാണ്.

സൗരസ്ഥിര ഉപഗ്രഹങ്ങൾ :

ധ്രുവങ്ങൾക്ക് മുകളിലൂടെ ഭൂമിയെ വലംവയ്ക്കുന്ന കൃത്രിമ ഉപ്രഗഹങ്ങളാണ്.

സവിശേഷതകൾ :

- സഞ്ചാരപഥം ഭനമോപരിതലത്തിൽ നിന്ന് 900 കിലോമീറ്റർ ഉയരത്തിലാണ്.
- ഭൂസ്ഥിര ഉപഗ്രഹങ്ങളേക്കാൾ കുറഞ്ഞ നിരീക്ഷണപരിധി.
- കൃത്യമായ ഇടവേളകളിൽ പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരണം സാധ്യമാകുന്നു.
- പ്രകൃതിവിഭവങ്ങൾ, ഭൂവിനിയോഗം, ഭൂഗർഭജലം മുതലായവയെക്കുറിച്ചുള്ള വിവരശേഖരണത്തിന് ഉപയോഗിക്കുന്നു.
- വിദൂരസംവേദനത്തിന് കൂടുതലായും സനരസ്ഥിര ഉപഗ്രഹങ്ങളാണ്ഉപയോഗിക്കുന്നത്.
- IRS, Landsat തുടങ്ങിയ ഉപ്ഗ്രഹങ്ങൾ സനരസ്ഥിര ഉപ്രഗഹങ്ങൾക്ക് ഉദാഹരണങ്ങളാണ്.

ഭൂവിവരവ്യവസ്ഥയുടെ വിശകലന സാധ്യതകൾ :

- ശൃംഖലാവിശകലനം
- ആവൃത്തിവിശകലനം
- ഓവർലേ വിശകലനം

ഓവർലേ വിശകലനം (Overlay Analysis) :

- ഒരു പ്രദേശത്തിന്റെ വിവിധ ഭൗമോപരിതല സവിശേഷതകളുടെ പരസ്പര ബന്ധത്തെക്കുറിച്ചും, കാലാനുസൃതമായി അവയിലുണ്ടായ മാറ്റത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും ഉപയോഗിക്കുന്നു.
- വിളകളുടെ വിസ്തൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ, ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ എന്നിവയൊക്കെ മനസ്സിലാക്കാൻ സഹായകമാണ്.

ആവൃത്തി വിശകലനം(Buffer Analysis):

ആവൃത്തി വിശകലനത്തിൽ ഒരു ബിന്ദുവിനെ ചുറ്റി വൃത്താകൃതിയിലും, രേഖീയ സവിശേഷതകൾക്ക് വശങ്ങളിലും ഒരു പ്രത്യേക മേഖല സൃഷ്ടിക്കപ്പെടുന്നു. ഈ മേഖല ആവൃത്തി മേഖല (Buffer Zone) എന്നറിയപ്പെടുന്നു.

## PART - B

സ്പെക്ട്രൽ സിഗ്നേച്ചർ: ഓരോ വസ്തുവും പ്രതിഫലിപ്പിക്കുന്ന ഊർജത്തിന്റെ അളവാണ്.

സ്പേഷ്യൽ റെസല്യൂഷൻ:

ഒരു സെൻസറിന് തിരിച്ചറിയാൻ സാധിക്കുന്ന ഭൂതലത്തിലെ ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പമാണ് ആ സെൻസറിന്റെ സ്പേഷ്യൽ റെസല്യൂഷൻ.

വിദൂരസംവേദന സാങ്കേതിക വിദ്യകൊണ്ടുള്ള ഉപയോഗങ്ങൾ:

- കാലാവസ്ഥാ നിർണ്ണയത്തിന്.
- സമുദ്ര പര്യവേക്ഷണത്തിന്.
- ഭൂവിനിയോഗം മനസ്സിലാക്കുന്നതിന്.
- വരൾച്ച, വെള്ളപ്പൊക്കം എന്നിവ ബാധിച്ച പ്രദേശങ്ങൾ കണ്ടെത്തുന്നതിന്.
- കാട്ടുതീ കണ്ടെത്തുന്നതിനും, നിയന്ത്രിക്കുന്നതിനും.
- വിളകളുടെ വിസ്തൃതി, കീടബാധ എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന്.
- എണ്ണ പര്യവേക്ഷണത്തിന്.

ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം (GPS):

ഭൗമോപരിതല വസ്തുക്കളുടെ അക്ഷാംശ - രേഖാംശ സ്ഥാനം, ഉയരം, സമയം എന്നിവ കണ്ടു പിടിക്കാനുപയോഗിക്കുന്ന ഉപകരണമാണ് ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം (GPS).

ഭൂവിവരവ്യവസ്ഥയുടെ പ്രയോജനങ്ങൾ:

- പല ഉറവിടങ്ങളിൽനിന്നുള്ള വിവരങ്ങൾ സംയോജിപ്പിക്കുന്നതിന്.

- വിവരങ്ങൾ എളുപ്പത്തിൽ നവീകരിക്കാനും കൂട്ടിച്ചേർക്കാനും.
- വിഷയാധിഷ്ഠിതപഠനങ്ങൾ നടത്തുന്നതിന്.
- ഭൂതലസവിശേഷതകളെ സ്ഥാനീയമായി പ്രദർശിപ്പിക്കുന്നതിന്.
- ശേഖരിച്ച വിവരങ്ങൾ ഉപയോഗിച്ച് ഭാവി പ്രതിഭാസങ്ങളുടെയും പ്രകിയകളുടെയും
- ദൃശ്യമാതൃകകൾ സൃഷ്ടിക്കുന്നതിന്.
- ഭൂപടങ്ങൾ, പട്ടികകൾ, ഗ്രാഫുകൾ എന്നിവ നിർമിക്കുന്നതിന്.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഭൂവിവര വ്യവസ്ഥയുടെ ഉപയോഗങ്ങൾ എന്തൊക്കെയാണ്?
2. രണ്ട് വ്യത്യസ്ത തരം കൃത്രിമ ഉപഗ്രഹങ്ങൾ ഏതാണ്? ഈ ഉപഗ്രഹങ്ങളുടെ സവിശേഷതകൾ വിശദീകരിക്കുക.
3. വിദൂരസംവേദനം എന്നാൽ എന്ത്
4. പ്രത്യക്ഷ വിദൂരസംവേദനവും പരോക്ഷ വിദൂരസംവേദനവും താരതമ്യം ചെയ്യുക
5. ആകാശിയ വിദൂരസംവേദനത്തിന്റെ പോരായ്മകൾ എന്തൊക്കെയാണ്
6. ആവൃത്തി വിശകലത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്?

# CH :7 വൈവിധ്യങ്ങളുടെ ഇന്ത്യ

## PART-A

### പ്രധാന ആശയങ്ങൾ :

ഉത്തര പർവ്വത മേഖല
ട്രാൻസ് ഹിമാലയം
ഹിമാലയം
കിഴക്കൻ മലനിരകൾ
ഹിമാലയൻ നദികൾ
ഉപദ്വീപിയ നദികൾ
പടിഞ്ഞാറൻ തീരസമതലം
കിഴക്കൻ തീരസമതലം
തെക്ക് പടിഞ്ഞാറൻ മൺസൂൺ
മൺസൂണിന്റെ പിൻവാങ്ങൽ കാലം

<u>ഇന്ത്യ - ഭൂപ്രകൃതി</u>

ഉത്തര പർവ്വത മേഖല

| ഉത്തര പർവ്വത മേഖല | | |
|---|---|---|
| ട്രാൻസ് ഹിമാലയം | ഹിമാലയം | കിഴക്കൻ മലനിരകൾ |
| കാരക്കോറം<br>ലഡാക്ക്<br>സസ്കർ | ഹിമാദ്രി<br>ഹിമാചൽ<br>സിവാലിക് | പത്കായിബം<br>നാഗാ കുന്നുകൾ<br>ഖാസി, ഗാരോ, ജയന്തിയ കുന്നുകൾ<br>മിസോ കുന്നുകൾ |

ഉത്തര പർവ്വത മേഖലയിൽ ട്രാൻസ് ഹിമാലയത്തിന്റെ പ്രാധാന്യം :

- കാരക്കോറം, ലഡാക്ക്, സസ്കർ എന്നീ വപർവ്വതനിരകൾ ചേർന്നത്
- ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ മനണ്ട് K2 സ്ഥിതി ചെയ്യുന്നത് കാരക്കോറം നിരയിൽ.
- ശരാശരി ഉയരം 6,000 മീറ്ററാണ്.

ഹിമാലയം സമാന്തരങ്ങളായ മൂന്ന് പർവത നിരകൾ ഉൾപ്പെട്ടതാണ്. ഓരോന്നിന്റെയും സവിശേഷതകൾ :

| ഹിമാലയം | | |
|---|---|---|
| ഹിമാദ്രി | ഹിമാചൽ | സിവാലീക് |
| "ഏറ്റവും ഉയരം കൂടിയ നിര<br>* ശരാശരി ഉയരം 6,000 മീ<br>* ഗംഗ, യമുന നദികളുടെ ഉത്ഭവസ്ഥാനം<br>* 8000 മീറ്ററിന് മുകളിലുള്ള കൊടുമുടികൾ | * ഹിമാദ്രിയുടെ തെക്ക്<br>*ശരാശരി ഉയരം 3,000 മീ<br>* സുഖവാസ കേന്ദ്രങ്ങൾ കാണപ്പെടുന്നു<br>ഉദാ:;ഷിംല,ഡാർജിലിങ്ങ് | * ഹിമാചലിന് തെക്ക്<br>ശരാശരി ഉയരം 1220 മീ<br>* താഴ്വരകൾ ഇവ ഡൂണുകൾ<br>ഉദാ: ഡെറാഡൂൺ |

ഉത്തര പർവ്വത മേഖലയിൽ കിഴക്കൻ മലനിരകളുടെ പ്രാധാന്യം :

* സമുദ്ര നിരപ്പിൽ നിന്ന് ഏകദേശം 500 മുതൽ 3000 മീറ്റർ വരെ ഉയരമുള്ള പ്രദേശം.
* പൂർവാചൽ എന്നും അറിയപ്പെടുന്നു.
* ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ചിറാപുഞ്ചി ഇവിടെയാണ്.
* നിബിഡ ഉഷ്ണമേഖലാ മഴക്കാടുകൾ കാണപ്പെടുന്നു.

ഹിമാലയൻ നദികൾ:

| ഹിമാലയൻ നദികൾ | ഉത്ഭവസ്ഥാനം | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|
| സിന്ധു | മാനസരോവർ തടാകം(തിബറ്റ്) | അറബിക്കടൽ |
| ഗംഗ | ഗംഗോത്രി ഹിമാനിയിലെ ഗോമുഖ് ഗുഹ | ബംഗാൾ ഉൾക്കടൽ |
| ബ്രഹ്മപുത്ര | ചെമ-യുങ്-തുങ്ഹിമാനി (ടിബറ്റ്) | ബംഗാൾ ഉൾക്കടൽ |

ഉപദ്വീപിയ നദികൾ:

| നദി | ഉത്ഭവം | പ്രധാന പോഷക നദികൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|
| മഹാനദി | സിഹാവ പർവ്വത നിര (ഛത്തീസ്ഗഡ്) | ഇബ്, ടെൽ | ബംഗാൾ ഉൾക്കടൽ |
| ഗോദാവരി | പശ്ചിമഘട്ടം നാസിക് ജില്ല (മഹാരാഷ്ട്ര) | ഇന്ദ്രാവതി,.ശബരി | ബംഗാൾ ഉൾക്കടൽ |
| കൃഷ്ണ | പശ്ചിമഘട്ടം മഹാബലേശ്വർ (മഹാരാഷ്ട്ര) | ഭീമ, തുംഗഭദ്ര | ബംഗാൾ ഉൾക്കടൽ |
| കാവേരി | പശ്ചിമഘട്ടം ബ്രഹ്മഗിരി നിരകൾ (കർണാടകം) | കബനി, അമരാവതി | ബംഗാൾ ഉൾക്കടൽ |

| | | | |
|---|---|---|---|
| നർമ്മദ | അമർകണ്ടക് പർവ്വത നിര (മധ്യ പ്രദേശ് ) | ഹിരൺ, ബൻജൻ | അറബിക്കടൽ |
| താപ്തി | മുൾതായ് പീഠഭൂമി (ബൈതുൽ ജില്ല) | ആനർ, ഗിർന | അറബിക്കടൽ |

ഹിമാലയൻ നദികളുടെയും ഉപദ്വീപീയ നദികളുടെയും സവിശേഷതകൾ ഒരു താരതമ്യ പഠനം :

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| ഹിമാലയ പർവതനിരകളിൽ നിന്നുത്ഭവിക്കുന്നു | ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകളിൽ നിന്നുത്ഭവിക്കുന്നു. |
| അതിവിസ്തൃതമായ വൃഷ്ടി പ്രദേശം | വിസ്തൃതി കുറഞ്ഞ വൃഷ്ടി പ്രദേശം |
| അപരദന തീവ്രത കൂടുതൽ | അപരദന തീവ്രത കുറവ് |
| ഉയർന്ന ജലസേചന ശേഷി | കുറഞ്ഞ ജലസേചന ശേഷി |

ഇന്ത്യയുടെ തീര സമതലങ്ങൾ, അവയുടെ സവിശേഷതകൾ :

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| അറബിക്കടലിനും പശ്ചിമഘട്ടത്തി നുമിടയിൽ | ബംഗാൾ ഉൾക്കടലിനും പൂർവ്വഘ ട്ടത്തിനുമിടയിൽ |
| റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ | സുന്ദരവന പ്രദേശം മുതൽ കന്യാകുമാരി വരെ |
| താരതമ്യേന വീതി കുറവ് | വീതി കൂടുതൽ |
| കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു. | ഡൽറ്റകൾ രൂപം കൊള്ളുന്നു |
| ഗുജറാത്ത് തീരം, കൊങ്കൺതീരം, മലബാർ തീരം. | കോറമാണ്ഡൽ തീരം, വടക്കൻ സിർകാർസ് |

തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലത്തിന്റെ സവിശേഷതകൾ :

* ജൂൺ -സെപ്റ്റംബർ വരെ മാസങ്ങളിലാണ് ഇന്ത്യയിൽ തെക്ക്-പടിഞ്ഞാറൻ മൺസുൺ അനുഭവപ്പെടുന്നത്.
* ഇന്ത്യയുടെ മഴക്കാലം. (60% മുകളിൽ മഴ)
* സൂര്യൻ ഉത്തരാർധ ഗോളത്തിൽ, ഉത്തരേന്ത്യൻ ഭാഗങ്ങളിൽ ശക്തമായന്യൂനമർദം.
* ഇന്ത്യൻ സമുദ്രത്തിന് മുകളിൽ ഉച്ച മർദം
* ഇന്ത്യൻ സമുദ്രത്തിൽ നിന്ന് ഇന്ത്യയിലേക്ക് കാറ്റ് വീശുന്നു.
* കൊറിയോലിസ് പ്രഭാവം കാരണം തെക്ക്-പടിഞ്ഞാറൻ കാറ്റുകളായി ഇന്ത്യയിൽ എത്തിച്ചേരുന്നു.
* 2 ശാഖകളായി പിരിഞ്ഞ് കാറ്റ് ഇന്ത്യയിലേക്ക് പ്രവേശിക്കുന്നു.

(1) അറബിക്കടൽ ശാഖ

(2) ബംഗാൾ ഉൾക്കടൽ ശാഖ

(1) അറബിക്കടൽ ശാഖ:

- ജൂൺ ആദ്യവാരം കേരള തീരത്ത്

- കേരളത്തിൽ വ്യാപക മഴ നല്കി തുടർന്ന് കർണാടകം, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളുടെ പടിഞ്ഞാറൻ ഭാഗങ്ങളിലേക്കു കടക്കുകയും അവിടെ കനത്ത മഴ നല്കുകയും ചെയ്യുന്നു.
- ആരവല്ലിക്ക് സമാന്തരമായി കടന്നുപോകുന്നതിനാൽ രാജസ്ഥാനിൽ വിരളമായി മാത്രമേ മഴ ലഭ്യമാകുന്നുള്ളൂ.
- കേരളത്തിൽ ഈ കാലവർഷം ഇടവപ്പാതി എന്നറിയപ്പെടുന്നു.

(2) ബംഗാൾ ഉൾക്കടൽ ശാഖ :

- ബംഗാൾ ഉൾക്കടലിൽ നിന്നും ഈർപ്പം നിറഞ്ഞ ഈ ശാഖ സുന്ദരവനം ഡൽറ്റ പിന്നിട്ട് പശ്ചിമബംഗാളിൽ പ്രവേശിക്കുന്നു.
- രണ്ടായി പിരിഞ്ഞ് ഒരു ശാഖ ബ്രഹ്മപുത്രാ സമതലത്തിലൂടെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ എത്തി മഴ നല്കുന്നു.
- ഒരു ശാഖ ഗംഗാ സമതലത്തിലൂടെ പശ്ചിമബംഗാൾ, ബീഹാർ, യു.പി എന്നീ സംസ്ഥാനങ്ങളിൽ മഴ നല്കുന്നു.
- പഞ്ചാബ് സമതലത്തിൽ വെച്ച് അറബിക്കടൽ ശാഖയുമായി കൂടിച്ചേർന്ന് വടക്കോട്ട് നീങ്ങി ഹിമാലയത്തിന്റെ അടിവാര മേഖലയിൽ കനത്ത മഴ നൽകുന്നു.

മൺസൂണിന്റെ പിൻവാങ്ങൽ കാലം സവിശേഷതകൾ (വടക്കു-കിഴക്കൻ മൺസൂൺ):

- ഒക്ടോബർ, നവംബർ മാസങ്ങളിൽ
- ഇന്ത്യയുടെ വടക്ക് ഭാഗത്ത് നിന്നും ഇന്ത്യൻ സമുദ്രത്തിലേക്ക് കാറ്റ് വീശുന്നു.
- മഴക്കാലത്തിനും ശൈത്യകാലത്തിനുമിടയിലുള്ള ഒരു ഇടവേള.
- ഉയർന്ന ഊഷ്മാവും ആർദ്രതയും പകൽ സമയങ്ങളെ ദുസ്സഹമാക്കുന്നു. ഈ പ്രതിഭാസം "ഒക്ടോബർ ചൂട് എന്നറിയപ്പെടുന്നു.
- ബംഗാൾ ഉൾക്കടലിലെ ന്യൂനമർദം വടക്ക്- കിഴക്കൻ മൺസൂൺ കാറ്റിനെ ആകർഷിക്കുന്നു.
- ഈ കാറ്റ് ബംഗാൾ ഉൾക്കടലിൽ നിന്നും ഈർപ്പം ആഗിരണം ചെയ്ത് കോറമാണ്ഡൽ തീരത്ത്, പ്ര ത്യേകിച്ച് തമിഴ്നാട് തീരത്ത് കനത്ത മഴ നല്കുന്നു. തമിഴ്നാടിന്റെ പ്രധാന മഴക്കാലം.
- കേരളം, കർണ്ണാടകത്തിന്റെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലും ഈ മഴ ലഭിക്കാറുണ്ട്.
- കേരളത്തിൽ ഈ കാലം "തുലാവർഷം" എന്നറിയപ്പെടുന്നു.

## MAP WORK

താഴെ നല്കിയിരിക്കുന്ന വിവരങ്ങൾ ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക.

### ഉത്തര പർവത മേഖല ഭാഗങ്ങൾ

1)മൗണ്ട് K2 (ഗോഡ്വിൻ ഓസ്റ്റിൻ) 2) ഖാസി, ഗാരോ, ജയന്തിയ കുന്നുകൾ 3) മിസോ കുന്ന് 4) നാഗാ കുന്ന് 5) പാട്കായ്ബംകുന്ന് 6) ചിറാപുഞ്ചി

### ഉപദ്വീപീയ പീഠഭൂമി ഭാഗങ്ങൾ

1) ആരവല്ലി 2) വിന്ധ്യാ 3) സത്പുര പർവ്വതങ്ങൾ 4) പശ്ചിമഘട്ടം 5) പൂർവ്വഘട്ടം 6) മാൾവാ പീഠഭൂമി 7)ഛോട്ടാനാഗ്പൂർ പീഠഭൂമികൾ 8) ഡക്കാൻപീഠഭൂമി.
ഗുജറാത്തിലെ കച്ച്, കത്തിയവാർ പെനിൻസുല

### തീരസമതലങ്ങളുടെ ഭാഗങ്ങൾ

കിഴക്കൻ തീരസമതലം
കോറമാണ്ഡൽ തീരം, വടക്കൻ സിർകാർസ് തീരം
പടിഞ്ഞാറൻ തീര സമതലം
ഗുജറാത്ത് തീരം, കൊങ്കൺ തീരം, മലബാർ തീരം

### ഉപദ്വീപിയൻ നദികൾ

കിഴക്കോട്ടൊഴുകുന്നവ
മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി
പടിഞ്ഞാറോട്ടൊഴുകുന്നവ
നർമദ, താപ്തി

## വിലയിരുത്തൽ ചോദ്യങ്ങൾ

1) ഉത്തര പർവ്വത മേഖലയിൽ ട്രാൻസ് ഹിമാലയത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക ?
2) ഹിമാലയം സമാന്തരങ്ങളായ മൂന്ന് പർവ്വത നിരകൾ ഉൾപ്പെട്ടതാണ്. ഈ 3 പർവത നിരകൾ ഏതൊക്കെ ? ഏതെങ്കിലും ഒന്നിന്റെ സവിശേഷതകൾ എഴുതുക ?
3) കിഴക്കൻ മലനിരകളുടെ പ്രാധാന്യം വ്യക്തമാക്കുക ?
4) ഇന്ത്യയിലൂടെ ഒഴുകുന്ന ഏറ്റവും നീളം കൂടിയ ഹിമാലയൻ നദി ?
5) ഉപദ്വീപീയ നദികളിൽ ഏറ്റവും നീളം കൂടിയ നദി ?
6) ഹിമാലയൻ നദികളുടേയും, ഉപദ്വീപീയ നദികളുടേയും സവിശേഷതകൾ താരതമ്യം ചെയ്ത് പട്ടിക തയ്യാറാക്കുക ?
7) പടിഞ്ഞാറൻ തീരസമതലം, കിഴക്കൻ തീരസമതലം എന്നിവയുടെസവിശേഷതകൾ താരതമ്യം ചെയ്യുക.
8) ഇന്ത്യയിലെ തെക്ക്-പടിഞ്ഞാറൻ മൺസൂൺ കാലത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?
9) ഇന്ത്യയിലെ മൺസൂണിന്റെ പിൻവാങ്ങൽ കാലത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
10) തെക്ക -പടിഞ്ഞാറൻ മൺസൂൺ കാലം കേരളത്തിൽ അറിയപ്പെടുന്നത് ?
11) വടക്ക-കിഴക്കൻ മൺസൂൺകാലം കേരളത്തിൽ അറിയപ്പെടുന്നത് ?
12) ഇന്ത്യയുടെ രൂപരേഖയിൽ താഴെ പറയുന്ന വിവരങ്ങൾ അടയാളപ്പെടുത്തുക.
* ആരവല്ലി * മഹാനദി * ഛോട്ടാനാഗ്പൂർ പീഠഭൂമി * മണ്ട് K2

# CH : 8 ഇന്ത്യ - സാമ്പത്തിക ഭൂമിശാസ്ത്രം

പ്രധാന ആശയങ്ങൾ :
കാർഷിക കാലങ്ങൾ
ഭക്ഷ്യവിളകൾ
ജലഗതാഗതം

## PART A

വ്യത്യസ്തങ്ങളായ കാർഷികവിളകൾ ഇന്ത്യയിൽ കൃഷിചെയുന്നതിന് സഹായകമായ ഭൂമിശാസ്ത്രഘടകങ്ങൾ:

a. ഭൂപ്രകൃതി വൈവിധ്യം b. വൈവിധ്യമാർന്ന ഫലപുഷ്ടിയുള്ള മണ്ണിനങ്ങൾ c. അനുയോജ്യമായ കാലാവസ്ഥ

ഇന്ത്യയിലെ കാർഷിക കാലങ്ങൾ :

| കാർഷിക കാലങ്ങൾ | വിളയിറക്കൽ കാലം | വിളവെടുപ്പ് കാലം | പ്രധാന വിളകൾ |
|---|---|---|---|
| ഖാരിഫ് | ജൂൺ(മൺസൂണിന്റെ ആരംഭം) | നവംബർ ആദ്യവാരം(മൺ സൂണിന്റെ അവസാനം) | നെല്ല്,ചോളം,പരുത്തി,തിനവിളകൾ, ചണം,കരിമ്പ്, നിലക്കടല |
| റാബി | നവംബർ മധ്യം(ശൈത്യകാലാരംഭം) | മാർച്ച് (വേനലിന്റെ ആരംഭം) | ഗോതമ്പ്,പുകയില,കടുക്, പയർവർഗ്ഗങ്ങൾ |

| | | | |
|---|---|---|---|
| സൈദ് | മാർച്ച് (വേനലിന്റെ ആരംഭം) | ജൂൺ (മൺസൂണിന്റെ ആരംഭം) | പഴം, പച്ചക്കറികൾ |

ഇന്ത്യയിലെ കാർഷിക വിളകൾ : ഭക്ഷ്യവിളകൾ

| വിളകൾ | മഴ | താപനില | മണ്ണ് | സംസ്ഥാനങ്ങൾ |
|---|---|---|---|---|
| നെല്ല് | 150 cm | 24 ഡിഗ്രി സെൽഷ്യ | എക്കൽമണ്ണ് | WB,UP,AP |
| ഗോതമ്പ് | 75cm | 10 ഡിഗ്രി -26 ഡിഗ്രി | എക്കൽമണ്ണ് | UP,പഞ്ചാബ്,ഹരിയാന |
| ചോളം | 75cm | ഉഷ്ണകാലത്തും,ശൈത്യകാലത്തും കൃഷി ചെയ്യാം | ഫലദ്രയിഷ്ഠമായ മണ്ണ് | MP,KA,RAJ,UP |

രാജ്യത്ത് ഗതാഗതത്തിന്റെ പ്രാധാന്യം :
ഉൽപ്പാദനമേഖലകളിൽ ആവശ്യമായ അടിസ്ഥാനഘടകങ്ങൾ ഉറപ്പാക്കുന്നതിനും ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിലേക്ക് ആവശ്യാനുസരണം എത്തിക്കുന്നതിനും.

ഇന്ത്യയിലെ ഗതാഗതമാർഗ്ഗങ്ങൾ :
a. റോഡ് b. റെയിൽ c. ജല d. വ്യോമ ഗതാഗതം

ജലഗതാഗതം : മേന്മകൾ

- ഏറ്റവും ചെലവുകറഞ്ഞ മാർഗം
- വൻതോതിലുള്ള ചരക്കുഗതാഗതത്തിന് ഉചിതം
- അന്താരാഷ്ട്രവ്യാപാരത്തിന് ഏറ്റവും യോജിച്ചത്.

ഉൾനാടൻ ജലഗതാഗതം :
നദികൾ,കായലുകൾ,കനാലുകൾ തുടങ്ങിയവയിലൂടെയുള്ള ഗതാഗതം.

സമുദ്രജലഗതാഗതം :
അറബിക്കടൽ,ബംഗാൾ ഉൾക്കടൽ,ഇന്ത്യൻ മഹാസമുദ്രം വഴിയുള്ളത്

ഇന്ത്യയിൽ വൻതോതിൽ ഉൾനാടൻ ജലഗതാഗതത്തെ ആശ്രയിക്കുന്ന മേഖലകൾ :

- ഗംഗാ,ബ്രഹ്മപുത്രാ നദികളും പോഷകനദികളും
- ഗോദാവരി,കൃഷ്ണാ നദികളും പോഷകനദികളും
- ആന്ധ്രാ-തമിഴ്നാട് പ്രദേശത്തെ ബക്കിങ്ഹാം കനാൽ.
- ഗോവയിലെ മാണ്ഡോവി,സുവാരി നദികൾ
- കേരളത്തിലെ കായലുകൾ

ഇന്ത്യയിലെ ദേശീയ ജലപാതകൾ :

ദേശീയ ജലപാത 1(NW1) - ഗംഗാനദിയിൽ അലഹാബാദ് മുതൽ ഹാൽഡിയ വരെ(1620 കി.മീ.)
ദേശീയ ജലപാത 2 (NW 2) - ബ്രഹ്മപുത്ര നദിയിൽ സദിയ മുതൽ ധൂബ്രി വരെ (891 കി.മീ.)
ദേശീയ ജലപാത 3 (NW 3) - കേരളത്തിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള പശ്ചിമതീര കനാൽ (205 കി.മീ.)
ദേശീയ ജലപാത 4 (NW 4) - ഗോദാവരി-കൃഷ്ണ നദികളുമായി ചേർന്ന് കാക്കിനാട മുതൽ പുതുച്ചേരി വരെയുള്ള കനാൽ (1095 കി.മീ.)

ദേശീയ ജലപാത 5 NW 5) - പൂർവതീര കനാലുമായി ബന്ധിപ്പിച്ചുള്ള ബ്രാഹ്മണി-മഹാനദി ഡൽറ്റാ നദീവ്യവസ്ഥ (623 കി.മീ.)

ഇന്ത്യയിലെ പ്രധാന തുറമുഖങ്ങൾ (Map work):

- കണ്ട്ല — തൂത്തുക്കുടി
- മുംബൈ — ചെന്നൈ
- നെവാഷേവ — വിശാഖപട്ടണം
- മർമഗോവ — പാരാദ്വീപ്
- മംഗലാപുരം — ഹാൽഡിയ
- കൊച്ചി — കൊൽക്കത്ത

## PART - B

മുംബൈ പ്രധാന പരുത്തിത്തുണി വ്യവസായ കേന്ദ്രമായി മാറാൻ അനുകൂലമായ സാഹചര്യങ്ങൾ :

- അസംസ്കൃത വസ്തുക്കളുടെ ലഭ്യത
- കുറഞ്ഞനിരക്കിൽ ഊർജ്ജ ലഭ്യത
- മുംബൈ തുറമുഖം കേന്ദ്രീകരിച്ചുള്ള കയറ്റിറക്ക് സാധ്യത
- ശുദ്ധജല ലഭ്യത
- മനുഷ്യവിഭവ ലഭ്യത

വസ്ത്ര നിർമ്മാണ രംഗത്ത് ലോകവ്യാപകമായി ഉപയോഗിക്കുന്നതിനാൽ പരുത്തിയെ 'യൂണിവേഴ്സൽ ഫൈബർ' എന്ന് പറയുന്നു.

- ഇന്ത്യയിലെ ഏറ്റവും വലിയ കൃഷി അധിഷ്ഠിത വ്യവസായം ആണ് പരുത്തി വ്യവസായം
- ഇന്ത്യയിലെ ഏറ്റവും പ്രധാന പരുത്തിത്തുണി ഉൽപാദന കേന്ദ്രമായ മുംബൈ നഗരത്തെ കോട്ടണോപോളിസ് എന്ന് വിശേഷിപ്പിക്കുന്നു.

പരുത്തിത്തുണി വ്യവസായങ്ങളുടെ സ്ഥാനനിർണയം ഘടകങ്ങൾ:

- അസംസ്കൃത വസ്തുക്കളുടെ ലഭ്യത
- ജലലഭ്യത
- ഗതാഗതസൗകര്യങ്ങൾ
- കയറ്റുമതി സൗകര്യങ്ങൾ
- തൊഴിലാളികളുടെ ലഭ്യത

ഇന്ത്യയിലെ പ്രധാന ഇരുമ്പുരുക്ക വ്യവസായശാലകൾ :

- ടാറ്റാ ഇരുമ്പുരുക്ക് കമ്പനി - ഏറ്റവും വലിയ സ്വകാര്യ മേഖല ഇരുമ്പുരുക്ക് ശാല
- ഇന്ത്യൻ അയൺ ആൻഡ് സ്റ്റീൽ കമ്പനി - പൊതുമേഖലയിലെ ആദ്യ ഇരുമ്പുരുക്ക് ശാല
- വിശ്വേശ്വരയ്യ അയൺ ആൻഡ് സ്റ്റീൽ വർക്ക് ലിമിറ്റഡ് - ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഇരുമ്പുരുക്ക് ശാല

- HSL ( ഭിലായി) - റഷ്യയുടെ സാങ്കേതിക സഹായത്തോടെ
- HSL (റൂർക്കേല) - ജർമ്മനിയുടെ സഹായത്തോടെ
- HSL ( ദുർഗാപൂർ) - യു.കെ യുടെ സഹായത്തോടെ
- ബൊക്കാറോ സ്റ്റീൽ ലിമിറ്റഡ് - റഷ്യയുടെ സഹായത്തോടെ

## വിലയിരുത്തൽ ചോദ്യങ്ങൾ

1. കേരളത്തിൽ ഗോതമ്പ് കൃഷി ചെയ്യാത്തത് എന്തുകൊണ്ട്?
2. പരുത്തി കൃഷിയുടെ വളർച്ചക്കാവശ്യമായ ഭൂമിശാസ്ത്ര ഘടകങ്ങൾ എന്തൊക്കെ?
3. മുംബൈ പ്രധാന പരുത്തിത്തുണി വ്യവസായ കേന്ദ്രമായി മാറാൻ അനുകൂലമായ സാഹചര്യങ്ങൾ എന്തെല്ലാം
4. ഇരുമ്പുരുക്ക് വ്യവസായ ത്തിൻറെ സ്ഥാനനിർണയം ഘടകങ്ങൾ എന്തൊക്കെ?
5. ഇന്ത്യയിലെ പ്രധാന പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഏതൊക്കെ? അവയുടെ മേന്മകൾ എന്തൊക്കെ ?

# CH: 9 ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും

പ്രധാന ആശയങ്ങൾ :

## PART - A

ഭാരതീയ റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ :

a) നോട്ട് അച്ചടിച്ചിറക്കൽ: ഒരു രൂപ ഒഴിച്ചുള്ള എല്ലാ നോട്ടുകളും അടിച്ചിറക്കുന്നത് RBI.
b) വായ്പ നിയന്ത്രിക്കൽ: പലിശനിരക്കിൽ മാറ്റം വരുത്തിയാണ് RBI വായ്പാ നിയന്ത്രിക്കുന്നത്.
c) സർക്കാരിന്റെ ബാങ്ക്: കേന്ദ്ര- സംസ്ഥാന സർക്കാറുകളുടെ ബാങ്കായി പ്രവർത്തിക്കുന്നു. സർക്കാറുകളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പ നൽകുകയും ചെയ്യുന്നു.
d) ബാങ്കുകളുടെ ബാങ്ക്: ബാങ്കുകളുടെയും അമരക്കാരൻ എല്ലാ. ബാങ്കുകളുടെ പ്രവർത്തനങ്ങളെ സഹായിക്കുകയും ഉപദേശം നൽകുകയും ചെയ്യുന്നു.

വാണിജ്യബാങ്കുകളുടെ ധർമ്മങ്ങൾ :

- നിക്ഷേപങ്ങൾ സ്വീകരിക്കുക
- വായകൾ നൽകുക

നിക്ഷേപങ്ങൾ നാല് തരം :

1. സമ്പാദ്യനിക്ഷേപം :
- സമ്പാദ്യ ശീലം വളർത്തുക എന്നത് ലക്ഷ്യം
- കുറഞ്ഞ പലിശ ലഭിക്കുന്നു
- നിയന്ത്രണങ്ങൾക്ക് വിധേയമായി പണം പിൻവലിക്കാം
2. പ്രചലിതനിക്ഷേപം :
- വ്യാപാരികളും വ്യവസായികളും ആണ് കൂടുതൽ ഉപയോഗിക്കുന്നത്
- നിക്ഷേപത്തിന് പലിശ ഇല്ല

- ഒരു ദിവസം തന്നെ ധാരാളം പ്രാവശ്യം  നിക്ഷേപിക്കാനും പിൻവലിക്കാനും അവസരം

3. സ്ഥിര നിക്ഷേപം :

- നിശ്ചിത കാലയളവിലേക്ക് പണം  നിക്ഷേപിക്കാം
- കാലാവധി അടിസ്ഥാനമാക്കിയാണ് പലിശ നിരക്ക് നിശ്ചയിക്കുന്നത്

4. ആവർത്തിത നിക്ഷേപം:
    - ഒരു നിശ്ചിത തുക വീതം എല്ലാ മാസവും ഒരു പ്രത്യേക കാലയളവിലേക്ക് നിക്ഷേപിക്കുന്നത്
    - സ്ഥിര നിക്ഷേപത്തെ കാൾ പലിശ നിരക്ക് കുറവായിരിക്കും

വായ്പകൾ :

1) പണവായ്പ :  ഈടുകൾ സ്വീകരിച്ച് ബാങ്കുകൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും  നൽകുന്ന വായ്പ.
2) ഓവർഡ്രാഫ്റ്റ് :- വ്യക്തികളുടെ ബാങ്ക് അക്കണ്ടിലുള്ള തുകയേക്കാൾ കൂടുതൽ പണം പിൻവലിക്കാനുള്ള അവസരമാണിത്.

ബാങ്കിംഗ് രംഗത്തെ ആധുനിക പ്രവണതകൾ:

a) ഇലക്ട്രോണിക് ബാങ്കിങ് :
 ബാങ്കിങ് സേവനം ഏതു ബാങ്ക് വഴിയും ലഭിക്കുന്നത് എളുപ്പമാക്കി( ബാങ്കുകളുടെ കമ്പ്യൂട്ടർവൽക്കരണം, എടിഎം സൗകര്യം)
നെറ്റ് ബാങ്കിങ്ങിലൂടെയും ടെലി ബാങ്കിങ്ങിലൂടെയും  ഇടപാടുകളും നടത്താൻ കഴിയുന്ന രീതിയാണ്.
എല്ലാ സമയത്തും ബാങ്കിങ്,എല്ലായിട; ങ് ,നെറ്റ് ബാങ്കിങ്,മൊബൈൽഫോൺ ബാങ്കിങ് എന്നിവ
ഇതിന്റെ ഭാഗമാണ്.
b) കോർ ബാങ്കിങ് : എല്ലാ ബാങ്കുകളുടെയും ശാഖകൾ ഒരു  സെൻട്രൽ സർവറിന്റെ കീഴിൽ കൊണ്ടുവന്ന് ബാങ്കിങ് സേവനങ്ങൾ ഒരു ബാങ്കിൽനിന്ന് മറ്റൊരു ബാങ്കിലേക്ക് ക്രമീകരിച്ചിട്ടുള്ള
സൗകര്യമാണ്.

ഇലക്ട്രോണിക് ബാങ്കിങ്ങിന്റെ പ്രയോജനങ്ങൾ:

a) വീട്ടിൽനിന്നുതന്നെ ലോകത്തെവിടെയും  പണം അയക്കാനും, ബില്ലുകൾ അടയ്ക്കാനും കഴിയും.
b) സർവീസ് ചാർജ് കുറവാണ്
c) കുറഞ്ഞ സമയം മതിയാകും.

## PART - B

ബാങ്കുകൾ സ്വീകരിക്കുന്ന ഈടുകൾ:

a) ഭൗതിക ആസ്തികൾ
b) സ്ഥിരനിക്ഷേപ പത്രങ്ങൾ
c) ശമ്പള പത്രം

സഹകരണ ബാങ്കുകളുടെ പ്രധാന ഉദ്ദേശങ്ങൾ :

- ജനങ്ങൾക്ക് വായ്പ നൽകുക
- സ്വകാര്യ പണം ഇടപാടുകാരിൽ നിന്ന് ഗ്രാമീണരെ രക്ഷിക്കുക
- കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുക
- ജനങ്ങളിൽ സമ്പാദ്യ ശീലം വളർത്തുക

മൈക്രോ ഫിനാൻസ്, പ്രധാന ലക്ഷ്യങ്ങൾ:

- സമ്പാദ്യ ശീലം വളർത്തുക
- അംഗങ്ങൾക്ക് വായ്പ നൽകുക
- ചെറുകിട സംരംഭങ്ങൾ ആരംഭിക്കുക
- സാധാരണക്കാർക്ക് വായ്പ നൽകുക
- പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്താൻ സഹായിക്കുക

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഭാരതീയ റിസർവ് ബാങ്കിൻറെ ധർമ്മങ്ങൾ എന്തൊക്കെ? വിശദമാക്കുക.
2. സ്ഥിരനിക്ഷേപം, സമ്പാദ്യ നിക്ഷേപത്തിൽ നിന്നും എങ്ങിനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
3. ബാങ്കിംഗ് രംഗത്തെ ആധുനിക പ്രവണതകൾ ഏതൊക്കെ?
4. ഇലക്ട്രോണിക് ബാങ്കിംഗ്, ഇടപാടുകാർക്ക് എങ്ങിനെയൊക്കെ സഹായകരം ആകാം?
5. വികസന ബാങ്കുകളുടെ പ്രധാന സവിശേഷതകൾ എന്തൊക്കെ?
6. മൈക്രോ ഫിനാൻസ് പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെ?

## CH: 10 ഉപഭോക്താവ് : സംതൃപ്തിയും സംരക്ഷണവും

### പ്രധാന ആശയങ്ങൾ :

- 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമം
- ഭരണതലത്തിൽ സംവിധാനങ്ങൾ

1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമം :

- ജീവനും സ്വത്തിനും ഹാനികരമാകുന്ന സാധനങ്ങളുടെ വിപണനം ചെയ്യുന്നതിൽ നിന്ന് സംരക്ഷണം ലഭിക്കുന്നതിനുള്ള അവകാശം
- സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണമേന്മ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം
- ന്യായവിലക്ക് സാധനവും സേവനവും ലഭിക്കാനുള്ള അവകാശം
- അധികാരികളുടെ മുമ്പിൽ തങ്ങിനിൽക്കും പരിഹാരം നേടാനുള്ള അവകാശം
- ഉപഭോക്തൃ വിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം

ഭരണതലത്തിൽ സംവിധാനങ്ങൾ :

ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള വകുപ്പുകളും സ്ഥാപനങ്ങളും

| | |
|---|---|
| ലീഗൽ മെട്രോളജി വകുപ്പ് | അളവുതൂക്ക നിലവാരം ഉറപ്പുവരുത്തുന്നു |
| ഭക്ഷ്യസുരക്ഷാ വകുപ്പ് | ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നു |
| കേന്ദ്ര ഔഷധ വില നിയന്ത്രണ കമ്മിറ്റി | മരുന്നുകളുടെ വില നിയന്ത്രിക്കുന്നു |
| ഡ്രഗ്സ് കൺട്രോൾ വകുപ്പ് | മരുന്നുകളുടെ ഗുണമേന്മ സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നു |
| ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് | ഉല്പാദനം വിതരണം വിൽപ്പന സംഭരണം ഇറക്കുമതി തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം |

| | |
|---|---|
| ഇന്ത്യ | ഉറപ്പാക്കുന്നു. |

സാധനങ്ങളുടെയും സ്ഥാപനങ്ങളുടേയും ഗുണമേന്മ ഉറപ്പുവരുത്താൻ ഉപഭോക്താവിനെ സഹായിക്കുന്ന ചിഹ്നങ്ങൾ :

ISI : ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് (BIS ) ഉൽപ്പന്നങ്ങളുടെ നിശ്ചിത ഗുണനിലവാരം ഉറപ്പാക്കുന്നതിന് ISI മുദ്ര നൽകുന്നു

ISO : ഇൻറർ നാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ ഇന്ത്യയടക്കം 120 ലധികം രാഷ്ട്രങ്ങളിലെ സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നു.

BIS: സ്വർണാഭരണങ്ങളുടെ പരിശുദ്ധി സൂചിപ്പിക്കുന്നു

CE : ഇലക്ട്രോണിക് ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സുരക്ഷാ സാക്ഷ്യപ്പെടുത്തുന്നതിന് ഈ ചിഹ്നം അന്തർദേശീയമായി ഉപയോഗിക്കുന്നു.

AGMARK :കാർഷിക വന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ആത്മാർത്ഥ എന്നറിയപ്പെടുന്ന ഈ ചിഹ്നം ഉപയോഗിക്കുന്നു.

FPO: പഴവർഗ്ഗങ്ങളിൽ നിന്നും പച്ചക്കറികളിൽ നിന്നും ഉള്ള ഉൽപ്പന്നങ്ങളുടെ സുരക്ഷിത സുരക്ഷിതത്വവും നിലവാരവും സാക്ഷ്യപ്പെടുത്തുന്നു ഫുഡ് പ്രോഡക്റ്റ് ഓർഡർ എന്നതിൻറെ ചുരുക്കരൂപമാണ്.

## PART- B

ഉപഭോക്തൃ കോടതികൾ :

| | | |
|---|---|---|
| ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം | ജില്ലാതലത്തിൽ പ്രവർത്തിക്കുന്നു പ്രസിഡൻറ് രണ്ട് അംഗങ്ങളും ഒരു അംഗം എങ്കിലും വനിത | 20 ലക്ഷം രൂപ വരെയുള്ളവ |
| സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ | സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു. പ്രസിഡണ്ടും 2 അംഗങ്ങളും ഒരു അംഗം എങ്കിലും വനിത. | 20 ലക്ഷം -1 കോടി |
| ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ | ദേശീയതലത്തിൽ പ്രവർത്തിക്കുന്നു പ്രസിഡൻറും നാലിൽ കുറയാത്ത അംഗങ്ങളും. | 1 കോടി രൂപയ്ക്ക് |

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്ന സ്ഥാപനം ഏത് ?
2. 1986 ലെ ഉപഭോക്ത സംരക്ഷണ നിയമത്തിലെ അവകാശങ്ങളിൽ പ്രധാനപ്പെട്ടവ ഏതെല്ലാം?
3. ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ഘടന എപ്രകാരമാണ്?
4. AGMARK എന്ന ചിഹ്നത്തിന്റെ ഉപയോഗം എന്ത് ?

..............................................................................................................................................................................................................